POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ


വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 32-33

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ആഗസ്റ്റ് 10- 17/ഹി:ശം:1396 സുഹൂർ 10-17/ഹി:ഖ: 1438 ദുൽഖഅദ് 17-24


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 07-07-2017നും 14-07-2017നും മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ (ലണ്ടൻ)നിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിലും 7ാം പേജിലും വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴുംഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ജീവൽ ദൈവത്തിന്റെ ജീവസ്സുറ്റ ശക്തി മനുഷ്യൻ കാണാത്തിടത്തോളം ശെയ്ത്വാൻ അവന്റെ മനസ്സിൽ നിന്ന് പുറത്തു പോവുകയോ യഥാർഥ തൗഹീദ് അവന്റെയുള്ളിൽ കടക്കുകയോ ദൃഢമായ നിലയിൽ ദൈവത്തിന്റെ ആസ്തിക്യം ബോധ്യപ്പെടുകയോ ഇല്ലെന്നുള്ളതാണ വസ്തുത. ഈ പരിശുദ്ധവും പരിപൂർണവുമായ തൗഹീദ് നബി(സ) തിരുമേനി മുഖേന മാത്രമാണ് ലഭിക്കുന്നത്.**

---

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഞാൻ എപ്പോഴും അത്ഭുത ദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്ന് പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്വലാമും അവിടത്തെമേൽ വർഷിക്കുമാറാകട്ടെ) എത്രമേൽ ഉൽകൃഷ്ട പദവിയാണ് നബിയാണ്! അവിടത്തെ ഔന്നിത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല.

അഹോ കഷ്ടം! അവിടത്തെ യഥാർഥപദവി അതർഹിക്കും വിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നു തികച്ചും അപ്രത്യക്ഷമാക്കിക്കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകമാരെക്കാളും ശ്രേഷ്ഠത്വം ദൈവം അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു. എല്ലാ ഉദാരതയുടേയും ഉത്ഭവസ്ഥാനം അദ്ദേഹം തന്നെയാണ്. അദ്ദേഹത്തിന്റെ ഉദാരത അംഗീകരിക്കാതെ ഏതെങ്കിലും മേന്മ ആരെങ്കിലും അവകാശപ്പെട്ടാൽ അവൻ മനുഷ്യനല്ല. മറിച്ച് ശയ്ത്വാന്റെ സന്തതിയാണ്. കാരണം സകല മേന്മയുടേയും താക്കോൽ അദ്ദേഹത്തിന് നല്കപ്പെട്ടിരിക്കുന്നു. ദിവ്യജ്ഞാനത്തിന്റെ എല്ലാ ഖജനാവുകളും അദ്ദേഹത്തിന് ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹം മുഖേന അത് പ്രാപിച്ചിട്ടില്ലാത്തവൻ എന്നെന്നും അവഗണിക്കപ്പെട്ടവനായിരിക്കും. നാം എന്തു വസ്തുവാണ് എന്തർഥമാണ് നമുക്കുള്ളത്? ഈ നബി മുഖേനയാണ് യഥാർഥമായ തൗഹീദ് നാം പ്രാപിച്ചതെന്നും, ജീവനുള്ള ദൈവത്തെ നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞത് പരിപൂർണനായ ഇതേ നബി മുഖേനയാണെന്നും ദൈവത്തിന്റെ ഭാഷണങ്ങൾ ശ്രവിച്ച് അവന്റെ മുഖം കാണാൻ ഭാഗ്യമുണ്ടായത് മഹാനായ ഇതേ നബി മുഖേനയാണെന്നും സമ്മതിക്കുന്നില്ലെങ്കിൽ നാം നന്ദികെട്ടവരായിത്തീരും. ഈ സന്മാർഗസൂര്യന്റെ കിരണങ്ങൾ വെയിലെന്നപോലെ നമ്മളിൽ പതിക്കുന്നു. അതിനുനേരെ നിൽക്കുന്നിടത്തോളം നമുക്ക് പ്രദീപ്തരായിരിക്കാൻ കഴിയും.

നബി(സ) തിരുമേനിയിൽ വിശ്വസിക്കാത്ത ഒരാൾ അല്ലെങ്കിൽ ഇസ്ലാംമതത്തിൽനിന്ന് പുറത്തുപോയ ഒരാൾ ഏകദൈവ വിശ്വാസത്തിൽ നിലകൊള്ളുകയും ദൈവത്തെ ഏകനും പങ്കുകാരനില്ലാത്തവനുമായി കരുതുന്നതുകൊണ്ട് മോക്ഷം പ്രാപിക്കുമെന്നും നിഷേധിക്കുന്നത് കൊണ്ടോ ഇസ്ലാമിനെ ഉപേക്ഷിച്ചതിനാലോ ഒരു കുഴപ്പവും സംഭവിക്കാനില്ലെന്ന ധാരണയിൽ ശാഠ്യം പിടിച്ചു നിൽക്കുന്നവർ - അബ്ദുൽ ഹക്കീം ഖാന്റെ മതം പോലെ - സാക്ഷാൽ തൗഹീദിന്റെ യാഥാർഥ്യം അറിയാത്തവനാണ്. ഈ രീതിയിൽ ശയ്ത്വാനും അല്ലഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കുന്നുണ്ടെന്ന് പലപ്രാവശ്യം നാം എഴുതിയിട്ടുണ്ട്. എന്നാൽ, ദൈവത്തെ ഏകനെന്ന് കരുതിയതുകൊണ്ട് മാത്രം മോക്ഷം പ്രാപിക്കാൻ സാധ്യമല്ല. മോക്ഷം രണ്ട് കാര്യത്തിൽ നിക്ഷിപ്തമാണ്. ഒന്ന്, പരിപൂർണ ദൃഢതയോടെ അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ ഏകത്വത്തിലും വിശ്വസിക്കുക. രണ്ടാമതായി പ്രതാപവാനായ അല്ലാഹുവിനോടുള്ള സ്നേഹം അവന്റെ മനസ്സിൽ തറച്ചിട്ടുണ്ടായിരിക്കുക. അതായത് ആ സ്നേഹത്തിന്റെയും, ആധിപത്യത്തിന്റെയും ആധിക്യത്തിന്റേയും ഫലമായി അല്ലാഹുവിനോടുള്ള അനുസരണം ശരിയായനിലയിൽ അവന്റെ മനസ്സിന് സന്തോഷപ്രദമായിത്തീരുകയും അതുകൂടാതെ അവന്ന് ജീവിക്കാനൊക്കാത്ത ഒരു നില കൈവരിക്കുകയും അവനോടുള്ള സ്നേഹത്തിനു മുമ്പിൽ മറ്റെല്ലാ സ്നേഹവും നിഷ്പ്രഭമായിത്തീരുകയും ചെയ്യുന്നരീതിയിലുള്ള സമ്പൂർണ്ണസ്നേഹം ഇതാണ് യഥാർഥ തൗഹീദ്. ഇത് നമ്മുടെ മാതൃകാപുരുഷനും യജമാനരുമായ ഹസ്റത്ത് മുഹമ്മദ് സ്വല്ലല്ലാഹു അലയ്ഹിവ സല്ലമയെ പിന്തുടരാതെ ഒരിക്കലും ലഭിക്കുകയില്ല. എന്തുകൊണ്ട് ലഭിക്കുകയില്ല? കാരണം അല്ലാഹുവിന്റെ അസ്തിത്വം അദൃശ്യത്തിൽ അദൃശ്യവും സർവ്വാതീതവും അങ്ങേയറ്റം മറഞ്ഞിരിക്കുന്നതുമാണ്. ഇതിനെ സ്വശക്തികൊണ്ട് മനുഷ്യബുദ്ധിയ്ക്കന്വേഷിച്ച് കണ്ടെത്താൻ കഴിയില്ല. ബുദ്ധിപരമായ ഒരു തെളിവും അവന്റെ അസ്തിത്വത്തിന് അഖണ്ഡിതമായ തെളിവാകുക സാധ്യവുമല്ല. എന്തുകൊണ്ടെന്നാൽ ബുദ്ധിയുടെ ഓട്ടവും അധ്വാനവും ഈ പ്രപഞ്ചത്തിലെ ശില്പങ്ങൾ കണ്ട് ശില്പിയുടെ ആവശ്യകത മനസ്സിലാക്കാൻവരെ മാത്രമേ ഉപകരിക്കുകയുള്ളൂ. എന്നാൽ, ആവശ്യകത ബോധ്യപ്പെടുക എന്നത് മറ്റൊരു കാര്യമാണ്. ദൈവത്തിന്റെ ആവശ്യകത അംഗീകരിച്ച് അനുമാനജ്ഞാനത്തിന്റെ നിലപ്രാപിക്കുകയെന്നതും ആ ദൈവം ഉണ്ട് എന്ന അനുഭവജ്ഞാനത്തിന്റെ നിലയിലെത്തുന്നതും രണ്ടും രണ്ടാണ്. ബുദ്ധിയുടെ വഴി അപര്യാപ്തവും അപൂർണവും സംശയമുളവാക്കുന്നതുമാണ്. അതുകൊണ്ടുതന്നെ ഒരു തത്ത്വചിന്തകനും ബുദ്ധിമാത്രം പ്രയോഗിച്ച് ദൈവത്തെ കണ്ടെത്താൻ സാധിക്കുകയില്ല. എന്നുമാത്രമല്ല, ബുദ്ധികൊണ്ട് ദൈവത്തെ അറിയാൻ ആഗ്രഹിക്കുന്ന അത്തരക്കാരിലധികവും അവസാനം നിരീശ്വരവാദികളായി തീരുകയും ചെയ്യുന്നു. ഭൂമിയിലും ആകാശങ്ങളിലുമുള്ള വസ്തുക്കളുടെ ചിന്ത അവർക്ക് പ്രയോജനമൊട്ടും ചെയ്യുന്നില്ല. അവർ ദൈവത്തിന്റെ പരിപൂർണരായ മനുഷ്യരെ പരിഹസിക്കാനും നിന്ദിക്കാനും തുടങ്ങുന്നു. അവരെന്താണ് ഇതിന് തെളിവായി പറയുന്നത്. നമുക്ക് പ്രയോജനമൊന്നും ചെയ്യാത്ത ആയിരക്കണക്കിന് വസ്തുക്കൾ ലോകത്തുണ്ട്. ഇവയിൽ നമ്മുടെ ബുദ്ധിപരമായ അന്വേഷണം കൊണ്ട് ഒരു സ്രഷ്ടാവിന്റെ വിവരം നൽകുന്ന രീതിയിലുള്ള വസ്തുക്കളൊന്നും സ്ഥാപിതമായിട്ടില്ല. എന്നുമാത്രമല്ല, ആ വസ്തുക്കളുടെ നിലനിൽപുതന്നെ കേവലം നി രർഥകവും അയഥാർഥവുമായ നിലയിലാണ് നമ്മൾ കാണുന്നത്. അഹോ കഷ്ടം! ഒരു വസ്തുവിനെക്കുറിച്ചുള്ള അറിവിന്റെ അഭാവം ആ വസ്തു ഇല്ലെന്നതിലേക്ക് തെളിവല്ലെന്ന് അജ്ഞരായ ഇവർ അറിയുന്നില്ല. തങ്ങളെ ഒന്നാം കിട ബുദ്ധിമാന്മാരും തത്ത്വചിന്തകരുമായി മനസ്സിലാക്കുന്നവരും ദൈവാസ്തിക്യത്തെ കഠിനമായി നിഷേധിക്കുന്നവരുമായ ഇത്തരമാളുകൾ ഇക്കാലത്ത് ലക്ഷക്കണക്കിനുണ്ട്. ബുദ്ധിപരമായുള്ള എന്തെങ്കിലും ശക്തമായ തെളിവ് അവർക്ക് കിട്ടിയിരുന്നെങ്കിൽ അവർ ദൈവാസ്തിക്യത്തെ നിഷേധിക്കുമായിരുന്നില്ലെന്ന് വ്യക്തമാണ്. പ്രതാപവാനായ ദൈവത്തിന്റെ ആസ്തിക്യം സ്ഥാപിക്കുന്ന സംശയരഹിതമായ എന്തെങ്കിലും ബുദ്ധിപരമായ തെളിവ് അവരെ കുറ്റവാളികളാക്കിയിരുന്നെങ്കിൽ, അവരെ കടുത്ത ലജ്ജ ഇല്ലായ്മയോടും മുരത്ത പരിഹാസത്തോടും നിറഞ്ഞ നിന്ദ്യതയോടുംകൂടി ദൈവാസ്തിക്യത്തെ നിഷേധിക്കുന്നവരാകുമായിരുന്നില്ല. തത്ത്വചിന്തകരുടെ വഞ്ചിയിലിരുന്ന് സംശയങ്ങളുടെ കൊടുങ്കാറ്റിൽനിന്ന് രക്ഷപെടാൻ ആർക്കും സാധ്യമല്ല. എന്നുമാത്രമല്ല മുങ്ങിപ്പോവുകയും ചെയ്യും. ഒരിക്കലുമൊരിക്കലും പവിത്രമായ ഏകദൈവവിശ്വാസത്തിന്റെ ശർബത്ത് അവർക്ക് കിട്ടുകയില്ല. നബി(സ) തിരുമേനിയുടെ ഇടനിലകൂടാതെ തൗഹീദ് ലഭ്യമാക്കുന്നതാണെന്നും അതുകൊണ്ട് മനുഷ്യന് മോക്ഷം പ്രാപിക്കാവുന്നതാണെന്നുമുള്ള ധാരണ എത്രമാത്രം നിരർഥകവും ദുർഗന്ധം വമിക്കുന്നതുമാണെന്ന് ചിന്തിച്ചുനോക്കുക വിവരമില്ലാത്തവരേ, ദൈവാസ്തിക്യത്തിൽ പരിപൂർണ വിശ്വാസമില്ലാതെ അവന്റെ തൗഹീദിൽ എങ്ങനെയാണ് വിശ്വാസമുണ്ടാകുന്നത്. യഥാർഥ തൗഹീദ് നബിമുഖേന മാത്രമേ ലഭ്യമാകുകയുള്ളുവെന്ന് ഉറച്ച് മനസ്സിലാക്കുക. ഏതുപോലെ എന്നാൽ നമ്മുടെ നബി(സ) അറേബ്യയിലെ നിരീശ്വരവാദികളേയും വികലമായ മതങ്ങളേയും ആയിരക്കണക്കിന് ദൈവിക അടയാളങ്ങൾ കാണിച്ച് അല്ലാഹുവിന്റെ ആസ്തിക്യം ബോധ്യപ്പെടുത്തുകയുണ്ടായി. നബി(സ) തിരുമേനിയെ സത്യമായ നിലയിലും പരിപൂർണമായ രീതിയിലും അനുധാവനം ചെയ്യുന്നവർ ഇപ്പോഴും ആ അടയാളങ്ങൾ നിരീശ്വരവാദികളുടെ മുമ്പിൽ സമർപ്പിക്കുന്നു. ജീവൽ ദൈവത്തിന്റെ ജീവസുറ്റ ശക്തി മനുഷ്യൻ കണാത്തിടത്തോളം ശയ്ത്വാൻ അവന്റെ മനസ്സിൽനിന്ന് പുറത്തുപോവുകയോ യഥാർഥ തൗഹീദ് അവന്റെ ഉള്ളിൽ കടക്കുകയോ ദൃഢമായ നിലയിൽ ദൈവത്തിന്റെ ആസ്തിക്യം ബോധ്യപ്പെടുകയോ ഇല്ലെന്നുള്ളതാണ് വസ്തുത. ഈ പരിശുദ്ധവും പരിപൂർണവുമായ തൗഹീദ് നബി(സ) തിരുമേനി മുഖേന മാത്രമാണ് ലഭിക്കുന്നത്.

◆

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജർമൻ പര്യടനം ഏപ്രിൽ 2017

- ഖലീഫത്തുൽ മസീഹിന്റെ വാക്കുകൾ എന്റെ ഹൃദയത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തി. ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ ഇത്ര മനോഹരവും സുന്ദരവുമാണെന്ന് എനിക്കറിയില്ലായിരുന്നു.
- ഇന്നിവിടെ വന്ന് ഖലീഫത്തുൽ മസീഹിനെ കാണുകയും പ്രസംഗങ്ങൾ ദർശിക്കുകയും ചെയ്തതിനു ശേഷം സവിശേഷമായ അത്മീയാനുഭവം എനിക്കുണ്ടായി.അതിന്റെ സ്വാധീന ഫലമായി എന്റെ മനസ്സിലുണ്ടായിരുന്ന ഭയങ്ങൾ നീങ്ങിപ്പോയിരിക്കുന്നു.
- എല്ലാ മുസ്‌ലിംകളും ഇങ്ങനെയായിരുന്നെങ്കിൽ ! ഖലീഫയുടെ മുഖത്ത് പ്രകാശവും ക്ഷമയും ശാന്തിയും പ്രകടമാണ്.
- ശാന്തനിർഭരമായ അനുഗൃഹീത മുഖം ഗഹനമായ സ്വാധീനം ഹൃദയത്തിലുണ്ടാക്കിയിരിക്കുന്നു.അദ്ദേഹത്തിന്റെ വ്യക്തിത്വം തന്നെ സമ്പൂർണ ഹൃദയഹാരിയാണ്. അദ്ദേഹത്തിന്റെ പ്രസംഗവും ഇതര പ്രസംഗകരുടെ വാക്കുകളെ കുറിച്ചുള്ള അവലോകന രീതിയും വളരെ ഇഷ്ടപ്പെട്ടു.
- ആദരണീയ ഖലീഫത്തുൽ മസീഹ് ഏതു സാഹചര്യത്തിലും ഇസ്‌ലാമിന്റെ യഥാർഥവും സമാധാനപൂർണവുമായ ചിത്രം നല്കുന്നതിൽ മടി കാണിക്കുന്നില്ലായെന്നത് എന്നിൽ വലിയ സ്വാധീനമുണ്ടാക്കി.
- ആദരണീയ ഖലീഫത്തുൽ മസീഹ് യുക്തി സമ്പൂർണനായ വ്യക്തിത്വമാണ്. അദ്ദേഹം തന്റെ ജമാഅത്തംഗങ്ങളെ വളരെയധികം സ്നേഹിക്കുന്നുവെന്ന് എനിക്ക് മനസ്സിലാകുന്നു.
- ആദരണീയ ഖലീഫത്തുൽ മസീഹിൽ നിന്ന് ശാന്തിയുടെ കിരണങ്ങൾ പുറപ്പെടുന്നു. അദ്ദേഹം ബഹുമാനാദരങ്ങളോടു കൂടിയ മനുഷ്യനാണെന്ന് തോന്നുന്നു.

**(ഹുസൂർ അൻവർ അയ്യദഹുല്ലായുടെ പ്രഭാഷണം ശ്രവിച്ച അതിഥികളുടെ പ്രതികരണങ്ങൾ)**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

### 2017 ഏപ്രിൽ 10
### മുൻ റിപ്പോർട്ടിന്റെ തുടർച്ച.

നമ്മുടെ എം.പി. സാഹിബ പറഞ്ഞത് ശരിയാണ്. അവരുടെ അഭിപ്രായപ്രകടത്തിന് നന്ദി പറയുന്നു. പരസ്പരം മനസ്സിലാക്കിക്കൊണ്ടാണ് ജനങ്ങൾ ഇവിടെ കഴിയുന്നതെന്ന് അവർ പറഞ്ഞു. അഹ്മദിയ്യാ ജമാഅത്തും അങ്ങനെയാണ് ജീവിക്കുന്നത്. പള്ളിനിർമാണത്തിനു ശേഷം ഈ അവസ്ഥയിൽ കൂടുതൽ അഭിവൃദ്ധിയുണ്ടാകുന്നതാണ്. ഇൻശാ അല്ലാഹ്.

ഞങ്ങൾ ലോകത്ത് എല്ലായിടത്തും സംഘർഷങ്ങൾക്കെതിരിൽ ശബ്ദം ഉയർത്തുന്നു. തീവ്രവാദത്തിനെതിരെ ശബ്ദം ഉയർത്തുന്നു. ലോകം പരസ്പരം ഭിന്നിക്കുന്നതിനു പകരം സ്നേഹത്തോടെയും സഹവർത്തിത്തോടെയും കഴിയണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ലോകത്ത് വിവിധ മതങ്ങളുണ്ട്. മുസ്‌ലിംകളുടെ വിശ്വാസപ്രകാരം അല്ലാഹു ലോകത്തിലെ എല്ലാ സമൂഹങ്ങളിലേക്കും ദൂതന്മാരെ അയച്ചിട്ടുണ്ട്. അവർ തങ്ങളുടെ സമൂഹത്തിന് ദിവ്യസന്ദേശം എത്തിച്ചു. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും നന്മ പ്രചരിപ്പിക്കുക ചെയ്യുക എന്ന സന്ദേശവുമായിട്ടാണ് എല്ലാ സമൂഹങ്ങളിലും നബിമാർ വന്നത്. ഇതു തന്നെയാണ് ഇസ്‌ലാമിന്റെ അധ്യാപനവും. വിശുദ്ധ ഖുർആനിൽ ഈ അധ്യാപനം വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

വിശുദ്ധ ഖുർആനിൽ ജിഹാദിനെക്കുറിച്ചും തീവ്രവാദത്തെക്കുറിച്ചുമാണ് പറഞ്ഞിരിക്കുന്നതെന്നാണ് ജനങ്ങൾ വിചാരിക്കുന്നത്. അതുകൊണ്ട് മുസ്‌ലിംകൾ തീവ്രവാദികളാണെന്ന് കരുതുന്നു. എന്നാൽ വിശുദ്ധഖുർആനിൽ സ്നേഹത്തിന്റെ അധ്യാപങ്ങളാണ് കാണപ്പെടുന്നത്. ഇനി ജിഹാദിനെക്കുറിച്ചുള്ള അധ്യാപനമാണെങ്കിൽ സോപാധികമാണത്. ജിഹാദിന്റെ ശരിയായ അർഥം പ്രയത്നിക്കുക എന്നാണെന്ന് ഇവിടെ മനസ്സിലാക്കേണ്ടതുണ്ട്. തിന്മയെ അവസാനിപ്പിക്കാനുള്ള ശ്രമമാണത്. ഇതാണ് യഥാർഥ ജിഹാദ്. അഹ്മദിയ്യാ ജമാഅത്ത് ചെയ്തു കൊണ്ടിരിക്കുന്നതും അതാണ്. മുസ്‌ലിംകൾ അക്രമങ്ങൾക്കിരയായ ഒരു കാലം ഉണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ കാലത്ത് അവിടുന്ന് യാതൊരുവിധ അതിക്രമവും ചെയ്തിട്ടില്ലെന്ന് ദൃഢമായി വിശ്വസിക്കുന്നവരാണ് ഞങ്ങൾ. നബി(സ)യുടെ മേൽ അക്രമം ചെയ്യപ്പെട്ടപ്പോൾ അതിന് മറുപടി നല്കാനുള്ള അനുവാദം അല്ലാഹുവിൽ നിന്ന് അദ്ദേഹത്തിന് ലഭിച്ചു. അതും നിബന്ധനയോടു കൂടി. അക്രമികളായ ജനങ്ങൾ ഇസ്‌ലാമിനെ മാത്രമല്ല മതത്തെ തന്നെ ഇല്ലായ്മ ചെയ്യാൻ ആഗ്രഹിക്കുന്നു എന്ന് ഖുർആനിൽ വിവരിച്ചിരിക്കുന്നു. അവരുടെ കരങ്ങളെ തടയാതിരുന്നാൽ ദൈവനാമം സ്മരിക്കപ്പെടുന്ന ക്രിസ്ത്യൻ പള്ളിയോ സിനഗോഗോ അമ്പലമോ ഒന്നും അവശേഷിക്കില്ല എന്ന് ഖുർആൻ സ്പഷ്ടമാക്കുന്നു. അതുകൊണ്ട് ഇത്ര വിശദമായി തന്നെ ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. ആയതിനാൽ പള്ളിയിൽ പോകുന്ന ഒരു യഥാർഥ മുസ്‌ലിം മറ്റു മതങ്ങൾക്കെതിരെ പ്രവർത്തിക്കുകയില്ല. എന്നാൽ ആക്രമണം ഉണ്ടായപ്പോൾ അതിനു മറുപടി നല്കുകയും യുദ്ധം ചെയ്യുകയും ചെയ്തു എന്നത് ശരിയാണ്. ആ യുദ്ധത്തിൽ നിന്ന് തിരിച്ചു വരുന്ന സന്ദർഭത്തിൽ നബി(സ)തിരുമേനി പറഞ്ഞു: നാം നിർബന്ധിതരായ ചെറിയ ജിഹാദിൽ നിന്ന് സ്നേഹവും സന്തോഷവും പ്രചരിപ്പിക്കുന്ന, വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്ന വലിയ ജിഹാദിലേക്ക് പ്രവേശിക്കുകയാണ്.

ഈ യഥാർഥ ഇസ്‌ലാമിനെയാണ് അഹ്മദിയ്യാ ജമാഅത്ത് പ്രയോഗവത്ക്കരിക്കുന്നത്. ഈ യഥാർഥ ഇസ്‌ലാമിലാണ് ഇക്കാലത്ത് ഓരോ മുസ്‌ലിമും വിശ്വസിക്കേണ്ടത്.

ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ വിവരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ആ വ്യക്തി വന്നാൽ അദ്ദേഹത്തെ വിശ്വസിക്കണമെന്ന് ഇസ്‌ലാം മതസ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് നബി(സ) അരുളിയിട്ടുണ്ട്. എല്ലാവരോടും സ്നേഹം; ആരോടുമില്ല വെറുപ്പ് എന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ പുതിയ അധ്യാപനമല്ല. വിശുദ്ധ ഖുർആൻ വിവരിച്ച ഇസ്‌ലാമിന്റെ മൗലിക ദർശനമാണത്. ഇതിനെയാണ് മൗലവിമാർ സ്വന്തം താത്പര്യങ്ങൾക്കു വേണ്ടി വികലമാക്കി അവതരിപ്പിക്കുന്നത്. മുസ്‌ലിംകൾക്കാണെങ്കിൽ ഇസ്‌ലാമിന്റെ അധ്യാപനമെന്താണെന്ന് നോക്കാനുള്ള ഭാഗ്യമോ ഇല്ല. മുസ്‌ലിംകളെ വഴിതെറ്റിച്ചത് അതാണ്. ഇസ്‌ലാം മതസ്ഥാപകരുടെ പ്രവചനമനുസരിച്ച് വന്നതാണ് ശരിയായ ലീഡർഷിപ്പ്. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് അതുമായി മുന്നോട്ടു ഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിന്റെ യഥാർഥവും മൗലികവുമായ സന്ദേശമാണിത്. പള്ളിനിർമാണത്തിന്റെ ലക്ഷ്യവും ഇതു തന്നെ. അതുകൊണ്ട് നമ്മുടെ അയൽക്കാർക്ക് വല്ല മുൻവിധിയുമുണ്ടെങ്കിൽ അത് അവസാനിപ്പിക്കേണ്ടതാണ്. ആരാധനയോടൊപ്പം ജനങ്ങളോടുള്ള കടമകൾ നിർവഹിക്കുകയും അയൽക്കാരോടുള്ള കടമകൾ നിർവഹിക്കുകയും ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം എത്തിക്കുകയും ചെയ്യുക എന്നതാണ് പള്ളിനിർമിക്കു ന്നതിന്റെ ലക്ഷ്യം.

ഇസ്‌ലാമിന്റെ അർഥം തന്നെ സമാധാനം, ശാന്തി എന്നൊക്കെയാണ്. ഞങ്ങളിതിൽ ദൃഢമായി വിശ്വസിക്കുന്നു. മതം ആരുടെത് എന്താണെങ്കിലും, ഇനി ആർക്കെങ്കിലും മതം ഇല്ലെങ്കിൽ തന്നെ സർവലോക പരിപാലകനായ ആ ദൈവത്തിൽ ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. അതായത് എല്ലാ ലോകങ്ങളുടെയും നാഥനാണവൻ. അതിന്റെ അടിസ്ഥാനത്തിൽ മതവിശ്വാസികൾക്ക് നല്കുന്നതു പോലെ തന്നെ മതത്തിൽ അവിശ്വസിക്കുന്നവർക്കും അവൻ ഭൗതിക വിഭവങ്ങൾ നല്കുന്നു.

ഞങ്ങളുടെ വിശ്വാസപ്രകാരം മനുഷ്യന്റെ കണക്കെടുപ്പ് മരണത്തിനു ശേഷമാണ്. അതുകൊണ്ട് ആരെയെങ്കിലും സംബന്ധിച്ച് അവർ എങ്ങനെയായിരിക്കുമെന്ന് തീരുമാനിക്കാനുള്ള അവകാശം ഞങ്ങൾക്കില്ല. അല്ലാഹുവിലേക്കുള്ള ശരിയായ സന്ദേശം എത്തിക്കുക എന്നത് ഞങ്ങളുടെ കർത്തവ്യമാണ്. അതു ഞങ്ങൾ ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുന്നു. ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. ഇൻശാ അല്ലാഹ്. ഇവിടെ താമസിക്കുന്ന അഹ്മദികൾ ഈ പ്രവൃത്തി മുൻപത്തേക്കാളുപരി ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. മുൻപത്തേക്കാളധികം പള്ളിയിൽ വന്ന് ആരാധനയുടെ കടമ നിർവഹിക്കുന്നതോടൊപ്പം അയൽവാസികളുടെയും സുഹൃത്തുക്കളുടെയും കടമകൾ നിർവഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മുൻപത്തേക്കാളധികം ഞങ്ങൾക്ക് ഇവരിൽ നിന്ന് സ്നേഹം ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. നന്ദി.

ഹുസൂർ തിരുമനസ്സിന്റെ പ്രഭാഷണം 7.17 നാണ് അവസാനിച്ചത്. അവസാനം ഹുസൂർ ദുആ ചെയ്തു. അതിനു ശേഷം മാധ്യമ പ്രവർത്തകർ ഹുസൂർ തിരുമനസ്സിനെ ഇന്റർവ്യൂ ചെയ്തു.

ശേഷം പേജ് 8ൽ

# ഖുത്ബ ജുമുഅ

**പ്രവാചകന്മാരുടെ ചരിത്രത്തിൽ അവരുടെ വാദത്തിനു ശേഷം എതിർപ്പും ഉണ്ടാകുന്നതായാണ് നാം കാണുന്നത്. ജമാഅത്ത് വ്യാപിക്കുന്നതോടൊപ്പംതന്നെ എതിർപ്പിന്റെയും അസൂയയുടെയും തീ ആളിക്കത്താൻ തുടങ്ങുന്നു. എതിർക്കുന്ന കാര്യത്തിൽ ശത്രുക്കൾ സാധ്യമായ എല്ലാ വഴികളും അവലംബിക്കുന്നു. എന്നാൽ വാദം പുറപ്പെടുവിക്കുന്ന വ്യക്തിയെ അയച്ചത് അല്ലാഹു ആയതിനാൽ എതിർപ്പുകളുണ്ടായാലും വിജയത്തിന്റെ വാഗ്ദാനവും സുവിശേഷവും അദ്ദേഹത്തിന് നല്കപ്പെടുന്നു. അതുകൊണ്ട് ഒരു എതിർപ്പും വിജയത്തിന്റെ മാർഗത്തിൽ തടസ്സമാകുന്നില്ല; തടസ്സമാകാൻ കഴിയുകയുമില്ല.**

**അല്ലാഹു മഹ്ദീമസീഹായി നിയോഗിച്ചയച്ച വാഗ്ദത്ത മസീഹിനോടും ഈ സുന്നത്ത് അനുസരിച്ചു പെരുമാറേണ്ടതുണ്ടായിരുന്നു. അല്ലാഹുവിന്റെ സഹായത്തിന്റെയും പിന്തുണയുടെയും സുന്നത്തനുസരിച്ചും പെരുമാറേണ്ടത് അനിവാര്യമായിരുന്നു. ആ രീതിയിലും അല്ലാഹു പെരുമാറുകയുണ്ടായി. അദ്ദേഹത്തിന്റെ ജമാഅത്തിനോടും ആ രീതിയിലാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്.**

**ചിലപ്പോൾ ശത്രുക്കളുടെ കുതന്ത്രങ്ങളെ അവരിലേക്കുതന്നെ തിരിച്ചുവിട്ടായിരിക്കും അല്ലാഹു തന്റെ സഹായത്തിന്റെ ദൃശ്യം കാണിക്കുന്നത്. ചിലപ്പോൾ സ്വയം മാർഗദർശനം നല്കി അഹ്മദിയ്യത്തിന്റെ സത്യം കാണിച്ചുകൊടുക്കുന്നു. ചിലപ്പോൾ ശത്രുക്കളുടെ ആക്രമണമുണ്ടാകുമ്പോൾ വാഗ്ദത്ത മസീഹിന്റെ അനുയായികളെ സഹായിക്കണമെന്ന് അന്യരുടെ മനസ്സിൽ അല്ലാഹു ഇട്ടുകൊടുക്കുന്നു. ഇങ്ങനെ ഞാൻ പറഞ്ഞതു പോലെ വാഗ്ദത്ത മസീഹി(അ)നോട് ചെയ്ത് വാഗ്ദാനങ്ങൾ അല്ലാഹു കർമരൂപേണ സമയാസമയങ്ങളിൽ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു.**

**എതിരാളികളുടെ ദുർപര്യവസാനവും സത്പ്രകൃതക്കാർക്ക് സ്വപ്നങ്ങളിലൂടെയും ദർശനങ്ങളിലൂടെയും മാർഗദർശനം**

**എതിർപ്പുകളുണ്ടായാലും പൈശാചിക ആക്രമണങ്ങളുണ്ടായാലും അല്ലാഹു സത്പ്രകൃതക്കാർക്ക് മാർഗദർശനം നല്കുകയും അവരുടെ ഹൃദയം തുറക്കുകയും അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള സൗഭാഗ്യം നല്കുകയും ചെയ്യുന്നു. അല്ലാഹു സ്വയം കൈപിടിച്ചുകൊണ്ട് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം നല്കുന്ന തരത്തിൽ അനേകം സംഭവങ്ങൾ മുന്നിൽ വരാറുണ്ട്. വാഗ്ദത്ത മസീഹി(അ)നെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ദൃശ്യങ്ങളുണ്ടായിട്ടുണ്ട്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

2017 ജൂലൈ 7/1396 വഫാ 7
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ-بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-اِهْدِنَا
الصِّرَاطَ الْمُسْتَقِيْمَ-صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

പ്രവാചകന്മാരുടെ ചരിത്രത്തിൽ അവരുടെ വാദത്തിനു ശേഷം എതിർപ്പും ഉണ്ടാകുന്നതായാണ് നാം കാണുന്നത്. ജമാഅത്ത് വ്യാപിക്കുന്നതോടൊപ്പം തന്നെ എതിർപ്പിന്റെയും അസൂയയുടെയും തീ ആളിക്കത്താൻ തുടങ്ങുന്നു. എതിർക്കുന്ന കാര്യത്തിൽ ശത്രുക്കൾ സാധ്യമായ എല്ലാ വഴികളും അവലംബിക്കുന്നു.

എന്നാൽ വാദം പുറപ്പെടുവിക്കുന്ന വ്യക്തിയെ അയച്ചത് അല്ലാഹു ആയതിനാൽ എതിർപ്പുകളുണ്ടായാലും വിജയത്തിന്റെ വാഗ്ദാനവും സുവിശേഷവും അദ്ദേഹത്തിന് നല്കപ്പെടുന്നു. അതുകൊണ്ട് ഒരു എതിർപ്പും വിജയത്തിന്റെ മാർഗത്തിൽ തടസ്സമാകുന്നില്ല; തടസ്സമാകാൻ കഴിയുകയുമില്ല.

അല്ലാഹു മഹ്ദീ മസീഹായി നിയോഗിച്ചയച്ച വാഗ്ദത്ത മസീഹിനോടും ഈ സുന്നത്ത് അനുസരിച്ചു പെരുമാറേണ്ടതുണ്ടായിരുന്നു. അല്ലാഹുവിന്റെ സഹായത്തിന്റെയും പിന്തുണയുടെയും സുന്നത്തനുസരിച്ചും പെരുമാറേണ്ടത് അനിവാര്യമായിരുന്നു. ആ രീതിയിലും അല്ലാഹു പെരുമാറുകയുണ്ടായി. അദ്ദേഹത്തിന്റെ ജമാഅത്തിനോടും ആ രീതിയിലാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്.

എതിർപ്പുകളെപ്പറ്റി മുൻപേ തന്നെ അറിവു നല്കുമ്പോഴും എതിരാളികളുടെ പര്യവസാനം നല്ലതായിരിക്കില്ലെന്നും എതിർപ്പുകളെ തരണം ചെയ്ത് അദ്ദേഹത്തിന്റെ പ്രസ്ഥാനം ദൈവികസഹായത്താൽ പുരോഗതിയിലേക്ക് മുന്നേറുമെന്നും അറിവു നല്കി. ഇതു സംബന്ധമായി ഒരുപാട് ഇൽഹാമുകളുണ്ട്. അല്ലാഹു അദ്ദേഹത്തോട് പറഞ്ഞു: "നിന്നെ ആത്മാർഥമായി ഹൃദയാത്മനാ സ്നേഹിക്കുന്ന സംഘത്തെ ഞാൻ വർധിപ്പിക്കുന്നതാണ്".(ആയിനെ കമാലാത്തെ ഇസ്ലാം, റൂഹാനി ഖസായിൻ വാള്യം5. പേ.648) മറ്റൊരു ഇൽഹാമിൽ പറയുന്നു: "ഞാൻ നിന്റെയും നിന്റെ പ്രിയപ്പെട്ടവരുടെയും കൂടെയാണ്".(ബദർ വാള്യം.6 ലക്കം 51. 1907 ഡിസംബർ19) അല്ലാഹു പറഞ്ഞു:

*യൻസുറുക്ക റിജാലുൻ നൂഹീ ഇലൈഹിം മിനസ്സമാഅ്*

അതായത്, എന്നിൽ നിന്ന് ഇൽഹാം ലഭിക്കുന്ന ആളുകളെക്കൊണ്ട് നിന്നെ സഹായിക്കുന്നതാണ്. (ഹഖീഖത്തുൽ വഹ്യ്,റൂഹാനി ഖസായിൻ വാള്യം.22. പേ.77) വീണ്ടും പറഞ്ഞു: "ഞാൻ നിനക്ക് ആദരവ് നല്കുകയും വർധിപ്പിക്കുകയും ചെയ്യുന്നതാണ്."(ആസ്മാനി ഫൈസല. റൂഹാനി ഖസായിൻ വാള്യം.4 പേ. 342) വേറൊരു ഇൽഹാമിൽ പറയുന്നു: "യൻസുറുക്കല്ലാഹു മിൻ ഇൻദിഹി".അല്ലാഹു സ്വയം നിന്നെ സഹായിക്കുന്നതാണ്. (ഹഖീഖത്തുൽ വഹ്യ്,റൂഹാനി ഖസായിൻ വാള്യം.22. പേ.77).

തബ്ലീഗിനെ സംബന്ധിച്ച്, സന്ദേശം എത്തിക്കുന്നതിനെപ്പറ്റി അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്: ഞാൻ നിന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതാണ്.(അൽഹക്കം വാള്യം.2 ലക്കം,5,6,) അല്ലാഹു വീണ്ടും പറഞ്ഞു: *കതബല്ലാഹുലഅഗ് ലിബന്ന അന വ റുസുലീ.* അതായത്, ഞാനും എന്റെ ദൂതന്മാരും വിജയിക്കുന്നതാണെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു. (അർബയീൻ2. റൂഹാനി ഖസായിൻ വാള്യം 17 പേ.355) ഇവ വാഗ്ദത്ത മസീഹ്(അ) അല്ലാഹുവിൽ ചേർത്തു പറഞ്ഞ ബാഹ്യമായ സംഗതികൾ മാത്രമല്ല. മറിച്ച്, അല്ലാഹു എല്ലാ കാലത്തും അത് പ്രവൃത്തി രൂപേണ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. ചിലപ്പോൾ ശത്രുക്കളുടെ കുതന്ത്രങ്ങളെ അവരിലേക്കു തന്നെ തിരിച്ചു വിട്ടായിരിക്കും അല്ലാഹു തന്റെ സഹായത്തിന്റെ ദൃശ്യം കാണിക്കുന്നത്. ചിലപ്പോൾ സ്വയം മാർഗദർശനം നല്കി അഹ്മദിയ്യത്തിന്റെ സത്യം കാണിച്ചു കൊടുക്കുന്നു. ചിലപ്പോൾ ശത്രുക്കളുടെ ആക്രമണമുണ്ടാകുമ്പോൾ വാഗ്ദത്ത മസീഹിന്റെ അനുയായികളെ സഹായിക്കണമെന്ന് അന്യരുടെ മനസ്സിൽ അല്ലാഹു ഇട്ടുകൊടുക്കുന്നു. ഇങ്ങനെ ഞാൻ പറഞ്ഞതു പോലെ വാഗ്ദത്ത മസീഹി(അ)നോട് ചെയ്ത വാഗ്ദാനങ്ങൾ അല്ലാഹു കർമരൂപേണ സമയാസമയങ്ങളിൽ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു.

ഇപ്പോൾ ഞാൻ ചില സംഭവങ്ങൾ സമർപ്പിക്കുന്നതാണ്. എതിരാളികളുടെ ദുർപര്യവസാനത്തെക്കുറിച്ച് ഞാൻ രണ്ടു സംഭവങ്ങളാണ് എടുത്തിട്ടുള്ളത്. അത് അഹ്മദികളുടെ ഈമാൻ വർധിപ്പിക്കുന്നതോടൊപ്പം അനഹ്മദികൾക്ക് അത് അഹ്മദിയ്യത്തിന്റെ സത്യത്തിനുള്ള അടയാളമായിത്തീരുന്നതുമാണ്.

ഖാദിയാനിലെ ദഅ്വത്തെ ഇലല്ലാഹ് നാസിർ എഴുതുന്നു: അവരുടെ ഒരു മുഅല്ലിം ആണ് ഇസ്ഹാഖ് സാഹിബ്. റമളാൻ മാസത്തോടനുബന്ധിച്ച് അദ്ദേഹം ഒരു ഗ്രാമത്തിലെ തന്റെ ബന്ധുവീട്ടിൽ റമളാന്റെ സമയങ്ങളെക്കുറിച്ച് പറഞ്ഞു കൊടുക്കാൻ ചെന്നു. പറയുന്നു: ടൈംടേബിൾ നല്കിയതിനു ശേഷം റമളാന്റെ മഹത്വത്തെയും അതിന്റെ അനുഗ്രഹങ്ങളെയും കുറിച്ച് വീട്ടുകാരോട് പറഞ്ഞു കൊണ്ടിരുന്നപ്പോൾ ഇഖ്ബാൽ എന്നു പേരുള്ള ഒരു അനഹ്മദിയുവാവ് അവിടെ വന്ന് ഇരുന്നു. മുഅല്ലിം സാഹിബിന്റെ വാക്കുകൾ അയാൾ കുറച്ചു നേരം കേട്ടു കൊണ്ടിരുന്നു. ശേഷം അയാൾ വീട്ടുകാരോട് ഇദ്ദേഹം ആരാണെന്ന് ചോദിച്ചു. ഇദ്ദേഹം അഹ്മദിയ്യാ ജമാഅത്തിന്റെ മുഅല്ലിമാണെന്ന് തുറന്നു പറയുന്നത് ശരിയല്ലെന്ന് കരുതിയ ബന്ധുക്കൾ അദ്ദേഹം ഇന്ന ഗ്രാമത്തിൽ നിന്ന് വന്നതാണെന്ന് മാത്രം പറഞ്ഞു. പക്ഷേ, താൻ അഹ്മദിയ്യാ ജമാഅത്തിന്റെ മുഅല്ലിമാണെന്ന് അദ്ദേഹം വ്യക്തമായി തന്നെ പറഞ്ഞു. അപ്പോൾ അയാൾ കോപം കൊണ്ട് ജ്വലിച്ചു. അയാളുടെ ചില അബദ്ധധാരണകൾ അകറ്റുന്നതിന് മുഅ

ല്ലിം സാഹിബ് പൂർണമായി പരിചയപ്പെടുത്താൻ ആഗ്രഹിച്ചെങ്കിലും അയാൾ കേൾക്കാൻ തയ്യാറായില്ല. പറയുന്നു: സംഭാഷണമധ്യേ വിശുദ്ധ ഖുർആനെയും ഇസ്‌ലാമിനെയും നബി(സ)യെയും പരാമർശിച്ചപ്പോൾ അയാൾ പറഞ്ഞു: “നിങ്ങൾക്കൊന്നും ഇസ്‌ലാമിക സാങ്കേതിക പദങ്ങളുപയോഗിക്കാനുള്ള ഒരവകാശവുമില്ല.” (പാകിസ്താനിലെ മൗലവിമാരുടെ അതേ സ്വഭാവം). മാത്രമല്ല, ഹദ്റത്ത് മസീഹ് മൗഊദി(അ)നെക്കുറിച്ച് പരാമർശിക്കുമ്പോൾ അദ്ദേഹത്തെയും ജമാഅത്തിനെയും വളരെയധികം ചീത്ത പറയുകയും താൻ സൗദി അറേബ്യയിലും ബഹറൈനിലും ഖത്തറിലുമൊക്കെ പോയി വന്നയാളാണ് നിങ്ങളെക്കുറിച്ച് നന്നായി അറിയാമെന്നും എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളും നിങ്ങൾക്കെതിരിൽ ഫത്വ നല്കിയിരിക്കുകയാണെന്നും പറഞ്ഞു. വഴിയിൽ ഒരു പാമ്പിനെയും ഖാദിയാനിയെയും കണ്ടാൽ പാമ്പിനെ വിട്ട് ഖാദിയാനിയെ കൊന്നുകളയണമെന്നും അയാൾ പറഞ്ഞിരിക്കുകയാണ്. പറയുന്നു: ഇന്ന് തനിക്ക് അവസരം കിട്ടിയിരിക്കുകയാണ് ഖാദിയാനിയെ കൊന്ന് പുണ്യം സമ്പാദിക്കുവാൻ എന്ന മട്ടിൽ അയാൾ എന്നെ അടിക്കാൻ പലവട്ടം ഒരുങ്ങി. പക്ഷേ, അയാൾ വിജയിച്ചില്ല. പറയുന്നു: ഞാൻ വളരെ ക്ഷമയോടും സഹനത്തോടും കൂടി അയാൾ പറയുന്നതെല്ലാം കേട്ടു. അയാൾ ശകാരത്തിലും ചീത്ത വിളിയിലും പരിധി വിട്ടപ്പോൾ ഞാൻ അയാളോട് പറഞ്ഞു: ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ മുഅല്ലിം അല്ലായിരുന്നെങ്കിൽ അടിക്കാനും തൊഴിക്കാനുമുള്ള താങ്കളുടെ ആഗ്രഹം ഞാൻ പൂർത്തിയാക്കിയേനെ. പക്ഷേ, ഞങ്ങൾ ചീത്ത വിളിക്ക് പകരമായി പ്രാർഥിക്കാനാണ് പഠിപ്പിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് ഞാനൊന്നും പറയാത്തത്. ഏതായാലും അയാൾ മൗനം അവലംബിക്കുകയും ഇനി ഈ ഗ്രാമത്തിൽ കണ്ടാൽ അവസ്ഥ മോശമായിരിക്കുമെന്ന താക്കീത് അയാൾ നല്കുകയും ചെയ്തു. അവസ്ഥ ആരുടെതാണ് മോശമാവുക എന്ന് കാലം പറയുമെന്ന് ഞാൻ മറുപടി പറഞ്ഞു കൊണ്ട് അവിടുന്ന് തിരിച്ചു പോന്നു. ഇയാൾ അയൽഗ്രാമങ്ങളിലെ ജമാഅത്തംഗങ്ങളോടും ജമാഅത്ത് ഉപേക്ഷിക്കാൻ പറയാറുണ്ടായിരുന്നു. എന്നാൽ ജനങ്ങൾ അയാളുടെ കാര്യങ്ങൾ കാര്യമായെടുത്തിരുന്നില്ല. പറയുന്നു: ഞാൻ റമളാനു ശേഷം 15 ദിവസത്തെ ലീവെടുത്തു. ഞാൻ തിരിച്ചു വന്നപ്പോൾ ജമാഅത്തിനെ ചീത്ത പറഞ്ഞിരുന്ന മൗലവി ഇഖ്ബാൽ പെട്ടെന്ന് ഹൃദയാഘാതമേറ്റു മരിച്ചുവെന്ന് ഒരു വൃദ്ധയായ സ്ത്രീ എന്നോട് പറഞ്ഞു. ഈ സംഭവം മുഖേന അഹ്മദികളുടെ വിശ്വാസം വർദ്ധിച്ചു എന്ന് മാത്രമല്ല, ആ ചെറിയ ഗ്രാമത്തിലെ അനഹ്മദികളെയും അത് സ്വാധീനിച്ചു. വാഗ്ദത്ത മസീഹിനു വേണ്ടിയുള്ള ദൈവിക സഹായം അവർ തങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കണ്ടു. ജമാഅത്തിനെ നിന്ദ്യരാക്കുന്നവരെ നിന്ദ്യരാകുന്നതും ഇല്ലാതാകുന്നതും അവർ കണ്ടു.

അതുപോലെ യമനിലെ ഒരു സുഹൃത്ത് ഗാനി സാഹിബ് ശത്രുക്കളുടെ പര്യവസാനത്തെക്കുറിച്ച് എഴുതുന്നു: അഹ്മദിയായതു മുതൽ ഞാൻ തബ്‌ലീഗ് ചെയ്തു വരികയാണ്. പ്രത്യേകിച്ചും യുവാക്കളുടെ ഒരു സംഘം ആളുകളിൽ നിന്ന് എതിർപ്പും ഭീഷണിയും നേരിട്ടിരുന്നു. സുഹൃത്ത് പറയുന്നു: 2010 ലെ റമളാനിൽ ഒരിക്കൽ എന്റെ അയൽവാസിയും അദ്ദേഹത്തിന്റെ ചില സുഹൃത്തുക്കളും എന്നെ അവരുടെ ജാമിഅ ഈമാനിലെ ശേഖുമായി സംസാരിക്കാൻ നിർബന്ധിച്ചു കൊണ്ടുപോയി. അവിടെ ഒരു മൗലവിയും എത്തി. ആദ്യം ഞാൻ ഹദ്റത്ത് മസീഹ് മൗഊദിന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ വിവരിച്ചു. ശേഷം മതപരിത്യാഗിയെ വധിക്കൽ, ജിഹാദ്, ഈസാ നബിയുടെ മരണം എന്നീ വിഷയങ്ങൾ സംസാരിച്ചു. അവർ തെളിവൊന്നും പറയാതെ തങ്ങളുടെ വിശ്വാസത്തിൽ തന്നെ കടിച്ചുതൂങ്ങി നില്ക്കുകയും ഞാൻ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും തെളിവുകൾ ഉദ്ധരിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഏതായാലും അവരുടെ വലിയ ശേഖ് കുറച്ച് ബഹുമാനത്തോടെയാണ് പെരുമാറിയത്. എന്നാൽ മറ്റേ വ്യക്തി വളരെ അസഭ്യം പറയുകയായിരുന്നു. അയാൾ മുബാഹലയ്ക്കു വേണ്ടിയും ക്ഷണിച്ചു. മുബാഹല നടത്തേണ്ടത് ഇമാമിനോടാണെന്ന് ഞാൻ പറഞ്ഞു. എന്നാൽ അയാളുടെ നിർബന്ധം കൊണ്ടും എനിക്ക് ഹദ്റത്ത് മസീഹ് മൗഊദിന്റെ സത്യസാക്ഷ്യത്തിൽ വിശ്വാസമില്ലെന്ന് ഇവർ വിചാരിക്കരുത് എന്നത് കൊണ്ടും ഞാൻ അവരുടെ ക്ഷണം സ്വീകരിച്ചു. അങ്ങനെ സംഭാഷണം അവസാനിച്ചു. അതിനു ശേഷം ആ യുവാവ് എന്നെ ഭീഷണിപ്പെടുത്തുകയും ഭയപ്പെടുത്തുകയും ചീത്ത പറയുകയും തബ്‌ലീഗിൽ നിന്ന് തടയുകയും ചെയ്തു കൊണ്ടിരുന്നു. പറയുന്നു: റമളാന്റെ ഒടുവിൽ ഒരിക്കൽ ഞാൻ വീട്ടിൽ നിന്നിറങ്ങിയപ്പോൾ ഒരു കുട്ടി എന്നോട് അമ്മാവാ, ഇയാൾ താങ്കൾക്കെതിരിൽ ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കുകയാണെന്ന് പറഞ്ഞു. അതിനുശേഷം ചലർ വന്ന് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. ഹദ്റത്ത് മസീഹ് മൗഊദി(അ)നെ അസഭ്യം പറയുകയും ചെയ്തു. പറയുന്നു: മുറിവേറ്റ മനസ്സുമയാണ് ഞാൻ വീട്ടിലേക്ക് മടങ്ങിയത്. രണ്ടു റകഅത്ത് നഫൽ നമസ്കരിച്ചു കൊണ്ട് ദുആ ചെയ്തു: അല്ലാഹുവേ, നീ ഇവർക്കായി നിന്റെ ശക്തിപ്രഭാവം കാണിക്കേണമേ. പറയുന്നു: അതിനുശേഷം ഒന്നു രണ്ടു ദിവസത്തിനുള്ളിൽ ആ യുവാ ക്കൾ തമ്മിൽ തല്ലായി. അവർ പരസ്പരം കത്തിയെടുത്തു. ആ തല്ലിൽ ഒരു കുട്ടിയുടെ മുഖത്ത് കുത്തേറ്റു. ഈ സംഭവത്തിന് ഒരു മാസത്തിനു ശേഷം ഇവർ അവിടെ നിന്ന് എവിടെക്കോ പോയി. അതിനു ശേഷം ഇതു വരെ അവരെ കണ്ടിട്ടില്ല. പറയുന്നു: എന്റെ അയൽവാസിയും വീടു വിറ്റ് വേറെ സ്ഥലത്തേക്കു പോയി. ജാമിഅയുടെ ഉടമസ്ഥന്റെ കാര്യമാണെങ്കിൽ അയാളുടെ ജാമിഅയെ ജോസീ ഗോത്രത്തിലെ വിമതർ കൈയ്യേറി. ഇവരെല്ലാം പിന്നീട് സൗദി അറേബ്യയിലേക്ക് ഓടിപ്പോയി. അവിടത്തെ ഇവരുടെ ജാമിഅയും ബോംബ് വീണ് തകർന്ന് തരിപ്പണമായി.

ഭൗതിക പുരോഗതി കാരണം ജനങ്ങൾ ദീനിൽ നിന്ന് അകലുന്നതായാണ് നാം ഇക്കാലത്ത് കാണാറുള്ളത്. എന്നാൽ ദീനിലേക്ക് ആകർഷിക്കപ്പെടുകയും സന്മാർഗം അന്വേഷിക്കുകയും ചെയ്യുന്ന ഒരു വിഭാഗവും ലോകത്തുണ്ട്. അവരുടെ ഹൃദയങ്ങളെ അല്ലാഹുവിന് അറിയാവുന്നതു കൊണ്ട് കാലത്തിന്റെ ഇമാമിനെ സ്വീകരിക്കാൻ അവൻ അവരുടെ ഹൃദയങ്ങളെ തുറന്നു കൊടുക്കുന്നു. വാഗ്ദത്ത മസീഹിനെ അയച്ചതും ജനങ്ങൾ അദ്ദേഹത്തെ സ്വീകരിക്കാൻ വേണ്ടിയാണല്ലോ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വീകരിച്ചു വരികയും ചെയ്യുന്നു.

ഐവറി കോസ്റ്റിലെ മുബല്ലിഗ് എഴുതുന്നു: ഒരു ഗ്രാമത്തിൽ അവിടത്തെ പ്രദേശിക മുബല്ലിഗിനോടൊപ്പം തബ്‌ലീഗിനായി ചെന്നു. ജനങ്ങളോട് വാഗ്ദത്ത മസീഹിന്റെയും ഇമാം മഹ്ദിയുടെയും ആഗമനത്തെക്കുറിച്ച് പറഞ്ഞു. കുറച്ചു കാലത്തിനു ശേഷം വീണ്ടും ആ ഗ്രാമത്തിൽ ചെന്നപ്പോൾ അവിടത്തെ ഇമാം അടക്കം 15 ആളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചു.

ഈ മാസം ഖുദ്ദാമുൽ അഹ്മദിയ്യയുടെ നാഷണൽ ഇജ്തിമ ആബിജാനിൽ നടക്കുകയാണെന്ന് പറഞ്ഞപ്പോൾ ജമാഅത്തിലെ ആളുകൾ എങ്ങനെയുള്ളവരാണെന്ന് അടുത്തറിയുന്നതിന് ഒരാളെ ആബിജാനിലേക്ക് അയയ്ക്കാൻ ഗ്രാമനിവാസികൾ പറഞ്ഞു. അങ്ങനെ ഒരാൾ ഇജ്തിമായിൽ പങ്കെടുക്കുകയും അയാൾ തിരിച്ചെത്തിയ ശേഷം ഇവർ എങ്ങനെയുള്ളവരാണെന്നും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും എങ്ങനെയുള്ള അന്തരീക്ഷമായിരുന്നു എന്നും അയാൾ കണ്ട കാര്യം വിവരിക്കുകയുണ്ടായി. അത് വളരെയധികം സ്വാധീനം ചെലുത്തി. അങ്ങനെ കുറച്ചു കാലം കഴിഞ്ഞ് വീണ്ടും ഇവർ തബ്‌ലീഗിനായി അവിടെ ചെന്നപ്പോൾ രാത്രി ഇശാക്കു ശേഷവും പിന്നീട് രാവിലെ സുബഹിക്കു ശേഷവും വാഗ്ദത്ത മസീഹി(അ)ന്റെ ആഗമനത്തെക്കുറിച്ച് ചോദ്യോത്തരം നടന്നു. നീണ്ട നേരം അവിടെ ചോദ്യോത്തരം നടന്നു. അതിന്റെ ഫലമായി 26 പേർക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു. അങ്ങനെ അവിടെ 41 പേരുടെ ജമാഅത്ത് സ്ഥാപിതമായി.

അഹ്മദിയ്യത്തിനെ ഇല്ലാതാക്കാൻ ശ്രതുക്കൾ എങ്ങനെയൊക്കെയാണ് ശക്തി ചെലുത്തുന്നത് എന്നതിനെയും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)നോട് ചെയ്ത് വാഗ്ദാനമനുസരിച്ച് അദ്ദേഹത്തിന്റെ ഇഷ്ട ജനതയെ എങ്ങനെയാണ് വർദ്ധിപ്പിക്കുന്നത് എന്നതിനെയും സംബന്ധിച്ച് ഞാൻ ഒരു സംഭവം വിവരിക്കാം.

ബെനീനിനിലെ മുബല്ലിഗ് ആയ അൻസർ സാഹിബ് വിവരിക്കുന്നു: 2016 ജനുവരിയിൽ ഒരു ഗ്രാമത്തിൽ ജമാഅത്ത് സ്ഥാപിതമായി. 87 പേർക്ക് ബൈഅത്ത് ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു. പറയുന്നു:

“അവിടുത്തെ ഇമാമിന് പരിശീലനം നല്കുകയും ജുമുഅ നമസ്കാരം നിർവഹിക്കാൻ തുടങ്ങുകയും ചെയ്തു. മൗലവിമാർ ഇതറിഞ്ഞപ്പോൾ ഇവർ അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നതിനു വേണ്ടി കിണഞ്ഞു ശ്രമിച്ചു. എന്നാൽ, ഈ ജമാഅത്തിലെ എല്ലാ നവഅഹ്മദികളും അഹ്മദിയ്യത്തിൽ തന്നെ ഉറച്ചു നിന്നു. അവിടെയും പരാജയപ്പെട്ടപ്പോൾ മൗലവിമാർ അവിടത്തെ രാജാവിന്റെ അടുക്കൽ ചെന്ന് ഇവരെ അഹ്മദിയത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് തടയണമെന്നു പറഞ്ഞു. അങ്ങനെ രാജാവ് ജമാഅത്ത് പ്രസിഡിനെ വിളിപ്പിച്ചു.

“നിങ്ങൾക്ക് പള്ളി വേണമെങ്കിൽ അനഹ്മദികൾ ഉണ്ടാക്കിത്തരും. നിങ്ങൾ അഹ്മദിയ്യത്ത് ഉപേക്ഷിക്കുക.” രാജാവ് പറഞ്ഞു.

“താങ്കൾക്ക് അഹ്മദിയ്യത്തിനെപ്പറ്റി എന്തറിയാം?” പ്രസിഡന്റ് സാഹിബ് ചോദിച്ചു.

“എനിക്കൊന്നും അറിയില്ല. പക്ഷേ മൗലവിമാർ പറയുന്നത് അഹ്മദികൾ മുസ്‌ലിംകൾ അല്ല, ബോക്കോഹറാമിന്റെ ആളുകളാണ്, തീവ്രവാദികളാണ്, നമ്മെയെല്ലാം ഇവർ കൊന്നുകളയും എന്നാണ്”. രാജാവ് മറുപടി നല്കി.

“അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്‌ലാം. മൗലവിമാർ നമ്മെ വഞ്ചിക്കുകയാണ്.” പ്രസിഡന്റ് രാജാവിനെ അറിയിച്ചു.

ആദ്യം രാജാവിന് വിശ്വാസം വന്നില്ല. “നിങ്ങൾ അഹ്മദിയ്യത്ത് ഉപേക്ഷിക്കുക. ഇല്ലെങ്കിൽ ഞാൻ നിങ്ങളെ ഗ്രാമത്തിൽ നിന്ന് പുറത്താക്കുന്നതാണ്” രാജാവ് പറഞ്ഞു.

“ഞങ്ങൾ ഗ്രാമം ഉപേക്ഷിച്ചാലും അഹ്മദിയ്യത്ത് ഉപേക്ഷിക്കില്ല.” പ്രസിഡന്റ് പ്രതി

വചിച്ചു. (എത്രയോ ദൂരം അകലെ ദരിദ്രരായ ആളുകളുടെ ഈമാനാണിത്). ഇതു കേട്ടപ്പോൾ രാജാവിന് മാനാസാന്തരമുണ്ടായി. "നിങ്ങൾ ഗ്രാമം ഉപേക്ഷിക്കേണ്ടതില്ല. നിങ്ങൾ ഇഷ്ടം പോലെ ചെയ്തു കൊള്ളുക." രാജാവ് പറഞ്ഞു.

അങ്ങനെ അല്ലാഹു അവിടെ അവരുടെ ചുവട് ഉറപ്പിച്ചു. വിശ്വാസികളുടെ വിശ്വാസം വർദ്ധിപ്പിച്ചു കൊണ്ട് മാത്രമല്ല, അവരുടെ സ്നേഹം വർദ്ധിപ്പിച്ചു കൊണ്ട്, എന്നല്ല എതിരാളിയായ രാജാവിന്റെ മനസ്സിനെ മൃദുവാക്കിക്കൊണ്ട്, അല്ലാഹു സഹായത്തിനുള്ള സംവിധാനം ഒരുക്കി."

എതിർപ്പിന്റെ പര്യവസാനത്തെയും ദൈവികസഹായത്തെയും കുറിച്ച് വിവരിച്ചുകൊണ്ട് ബെനീനിലെ തന്നെ ഒരു മുബല്ലിഗ് എഴുതുന്നു: "എന്റെ റീജിയണിൽ രണ്ട് വലിയ റേഡിയോ സ്റ്റേഷൻ മുഖേന ആഴ്ചകൾ തോറും ജമാഅത്തീ തബ്ലീഗ് പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. ആ പ്രദേശത്തെ ഒരു വലിയ വിഭാഗം ആളുകളിലേക്ക് ജമാഅത്തിന്റെ സന്ദേശം ദൈവാനുഗ്രഹത്താൽ എത്തിക്കൊണ്ടിരിക്കുന്നു. ഒരു റേഡിയോ സ്റ്റേഷനിൽ എല്ലാ ബുധനാഴ്ചയും 30 മിനിറ്റ് പ്രോഗ്രാം സംപ്രേഷണം ചെയ്തിരുന്നു. പക്ഷേ, ഈ റേഡിയോ ചാനലിന്റെ വൈസ്. ഡയറക്ടർ നമ്മെ എതിർക്കുകയും നമ്മുടെ പ്രോഗ്രാമുകളിൽ തടസ്സം സൃഷ്ടിക്കാൻ ശ്രമിക്കാറുമുണ്ടായിരുന്നു. അല്ലാഹുവിന്റെ സഹായത്താൽ, ആ റേഡിയോ സ്റ്റേഷനിൽ അഴിമതി ആരോപിക്കപ്പെട്ട് കോടതി അയാൾക്ക് തടവ് ശിക്ഷ നല്കി. പുതിയ വൈസ്.ഡയറക്ടറെ ഞങ്ങൾ മിഷനിലേക്ക് ക്ഷണിക്കുകയും ജമാഅത്തിന്റെയും ഇസ്ലാമിന്റെയും വിശ്വാസാദർശങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്തു. ചില സാഹിത്യങ്ങൾ നല്കിക്കൊണ്ട് തബ്ലീഗിന്റെ ലക്ഷ്യമെന്താണെന്ന് പറഞ്ഞു കൊടുത്തു. അതിനു ശേഷം അദ്ദേഹം അല്പനേരം തബ്ലീഗ് പ്രോഗ്രാം കേട്ടു കൊണ്ടിരുന്നു. കുറച്ച് കാലം കഴിഞ്ഞു വീണ്ടും അദ്ദേഹത്തെ കൂടിക്കാഴ്ച്ച നടത്തി.

"നിങ്ങളുടെ തബ്ലീഗ് എന്നെ ഒരുപാട് സ്വാധീനിച്ചു. നിങ്ങൾ തബ്ലീഗ് ചെയ്യുന്ന രീതി വളരെ ഹൃദ്യമാണ്". പുതിയ ഡയറക്ടർ പറഞ്ഞു.

"നിങ്ങൾ പ്രോഗ്രാമിനു വേണ്ടി അടയ്ക്കുന്ന ആ റേറ്റ് തന്നെ നിലനിർത്തിക്കൊണ്ട് എല്ലാ ആഴ്ചയും സ്ഥിരമായി ഒരു എക്സ്ട്രാ പ്രോഗ്രാം കൂടി സൗജന്യമായി നല്കുകയാണ്. യഥാർഥ മതാധ്യാപനങ്ങളെന്തെന്ന് ജനങ്ങൾ അറിയുകയും ഇസ്ലാമിനെ സംബന്ധിച്ച വികലചിന്തകൾ അകലുകയും ചെയ്യട്ടെ." അദ്ദേഹം പറഞ്ഞു. ഞങ്ങൾക്കാണെങ്കിൽ പരിപാടി തുടർന്നു കൊണ്ടുപോകാൻ സാധിക്കുമോ എന്ന ആശങ്കയായിരുന്നു. എന്നാൽ ദൈവാനുഗ്രഹത്താൽ അതേ ചെലവിൽ തന്നെ വാഗ്ദത്ത മസീഹിന്റെ, യഥാർഥ ഇസ്ലാമിന്റെ സന്ദേശമെത്തിക്കാൻ കൂടുതൽ സമയം ലഭിച്ചു."

ആയതിനാൽ, വാഗ്ദത്ത മസീഹിനോടുള്ള ദൈവിക സഹായത്തിന്റെ ദൃശ്യം എല്ലായിടത്തും ദൃശ്യമാണ്.

ഇനി അല്ലാഹു സ്വയം ഹൃദയങ്ങളെ തുറക്കുന്ന ഒരു സംഭവവും ഉണ്ട്. ഇദ്ദേഹം മിസ്റിലെ സഹോദരൻ അഹ്മദ് സാഹിബാണ്. പറയുന്നു:" ഇസ്ലാമിന്റെ യഥാർഥവും ലളിതവുമായ വിശദീകരണം നല്കുന്നതിൽ ഞാൻ നിങ്ങളെ ശ്ലാഘിക്കുന്നു. ലോകത്തിനൊട്ടാകെ കാരുണ്യമായവതരിച്ച തിരുദൂതരുടെ ഇസ്ലാമാണ് നിങ്ങൾ അവതരിപ്പിക്കുന്നത്. ഞങ്ങളാണെങ്കിൽ ഇസ്ലാമിക് സ്റ്റേറ്റിന്റെ പ്രവർത്തനങ്ങളാൽ നിരാശരാണ്. നമ്മുടെ എല്ലാവരുടെയും ചിന്തകൾ നിങ്ങളുടെതു പോലെ ആയിരുന്നെങ്കിൽ എത്ര നന്നായേനെ!"

പറയുന്നു: "പ്രോഗ്രാമിൽ പറഞ്ഞ രീതിയനുസരിച്ച് ഞാൻ രണ്ടു റകഅത്ത് ഇസ്തിഖാറ നമസ്കരിച്ചു. അന്നു രാത്രി തന്നെ ഞാൻ ഒരു സ്വപ്നം കണ്ടു. എന്റെ വീടിന്റെ മുൻപിലുള്ള എല്ലാ വീടുകളും അകന്നു പോയിക്കൊണ്ടിരിക്കുന്നു. ഏതുവരെയെന്നാൽ എന്റെ വീടിനു മുൻപിൽ സാമാന്യം ഒഴിഞ്ഞ സ്ഥലം ഉണ്ടായി വന്നു. അതിനു ശേഷം നിങ്ങൾ അധിക പ്രോഗ്രാമുകളിലും ബാക്സ്ക്രീനിൽ കാണിക്കാറുള്ള വാഗ്ദത്ത മസീഹി(അ)ന്റെ വീടു കണ്ടു. അതായത് ഖാദിയാനിലെ ദാറുൽ മസീഹിന്റെ ഭാഗം."

"ആ വീട്" അദ്ദേഹം പറയുന്നു" അതായത് ദാറുൽ മസീഹിന്റെ ആ ഭാഗം ആ ഒഴിഞ്ഞ ഭൂമിയിൽ നിന്ന് ചെടികളെ പോലെ മുളച്ചു പൊന്തുന്നതായി കണ്ടു. ഇതെങ്ങനെയാണ് മുളച്ചു പൊന്തുന്നത് എന്നത് എന്നെ അദ്ഭുതപ്പെടുത്തി. പിന്നീട് അതിൽ നിന്ന് പ്രകാശം പുറപ്പെടുന്നതായി ഞാൻ കണ്ടു. അതിനു ശേഷം പകൽ ചന്ദ്രനുദിച്ചിരിക്കുന്നുവെന്ന് ജനങ്ങൾ പറയുന്നതു കേട്ടു. എന്റെ പിന്നിൽ സൂര്യൻ ഉദിച്ചിരിക്കുന്നതായും കണ്ടു. സൂര്യനു ചന്ദ്രനും ഉദിച്ചിരിക്കുന്നല്ലോ എന്ന് ഞാൻ അവരോട് പറഞ്ഞു. എനിക്ക് വളരെ സന്തോഷം തോന്നി. കാരണം ആദ്യമായാണ് ഞാൻ ഇസ്തിഖാറ ചെയ്തത്. അതിന് അല്ലാഹു മറുപടിയും തന്നു. ഞാൻ മുൻപേ തന്നെ മുസ്ലിമായിരുന്നെങ്കിലും ആദ്യമായാണ് ദൈവസാമീപ്യം അനുഭവിക്കുന്നത്. അത് അഹ്മദിയ്യാ ജമാഅത്ത് കാരണത്താൽ മാത്രമാണ്. അതിന് ഞാൻ നിങ്ങളോടെല്ലാവരോടും നന്ദി പറയുന്നു."

അഹ്മദിയ്യത്ത് സ്വീകരിക്കാൻ അല്ലാഹു മനസ്സുകളെ തുറക്കുന്ന മറ്റൊരു സംഭവം സിറിയയിലെ സുഹൃത്തായ അഹ്മദ് ദർവേശ് സാഹിബിന്റേതാണ്. "ഞാൻ മുസ്ലിമായിരുന്നെങ്കിലും" അദ്ദേഹം പറയുന്നു "ദീനിൽ നിന്നും അകലെയായിരുന്നു. 2008ൽ എന്റെ സഹോദരൻ അഹ്മദിയ്യത്ത് സ്വീകരിച്ചു. ദീനുമായി ബന്ധമില്ലെങ്കിലും സഹോദരന്റെ ഈ പ്രവൃത്തിയിൽ എനിക്ക് കഠിനമായ ദേഷ്യം വന്നു. പലപ്പോഴും ഞനെന്റെ സഹോദരനുമായി നന്നായി തർക്കിക്കുകയും വഴിവിട്ടു പെരുമാറുകയും ചെയ്യാറുണ്ടായിരുന്നു. ഒടുവിൽ എന്റെ സഹോദരൻ എന്നിൽ നിന്നകന്നു. വിട്ടു നില്ക്കാൻ തുടങ്ങി. 2011ൽ സിറിയയിലെ അവസ്ഥ മോശമായപ്പോൾ ഞാൻ സിറിയൻ സർക്കാറിന്റെ എതിർഗ്രൂപ്പിൽ ചേർന്നു. ആ സമയത്താണ് എനിക്ക് സിറിയൻ സമൂഹത്തിൽ കാണപ്പെടുന്ന എല്ലാ പ്രസ്ഥാനങ്ങളെയും കാണാനുള്ള അവസരം ലഭിച്ചത്. ഒരോ പ്രസ്ഥാനവും മറ്റുള്ളവരെ കുഫ്റ് ഫത്വ നല്കുകയാണെന്ന നിഗമനത്തിൽ ഞാനെത്തി. പരസ്പരം കാഫിറാക്കിക്കൊണ്ടിരിക്കുകയാണിവർ. അടിസ്ഥാനരഹിതങ്ങളായ വിശ്വാസങ്ങളാണ് എല്ലാവരിലും കാണപ്പെടുന്നത്. അവസ്ഥ മോശമായതിനെ തുടർന്ന് ഞങ്ങളുടെ കുടുംബം ഹൽബ് പട്ടണത്തിലെ സമീപപ്രദേശങ്ങളിലേക്ക് താമസം മാറി. അപ്പോൾ എനിക്ക് വീണ്ടും സഹോദരനുമായി മതപരമായ ചർച്ചയിലേർപ്പെടാനുള്ള അവസരം ലഭിച്ചു. ഞാൻ ചോദ്യം ഉന്നയിക്കുമ്പോഴൊക്കെ അദ്ഭുതകരമായ മറുപടിയാണ് സഹോദരൻ നല്കാറുള്ളത്. ഈ ചോദ്യത്തിന് സഹോദരൻ നല്കിയ മറുപടി തന്നെയാണ് യുക്തിപരമെന്നു പറയാൻ നിർബന്ധിതനായിരുന്നു. എന്നാൽ എതിർപ്പിന്റെ കാഠിന്യം കാരണം സത്യം പറയാൻ സാധിച്ചിരുന്നില്ല. അങ്ങനെ ഞങ്ങളുടെ സംഭാഷണം ഈസാ നബിയുടെ മരണത്തിൽ ചെന്നെത്തി. ഈ സംഭഷണത്തിനു ശേഷം ആദ്യമായാണ് ഞാൻ സഹോദരനോട് ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ ആവശ്യപ്പെടുന്നത്. ഗ്രന്ഥങ്ങളെല്ലാം ബോംബേറ് ഭയന്ന് ഉപേക്ഷിച്ച വീട്ടിലാണെന്ന് അദ്ദേഹം പറഞ്ഞു. യുദ്ധം കാരണം വീട്ടിൽ തന്നെ ഉപേക്ഷിച്ചു പോന്നതായിരുന്നു. ഞാൻ അപ്പോൾ തന്നെ ബോംബേറും ഭീകരതയും കൊല്ലും കൊലയും നടമാടുന്ന പ്രദേശത്തു ചെന്നു. എന്തു തന്നെ നടക്കുന്നുണ്ടെങ്കിലും ഗ്രന്ഥങ്ങൾ അവിടെയാണെങ്കിൽ അപകടം എനിക്ക് പ്രശ്നമായിരുന്നില്ല. ഞാൻ പോയി ഗ്രന്ഥങ്ങൾ കൊണ്ടു വന്നു. തിരിച്ചു വന്ന് ഞാൻ ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. ഏതുവയെന്നാൽ ഞാൻ മനസ്സുകൊണ്ട് അഹ്മദിയായി. അക്കാര്യം ഞാൻ സഹോദരനോട് പറയുകയും ചെയ്തു. പക്ഷേ, ആഭ്യന്തരകലാപം കാരണം ബൈഅത്ത് അയക്കാൻ സാധിച്ചില്ല. മുൻപ് ഞാൻ സിറിയൻ സർക്കാറിനെതിരെയുള്ള ഗ്രൂപ്പുമായിച്ചേർന്ന് സർക്കാർ വിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. എന്നാൽ അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തീരുമാനത്തിനു ശേഷം ഇതുസംബന്ധമായി ഖലീഫത്തുൽമസീഹിന്റെ ഖുതുബകൾ കേട്ടയുടനെ ഞാൻ സർക്കാർ വിരുദ്ധ പ്രവർത്തനങ്ങൾ ഉപേക്ഷിച്ചു. എന്റെ പിതാവ് എന്റെ ബൈഅത്തിൽ കഠിനമായി ദേഷ്യപ്പെട്ടു കൊണ്ട് പറഞ്ഞു: "ഇവിടെ നിന്ന് ഇറങ്ങി പോ. ദൈവം നിന്റെ മുഖം എനിക്ക കാണിച്ചു തരാതിരിക്കട്ടെ. ഇനിയൊരിക്കലും നിന്നെ തിരിച്ചു കൊണ്ടു വരാതിരിക്കട്ടെ." എന്റെ വിശ്വാസത്തിനുമുൻപിൽ പിതാവിന്റെവാക്കുകൾ നിഷ്പ്രഭമായിരുന്നു. ദൈവാനുഗ്രഹത്താൽ അദ്ദേഹത്തിന്റെ വൈകാരികസ്വാധീനത്തിൽ നിന്ന് ഞാൻ സുരക്ഷിതനായി. അതിനു ശേഷം തുർക്കിലേക്ക്ഹിജ്റത്തു ചെയ്തു. ഇവിടെ വന്നിട്ട് ആദ്യം ബൈഅത്ത് ഫോം വാങ്ങി പൂരിപ്പിച്ച് അങ്ങേയക്ക് അയക്കുകയായിരുന്നു.

അല്ലാഹു എങ്ങനെയാണ് ശത്രുക്കളുടെ പദ്ധതികളെ തർത്തു കൊണ്ട് ജനഹൃദയങ്ങൾ തുറക്കാനുള്ള ഏർപ്പാടു ചെയ്യുന്നത് എന്നതിലേക്ക് മൊറോക്കോയിലെ ഒരു സുഹൃത്തിന്റെ സംഭവം പറയാം. അബ്ദുൽ കരീം സാഹിബ് പറയുന്നു: "അന്വേഷണത്തിനു ശേഷം അഹ്മദിയ്യ ജമാഅത്ത് ദൈവികപ്രസ്ഥാനമാണെന്ന നിഗമാനത്തിലാണ് ഞാൻ എത്തിയത്. എന്നാൽ ഒരു ആക്ഷേപത്തിനുള്ള മറുപടി അന്വേഷിക്കുന്നതിനിടെ ജമാഅത്തിന്റെ അറബി വെബ്സൈറ്റിൽ മിൻഹാജുത്ത്വാലിബീൻ എന്ന ഗ്രന്ഥം ലഭിച്ചു. ഈ ഗ്രന്ഥത്തിന്റെ തുടക്കത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ചില ആക്ഷേപങ്ങൾക്ക് മറുപടി പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു പണിയും ചെയ്യാതെ വെറുതെ ഇരിക്കുകയാണ് എന്നായിരുന്നു ചിലരുടെ ആക്ഷേപം. അതിനു മറുപടിയായിക്കൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) രാവിലെ എഴുന്നേറ്റ് രാത്രി വരെ താൻ എന്തൊക്കെയാണ് നിത്യേന ചെയ്യുന്നത് എന്നതിന്റെ ഷെഡ്യൂൾ പറയുകയുണ്ടായി." മൊറോക്കൊയിലെ സുഹൃത്ത് എഴുതുന്നു: ഞാനതു വായിച്ചു കൊണ്ടിരിക്കുമ്പോൾ തഫ്സീർ കബീർ എന്റെ മനസ്സിൽ വന്നു കൊണ്ടിരുന്നു. ഇത്രമാത്രം അസാധാരണ കാര്യങ്ങൾ നിത്യവും ചെയ്യുന്ന ഒരു വ്യക്തി തഫ്സീർ കബീർ പോലുള്ള അങ്ങേയറ്റം വൈജ്ഞാനികവുംഗവേഷണപരവുമായജോലി ചെയ്യാൻ സാധിക്കുന്നതെങ്ങനെയെന്ന് ഞാൻ ചിന്തിച്ചു കൊണ്ടിരുന്നു. മിർസാ ഗുലാം അഹ്

മദുൽ ഖാദിയാനി ഇനി വ്യാജവാദിയാണെന്ന് കരുതിയാൽ തന്നെ അദ്ദേഹം തന്റെ മകനെ ഈ കഠിന ജോലിയിൽ ഇട്ടത് എന്തുകൊണ്ട്? മിർസാ സാഹിബ് വ്യാജവാദിയായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ മകൻ സ്വന്തത്തേയോ സ്വന്തം കുടുംബത്തേയോ ആരോഗ്യത്തേയോ വകവെയ്ക്കാതെ രാപകൽ ഇസ്‌ലാമിന്റെ പുരോഗതിക്കായി വിശുദ്ധ ഖുർആനിലെ ജ്ഞാന കലവറകൾ ലോകത്തിനു മുൻപാകെ അവതരിപ്പിക്കുന്നതിൽ എന്തിന് മുഴുകണം? ഇങ്ങനെ ചിന്തിച്ചു കൊണ്ടിരിക്കുന്നതിനിടയിലാണ് നബി(സ)യുടെ പ്രവചനം ഓർമ വന്നത്. അവിടുന്ന് പറഞ്ഞു: മസീഹ് അവതരിച്ചാൽ അദ്ദേഹം വിവാഹം കഴിക്കുകയും പ്രഗദ്ഭരായ കുട്ടികൾ അദ്ദേഹത്തിന് ജനിക്കുന്നതുമാണ്. ഞാൻ ഈ പ്രവചനത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ എന്റെ മനസ്സ് അദ്ഭുതകരമായ വികാരങ്ങൾ കൊണ്ട് നിറഞ്ഞു. അത് വിവരിക്കാൻ എനിക്ക് വാക്കുകളില്ല. ദൈവവചനങ്ങളുടെ പൊരുൾ പ്രചരിക്കേണ്ടതും തഫ്സീർ കബീർ പോലെയുള്ള സമാനതകളില്ലാത്ത ആ വ്യാഖ്യാനം ലോകത്ത് പ്രകടമാകേണ്ടതും ഈ മഹാനിലൂടെയാണ് എന്നെനിക്ക് ബോധ്യമായി. മിൻഹാജുത്ത്വാലിബീന്റെ ആ ഭാഗം വായിച്ചതു കൊണ്ട് ബൈഅത്തിന്റെ മാർഗത്തിലുള്ള തടസ്സങ്ങൾ നീങ്ങി. ഞാൻ തുറന്ന മനസ്സോടെ ബൈഅത്ത് ചെയ്യാൻ തയ്യാറായി.''

അതുകൊണ്ട് അദ്ഭുതകരമായ രീതിയിലാണ് മാർഗങ്ങൾ തുറക്കുന്നത്.

സ്വപ്നങ്ങളിലൂടെ അല്ലാഹു എങ്ങനെയാണ് മാർഗദർശനം നല്കുന്നത് എന്നതിനെപ്പറ്റി യമനിലെ ഈമാൻ സാഹിബ എന്ന സ്ത്രീ പറയുന്നു: "ഇമാം മഹ്ദിയുടെ കാലം വരെ ജീവിച്ചിരിക്കണമെന്ന ആഗ്രഹം എനിക്ക് ചെറുപ്പം മുതലേ ഉണ്ടായിരുന്നു. അതിനു വേണ്ടി ഞാൻ പ്രാർഥിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഞാൻ അറബി ചനൽ മാറ്റിക്കൊണ്ടിരിക്കുമ്പോൾ ഒരു ദീനീ പ്രോഗ്രാമിൽ ഏതോ ഒരാൾ പ്രശസ്തനായ ഒരു മൗലവിയോട് അഹ്മദിയ്യ ജമാഅത്തിന്റെ പേര് പറയാതെ ഇമാം മഹ്ദി ആഗതനായിരിക്കുന്നു, അദ്ദേഹത്തിനു ശേഷം ഖിലാഫത്ത് സ്ഥാപിതമായിരിക്കുന്നു എന്നാണല്ലോ അതിന്റെ വാദം എന്ന് ചോദിച്ചപ്പോൾ മൗലവിസാഹിബ് മറുപടി പറഞ്ഞു: 'അന്ധവിശ്വാസങ്ങൾക്ക് ഇരയായ ഇവർ വ്യാജന്മാരാണ്. അതുകൊണ്ടു നിങ്ങൾ ഇതിന്റെ പിന്നാലെ ചുറ്റിത്തിരിയുന്നതിനു പകരം സാധാരണ നിലയിൽ തന്നെ ജീവിതം നയിച്ചു കൊള്ളുക. എന്തെന്നാൽ, ഇമാം മഹ്ദി ആഗതനായാൽ എല്ലാവർക്കും അറിയാൻ കഴിയും. അദ്ദേഹത്തെ അന്വേഷിച്ചു നടക്കേണ്ട ആവശ്യമുണ്ടാവില്ല.' " അവർ പറയുന്നു: "ആ കാര്യം എന്റെ മനസ്സിൽ പതിഞ്ഞു. അങ്ങനെ ഒരിക്കൽ 2009ൽ എന്റെ സഹോദരൻ ഒരു ചാനൽ കണ്ടതായി എന്നോടു പറഞ്ഞു. അതിൽ ചിലർ ഇമാം മഹ്ദി ആഗതനായിരിക്കുന്നു എന്ന് പറയുന്നുണ്ടായിരുന്നു. ഇതു കേട്ടയുടനെ ആ മൗലവിയോട് ചോദിച്ച ചോദ്യവും അതിനു അദ്ദേഹം നല്കിയ മറുപടിയും ഓർമ വന്നു. ഇമാം മഹ്ദിയുടെ ആഗമനത്തെക്കുറിച്ച് വിളംബരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ ജമാഅത്തിനെക്കുറിച്ചായിരുന്നു ചോദ്യം എന്നെനിക്ക് മനസ്സിലായി." അവർ പറയുന്നു." ആ ചാനലിന്റെ ഫ്രീഖൻസി ഞാൻ സഹോദരനിൽ നിന്ന് വാങ്ങി ചാനൽ വെച്ചപ്പോൾ അതിൽ "അൽ ഹിവാറുൽ മുബാഷിർ" എന്ന പ്രോഗ്രാം നടക്കുകയായിരുന്നു. ഞാൻ ആ പ്രോഗ്രാമിൽ പങ്കെടുക്കുന്ന ഓരോരുത്തരെയും സൂക്ഷിച്ചു നോക്കി. എന്തോ ഒരു പ്രകാശം അവരുടെ മുഖങ്ങളിൽ ഉണ്ടായിരുന്നു. പക്ഷേ, ഇത്ര വിവേകികളായിട്ടും സന്മാർഗത്തിൽ നിന്ന് വ്യതിചലിച്ചല്ലോ എന്നോർത്ത് എനിക്കവരോട് സഹതാപം തോന്നി. ഇന്ന് നമുക്ക് ഐക്യത്തിന്റെ ആവശ്യമാണുള്ളത്. ഇവരാണെങ്കിൽ വേറൊരു ഫിർഖ കൂടി ഉണ്ടാക്കിയിരിക്കുന്നു. മുൻപും ഇസ്‌ലാമിൽ ഫിർഖകൾക്ക് കുറവുണ്ടായിരുന്നില്ലല്ലോ എന്നും ഞാൻ പറഞ്ഞു. ഇങ്ങനെയൊക്കെയുള്ള ചിന്തകൾ എനിക്കുണ്ടായിട്ടും അവർ പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ അതെന്റെ മനസ്സിൽ കൊണ്ടു." അവർ പറയുന്നു: "പ്രോഗ്രാം കഴിഞ്ഞപ്പോൾ ഒരു ഖസീദ കേൾപ്പിച്ചു. അത് ഇമാം മഹ്ദി എഴുതിയതാണെന്നാണ് പറഞ്ഞത്. ആ ഖസീദയുടെ വാക്കുകളും സ്വാധീനവും അസാധാരണമായിരുന്നു. ഞാൻ എന്റെ ഭർത്താവിനോടൊപ്പം ആ ചാനൽ കാണാൻ തുടങ്ങി. ആ ചാനലിനോടുള്ള താത്പര്യം ദിനേന വർദ്ധിച്ചു വന്നു. ഏതുവരെയെന്നാൽ, കുറച്ചു ദിവസങ്ങൾക്കകം തന്നെ നമ്മുടെ വീട്ടിൽ മറ്റു ചാനലുകളെല്ലാം നിർത്തലാക്കി. എം.ടി.എ മാത്രമാക്കി. ഞങ്ങളുടെ വീട്ടിലെ എല്ലാ അംഗങ്ങളും ഈ ചാനലിൽ വിവരിക്കുന്ന ആശയങ്ങളെ ഇഷ്ടപ്പെടാൻ തുടങ്ങി. വാഗ്ദത്ത മസീഹി(അ)ന്റെ വാക്കുകൾക്ക് തന്നെ അദ്ഭുതകരമായ സ്വാധീനമായിരുന്നു. അദ്ദേഹത്തിന്റെ ഖസീദ കേൾക്കുമ്പോൾ എന്റെ കണ്ണുകൾ നനയുമായിരുന്നു. കാരണം, ഈ വാക്കുകൾ ദൈവത്തിൽ നിന്നുള്ള ഒരാളിൽ നിന്ന് മാത്രമേ പുറപ്പെടുകയുള്ളു. ഇത്രത്തോളം ആകർഷണവും ആഴവുമുള്ള വാക്കുകൾ രചിക്കുക എന്നത് ഒരു സാധാരണക്കാരന്റെ കഴിവിൽപ്പെട്ടതല്ല." പറയുന്നു" ഏതായാലും എല്ലാ കാര്യങ്ങളും തൃപ്തി വന്നതിനു ശേഷം 2010 ജനുവരിയിൽ ഞാൻ ബൈഅത്ത് ചെയ്യാൻ കത്തെഴുതി. എന്റെ ഭർത്താവ് ഇന്റർനെറ്റ് കഫെയിൽ നിന്ന് കത്തയക്കാൻ പലവട്ടം ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. അതെനിക്ക് സാധിക്കാതെ വന്നപ്പോൾ കുട്ടിക്കാലത്ത് എനിക്കുണ്ടായ ഒരു സ്വപ്നം ഓർമ വന്നു. ഒരു വരണ്ട ഭൂപ്രദേശത്ത് എന്റെ മുന്നിൽ ഒരു നീളമുള്ള നിഴൽ കാണപ്പെട്ടു. അത് നബി(സ)യുടെ പ്രതിബിംബമാണെന്നാണ് അതിനെപ്പറ്റി സ്വപ്നത്തിൽ മനസ്സിലായത്. ആ പ്രതിബിംബം എന്റെയടുക്കലേക്ക് കൈ നീട്ടിയപ്പോൾ അത് പിടിക്കാൻ ഞാൻ ഓടുകയാണ്. കൈപിടിക്കാനുള്ള തത്രപ്പാടിൽ ഞാൻ ചിലപ്പോൾ വീണു പോകുന്നു. എന്നാൽ വീണ്ടും എഴുന്നേറ്റ് ഓടാൻ തുടങ്ങുന്നു. അപ്പോഴേക്കും ഞാൻ കണ്ണു തുറന്നു. ആ സ്വപ്നത്തിൽ തിരുമേനിയുടെ പ്രതിബിംബം കൊണ്ടുദ്ദേശിക്കുന്നത് തിരുമേനിയുടെ ശ്രേഷ്ഠഗുണങ്ങളുടെ പ്രതീകമായ വാഗ്ദത്ത മസീഹാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹം ളില്ലീ നബിയാണ്. ഒരുപാട് ശ്രമങ്ങൾക്കൊടുവിൽ ആ പുണ്യാത്മാവിന്റെ കൈ പുണരാൻ സാധിച്ചത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടു മാത്രമാണ്. കാരണം എല്ലാ പരാജയങ്ങൾക്കും ഒടുവിൽ 2010 മാർച്ചിൽ ഞങ്ങൾ ബൈഅത്ത് അയക്കുന്നതിൽ വിജയിച്ചു. ബൈഅത്ത് ചെയ്തതു മുതൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ മഴ പോലെ വർഷിച്ചു കൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ അത്യദ്ഭുതകരമായ ശക്തിപ്രഭാവങ്ങൾ എത്ര മാത്രം ദർശിക്കുന്നുവെന്നാൽ വിവരണാതീതമാണവ. ദൈവം ശരിക്കും അദ്ഭുതശക്തി പ്രഭാവങ്ങളോട് കൂടിയവനാണ്. ഞാൻ ദുആ ചെയ്തപ്പോഴൊക്കെ അവ സ്വീകരിക്കപ്പെട്ടതിന്റെ അടയാളങ്ങൾ കാണുകയുണ്ടായി. നമ്മുടെ ദൈവം വളരെ കാരുണ്യവാനാണ്. അങ്ങയോടും എല്ലാ വിശ്വാസികളോടുമുള്ള സ്നേഹം എന്റെ മനസ്സിൽ എന്റെ നഫ്സിനെക്കാളും കുടുംബത്തെക്കാളും സന്താനങ്ങളെക്കാളും ശീതള പാനീയത്തെക്കാളും വർദ്ധിച്ചിരിക്കുന്നു.

ആയതിനാൽ, എതിർപ്പുകളുണ്ടായാലും പൈശാചിക ആക്രമണങ്ങളുണ്ടായാലും അല്ലാഹു സത്പ്രകൃതക്കാർക്ക് മാർഗദർശനം നല്കുകയും അവരുടെ ഹൃദയം തുറക്കുകയും അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള സൗഭാഗ്യം നല്കുകയും ചെയ്യുന്നു. അല്ലാഹു സ്വയം കൈപിടിച്ചു കൊണ്ട് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം നല്കുന്ന തരത്തിൽ അനേകം സംഭവങ്ങൾ മുന്നിൽ വരാറുണ്ട്. വാഗ്ദത്ത മസീഹി(അ)നെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ദൃശ്യങ്ങളുണ്ടായിട്ടുണ്ട്. ദൈവം നിന്റെ നാമത്തെ ലോകവസാനം വരെ ആദരവോടെ നിലനിർത്തുന്നതാണെന്നും നിന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതാണെന്നും അല്ലാഹു വാഗ്ദത്ത മസീഹി(അ)നോട് പറഞ്ഞിരുന്നു. പിന്നീട് അല്ലാഹു പറഞ്ഞു: നിന്നെ നിന്ദിക്കാനും പരാജയപ്പെടുത്താനും ശ്രമിക്കുന്നവർ, നിന്നെ നശിപ്പിക്കാൻ തുനിഞ്ഞു കൊണ്ടിരിക്കുന്നവർ സ്വയം പരാജിതരായി ലക്ഷ്യം കാണാതെ മരണമടയുന്നതാണ്. അല്ലാഹു വീണ്ടും പറയുന്നു: ഞാൻ നിന്റെ ആത്മാർഥരായ ഇഷ്ടജനങ്ങളുടെ സംഘത്തെ വർദ്ധിപ്പിക്കുന്നതാണ്. അവരുടെ നഫ്സുകളിലും സമ്പത്തിലും ഞാൻ അനുഗ്രഹം ചൊരിയുന്നതാണ്. അവയെ വർദ്ധിപ്പിക്കുന്നതാണ്. അസൂയാലുക്കളും ശത്രുക്കളുമായ മുസ്‌ലിംകളിലെ മറ്റു കൂട്ടരുടെ മേൽ അവർ ഖിയാമത്ത് നാൾ വരെ ആധിപത്യം പുലർത്തുന്നതാണ്. (അതായത് മുസ്‌ലിംകളും മറ്റു ഫിർഖകളും ഉണ്ടാകും പക്ഷേ, വിജയം അഹ്മദിയാ ജമാഅത്തിനായിരിക്കും ലഭിക്കുക. ഇൻശാ അല്ലാഹ്). പറഞ്ഞു: ദൈവം അവരെ(അതായത് വിശ്വാസികളെ) മറക്കുകയോ വിസ്മരിച്ചു കളയുകയോ ചെയ്യുന്നതല്ല. അവർക്ക് ആത്മാർഥതയുടെ നിലവാരമനുസരിച്ച് പ്രതിഫലം ലഭിക്കുന്നതായിരിക്കും. (ആയിനെ കമാലാത്തെ ഇസ്‌ലാം റൂഹാനി ഖസായി വാള്യം5. പേ.648)

ആയതിനാൽ, അല്ലാഹു ഇതനുസരിച്ചു ജമാഅത്തിൽ നിത്യേന ആത്മാർഥരായ ആളുകൾ പ്രവേശിക്കാനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ.

വാഗ്ദത്ത മസീഹി(അ)നോട് അല്ലാഹു ചെയ്ത അനേകം വാഗ്ദാനങ്ങൾ പൂർത്തിയായതായി നാം കാണുന്നു. അതുകൊണ്ട് തന്നെ ജമാഅത്തിന്റെ അംഗബലത്തെക്കുറിച്ചുള്ള വാഗ്ദാനവും പൂർത്തിയാവുന്നതാണ്, ഇൻശാ അല്ലാഹ്. അസൂയാലുക്കളുടെയും ശത്രുക്കളുടെയും മേൽ നാം എന്നും വിജയം വരിച്ചിട്ടേയുള്ളു. അവരുടെ പക്കൽ പ്രമാണം ഒന്നുമില്ല. സംഭവങ്ങളിൽ കേട്ടതു പോലെ, ഞങ്ങളുടെ അടുക്കൽ എതിർപ്പ് അല്ലാതെ പ്രമാണമായി ഒന്നും ഉണ്ടായിരുന്നില്ല എന്നാണ് ജനങ്ങൾ പറഞ്ഞത്. ഭാവിയിലും ഇൻശാ അല്ലാഹ് പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ എപ്പോഴും നാം തന്നെയായിരിക്കും വിജയികൾ.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നതിന് ആത്മാർഥത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയായിത്തീരുകയാണ് വേണ്ടത്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖും തന്നനുഗ്രഹിക്കുമാറാകട്ടെ. വാഗ്ദത്ത മസീഹിന്റെ മറ്റൊരു ഉദ്ധരണിയും ഞാൻ വായിച്ചു കേൾപ്പിക്കുകയാണ്. അദ്ദേഹം പറയുന്നു: ''അവർ (ശ

ശേഷം പേജ് 11ൽ

# ഖുത്ബ ജുമുഅ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ ഭൂരിഭാഗവും ഈ ചിന്തയുള്ളവരാണ്. അവർക്ക് ശ്രദ്ധയുണ്ട്. കുറഞ്ഞപക്ഷം തങ്ങളുടെ മക്കൾക്ക് എങ്ങനെ ശിക്ഷണം നല്കണമെന്ന ചിന്തയെങ്കിലും ഉണ്ട്. ലൗകികതയോടുള്ള സ്നേഹം എല്ലാവരെയും ഗ്രസിച്ചിരിക്കുന്ന ഇക്കാലത്ത് ഹദ്റത്ത് മസീഹ്മൗഊദി(അ)ൽ വിശ്വസിച്ചതുന്റെ ഫലമായി നാം നമ്മുടെ സന്താനങ്ങളുടെ ഭൗതികകാര്യങ്ങളെക്കുറിച്ചു മാത്രമല്ല അവരുടെ മതപരമായ അഭിവൃദ്ധിയെക്കുറിച്ചും ചിന്തിക്കുന്നു എന്നത് അല്ലാഹു നാം അഹ്മദികളോടു ചെയ്തിട്ടുള്ള വലിയ ഔദാര്യവും കാരുണ്യവുമാണ്. അല്ലാഹു നാം മുസ്‌ലിംകളുടെമേൽ മറ്റൊരു ഔദാര്യം കൂടിചെയ്തിട്ടുണ്ട്. മുസ്‌ലിംകൾ ഇതിലേക്ക് ശ്രദ്ധ തിരിച്ച് ഇതനുസരിച്ച് പ്രവർത്തിക്കണമെന്ന നിബന്ധനയോടുകൂടിയാണത്. അതായത്, ഒരുകുട്ടി ജനിക്കുന്നതിനു മുൻപുള്ള കാലംതൊട്ട് തർബ്ബിയത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കുട്ടി കടന്നു പോകുമ്പോഴും അതിനു വേണ്ട ദുആകൾ വിശുദ്ധ ഖുർആനിലെ വിവിധ സ്ഥലങ്ങളിൽ പഠിപ്പിക്കുകയും ശിക്ഷണമാർഗങ്ങൾ പറഞ്ഞുതരികയും മാതാപിതാക്കളുടെ ഉത്തരവാദിത്തങ്ങളിലേക്ക് ശ്രദ്ധ തിരിക്കുകയും ചെയ്തിരിക്കുന്നു. നാം ഈ ദുആ ചെയ്യുന്നവരും ഈ മാർഗമനുസരിച്ച് ജീവിതം നയിക്കുകയും തങ്ങളുടെ സന്താനങ്ങളുടെ ശിക്ഷണകാര്യങ്ങളിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുന്നവരുമാണെങ്കിൽ മാത്രമേ സച്ചരിതരായ ഒരുതലമുറയെ വിട്ടു പോകുന്നവരായിത്തീരുകയുള്ളു.

**സന്താനങ്ങൾ സച്ചരിതരും കാലഘട്ടത്തിന്റെ ദു:സ്വാധീനങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനും വേണ്ടി സ്ത്രീയും പുരുഷനും സന്താനങ്ങൾ ഉണ്ടാകാൻ ആഗ്രഹിക്കുമ്പോൾ അവരുടെ ജനനത്തിനു മുൻപേ നന്മകളിൽ ചരിക്കേണ്ടത് അനിവാര്യമാണ്,**

അതുകൊണ്ട് സന്താനങ്ങൾക്കുവേണ്ടി ദുആ ചെയ്യുമ്പോൾ അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുകയും അവനെ പരിപൂർണമായി അനുസരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമേ ദുആ സ്വീകരിക്കപ്പെടുകയുള്ളു. ആയതിനാൽ, മാതാവിന്റെയും പിതാവിന്റെയും ഉത്തരവാദിത്വം വളരെ വലുതാണ്. കുട്ടികളുടെ സംസ്കരണത്തിനും അവരുടെ ശിക്ഷണത്തിനും നന്മയ്ക്കും വേണ്ടി നിരന്തരം അല്ലാഹുവിനോട് ദുആ ചെയ്യേണ്ടതാണ്. സന്താനങ്ങൾക്ക ുവേണ്ടി നല്ല മാതൃക സ്ഥാപിക്കേണ്ടതാണ്. തങ്ങളുടെ മാതൃക ദൈവികധ്യാപനങ്ങൾക്ക് വിരുദ്ധമാണെങ്കിൽ, സ്വന്തം മാതൃക മാതാപിതാക്കൾ മക്കൾക്ക് നല്കുന്ന ഉപദേശങ്ങൾക്ക് എതിരാണെങ്കിൽ പരിഷ്കരണത്തിനു വേണ്ടിയുള്ള പ്രാർഥനയിൽ സദുദ്ദേശമുണ്ടാവില്ല. ഇത്തരം കർമ്മങ്ങളുടെ അഭാവത്തിൽ തങ്ങൾ മക്കൾക്കുവേണ്ടി ഒരുപാട് പ്രാർഥിച്ചിട്ടും അവർ വഴിപിഴച്ചു പോയി എന്ന് പരാതിപ്പെടുന്നതും ശരിയല്ല.

**തങ്ങളുടെ മക്കളെ ദീനീ കാര്യങ്ങളിൽ താത്പര്യം ജനിപ്പിക്കാൻ വഖ്ഫെ നൗ കുട്ടികളുടെ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്.**

വഖ്ഫെ നൗ കുട്ടികൾ ആദ്യം ജമാഅത്തിന് ആവശ്യമുണ്ടോ എന്ന്ചോദിക്കുക. ജമാഅത്ത് അനുവദിക്കുകയാണെങ്കിൽ നിങ്ങൾ സ്വന്തം ജോലിചെയ്തുകൊള്ളുക. അല്ലാത്തപക്ഷം, അവർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിക്കൊണ്ട്, തങ്ങളുടെ മാതാപിതാക്കളുടെ പ്രതിജ്ഞ പൂർത്തീകരിച്ചുകൊണ്ട് സ്വയം ജമാഅത്തിനു വേണ്ടി വഖ്ഫ് ചെയ്യേണ്ടതാണ്.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

2017 ജൂലൈ 14/1396 വഫാ 14
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا

الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

നിരവധി സ്ത്രീകളും പുരുഷന്മാരും തങ്ങ ൾക്ക് സന്താനങ്ങളുണ്ടാകാൻ പോകുന്നു, അതിനു വേണ്ടി ദുആ ചെയ്താലും, അല്ലെ ങ്കിൽ ഈ സന്താനങ്ങൾക്കു വേണ്ടി എന്തു ദുആയാണ് ചെയ്യേണ്ടത്, അല്ലെങ്കിൽ ഞങ്ങ ളുടെ കുട്ടികൾ യുവത്വത്തിലേക്ക് അടുത്തു കൊണ്ടിരിക്കുകയാണ് അവരുടെ ശിക്ഷണകാ ര്യങ്ങളെക്കുറിച്ച് ആശങ്കയുണ്ട്, അങ്ങ് ദുആ ചെയ്താലും, നമ്മുടെ കുട്ടികൾ നന്മയിലും സന്മാർഗത്തിലും പദമൂന്നുന്നവരായിത്തീരാൻ എങ്ങനെയാണ് തർബിയത്ത് ചെയ്യേണ്ടത് എ ന്നെല്ലാം ചോദിച്ച് എഴുതുകയും സന്ദർശന വേളയിൽ പറയാറുമുണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅ ത്തിന്റെ ഭൂരിഭാഗവും ഈ ചിന്തയുള്ളവരാണ്. അവർക്ക് ശ്രദ്ധയുണ്ട്. കുറഞ്ഞപക്ഷം തങ്ങ ളുടെ മക്കൾക്ക് എങ്ങനെ ശിക്ഷണം നല്ക ണമെന്ന ചിന്തയെങ്കിലും ഉണ്ട്. ലൗകികത യോ ടുള്ള സ്നേഹം എല്ലാവരെയും ഗ്രസിച്ചിരിക്കുന്ന ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദി(അ) ൽ വിശ്വസിച്ചതിന്റെ ഫലമായി നാം നമ്മുടെ സന്താനങ്ങളുടെ ഭൗതിക കാര്യങ്ങളെക്കുറിച്ചു മാത്രമല്ല അവരുടെ മതപരമായ അഭിവൃദ്ധിയെ ക്കുറിച്ചും ചിന്തിക്കുന്നു എന്നത് അല്ലാഹു നാം അഹ്മദികളോടു ചെയ്തിട്ടുള്ള വലിയ ഔ ദാര്യവും കാരുണ്യവുമാണ്. അല്ലാഹു നാം മുസ്‌ലിംകളുടെ മേൽ മറ്റൊരു ഔദാര്യം കൂടി ചെയ്തിട്ടുണ്ട്. മുസ്‌ലിംകൾ ഇതിലേക്ക് ശ്രദ്ധ തിരിച്ച് ഇതനുസരിച്ച് പ്രവർത്തിക്കണമെന്ന നിബന്ധനയോടു കൂടിയാണത്. അതായത്, ഒരു കുട്ടി ജനിക്കുന്നതിനു മുൻപുള്ള കാലം തൊട്ട് തർബ്ബിയത്തിന്റെ വിവിധ ഘട്ടങ്ങളി ലൂടെ കുട്ടി കടന്നു പോകുമ്പോഴും അതിനു വേണ്ട ദുആകൾ വിശുദ്ധ ഖുർആനിലെ വിവിധ സ്ഥലങ്ങളിൽ പഠിപ്പിക്കുകയും ശിക്ഷ ണമാർഗങ്ങൾ പറഞ്ഞു തരികയും മാതാപി താക്കളുടെ ഉത്തരവാദിത്തങ്ങളിലേക്ക് ശ്രദ്ധ തിരിക്കുകയും ചെയ്തിരിക്കുന്നു. നാം ഈ ദുആ ചെയ്യുന്നവരും ഈ മാർഗമനു സരിച്ച് ജീവിതം നയിക്കുകയും തങ്ങളുടെ സന്താനങ്ങളുടെ ശിക്ഷണകാര്യങ്ങളിലേക്ക് ശ്ര ദ്ധിക്കുകയും ചെയ്യുന്നവരുമാണെങ്കിൽ മാത്രമേ നാം സച്ചരിതരായ ഒരു തലമുറയെ വിട്ടു പോ കുന്നവരായിത്തീരുകയുള്ളു.

കുട്ടികളുടെ ശിക്ഷണം എളുപ്പമുള്ള കാര്യ മല്ല എന്നതിൽ സംശയമില്ല. പ്രത്യേകിച്ചും, ഓരോ ചുവടിലും പൈശാചികമായ താത്പ ര്യങ്ങൾ നിത്യേന വിവിധ രൂപത്തിൽ നമ്മുടെ മുൻപിൽ വരുമ്പോൾ,പ്രയാസകരമാണത്. എന്നി രുന്നാലും, നാം ആഗ്രഹിക്കുകയാണെങ്കിൽ ന മുക്കും നമ്മുടെ കുട്ടികൾക്കും പിശാചിന്റെ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി യാണ് അല്ലാഹു ദുആയും മാർഗങ്ങളും പറഞ്ഞു തന്നിരിക്കുന്നത്. ഇതിന് നിരന്തരമായ ദുആയും ദൈവികസഹായം തേടിക്കൊണ്ടുള്ള പ്രയത്ന വും അനിവാര്യമാണ്. നിരന്തരമായ ജിഹാദിന്റെ ആവശ്യമുണ്ട്. അല്ലാഹുവുമായി ഒട്ടിച്ചേർന്നു കൊണ്ട് തന്നെയും തന്റെ സന്താനങ്ങളെയും പിശാചിന്റെ ആക്രമണങ്ങളിൽ നിന്ന് സംര ക്ഷിക്കുമെന്നാണ് ഒരു യഥാർഥ വിശ്വാസിയി ൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്നത്. അല്ലാതെ, നിരാശയും പരിഭ്രമവും കൊണ്ട് നെഗറ്റീവ് ചിന്തകൾക്ക് വിധേയരാവരുത്.

നെഗറ്റീവ് ചിന്തയുടെ ഉദാഹരണം ഒരു കത്തിൽ ഞാൻ വായിക്കാനിടയായി. ഒരാൾ എഴു തി: 'ഇക്കാലത്ത് ലോകം പണത്തിനു വേണ്ടി പരക്കം പായുകയാണ്. അധാർമ്മിക പ്രവർ ത്തനങ്ങൾ അതിന്റെ പാരമ്യതയിൽ എത്തി യിരിക്കുന്നു. പുതിയതരത്തിലുള്ള ലഹരിപദാ ർഥങ്ങളുടെ ഉപയോഗം സാധാരണമായിരി ക്കുന്നു. സമൂഹത്തിന്റെ ഈ ദുർന്നടപ്പ് വർ ദ്ധിച്ചുകൊണ്ടിരിക്കുകയാണ്." അദ്ദേഹം വീണ്ടു പറയുകയാണ്: അതുകൊണ്ട് ഞാൻ വിവാഹം കഴിച്ചാലും വിവാഹിതനായാലും സന്താനര ഹിതനാവണമെന്നാണ് ചിന്തിക്കുന്നത്. കുട്ടിക ളുണ്ടാവരുത്." അങ്ങേയറ്റം നിരാശാജനകമായ ചിന്തയാണിത്. പിശാചിനാൽ പരാജിതനായി എല്ലാ ശക്തിയുടെ ഉറവിടവും ഉടമസ്ഥനും അവനാണെന്ന് ഗണിക്കുന്നതു പോലെയാണത്. നാം എത്ര തന്നെ ശ്രമിച്ചാലും സന്താനങ്ങളുടെ ശിക്ഷണകാര്യങ്ങളിൽ നാം ചെയ്യുന്ന ശ്രമങ്ങ ളിലും ദുആകളിലും അനുഗ്രഹം നല്കാനും പിശാചിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മുടെ സന്താനങ്ങളെ രക്ഷിക്കാനും അല്ലാഹുവിന് കഴിവില്ലെന്ന് ചിന്തിക്കുന്നതു പോലെ. ഏതൊ രു വിപ്ലവം സംജാതമാക്കാനാണോ അല്ലാഹു വാഗ്ദത്ത മസീഹി(അ)നെ അയച്ചത് അതിന്റെ ഭാഗമാകുന്നതിനായി നാം നമ്മുടെ സർവ കഴി വുകളെയും ശേഷികളെയും ഉപയുക്തമാക്കേ ണ്ടതാണ്. നമ്മുടെ തലമുറകളിൽ നമ്മുടെ ലക്ഷ്യത്തിന്റെ ആ ആത്മാവിനെ ഊതേണ്ട താണ്. അവർക്കു വേണ്ടി പ്രാർഥിക്കുകയും അവരെ സംസ്കരിക്കുകയും വേണം. വൃത്തി കേടുകൾ സമൂഹത്തിലുണ്ടാകുമ്പോൾ പി ശാചിനെ ജയിക്കാൻ വിടരുത്. ലോകത്ത് ദൈവി ക ഭരണം സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്. ഇൻശാ അല്ലാഹ്.

ആയതിനാൽ, നിരാശനാകേണ്ടതില്ല. മറിച്ച്, ദൃഢചിത്തനായിക്കൊണ്ട് അല്ലാഹു പറഞ്ഞ മാർഗങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ട ആവശ്യ കതയാണുള്ളത്. ഞാൻ പറഞ്ഞതു പോലെ,

അല്ലാഹു വിശുദ്ധ ഖുർആനിൽ പരിശുദ്ധ സന്താനങ്ങൾക്കു വേണ്ടിയുള്ള ദുആ പഠിപ്പിച്ചിരിക്കുന്നു. ഒരിടത്ത് ഹ:സക്കരിയ നബി(അ) യിലൂടെ ദുആ പഠിപ്പിച്ചിരിക്കുന്നു. അതിങ്ങനെയാണ്: *റബ്ബി ഹബ് ലീ മിൻലദുൻക ദുർരി യ്യത്തൻത്വയ്യിബത്തൻ.ഇന്നക്കസമീഉദ്ദുആ* (ആലിംറാൻ 39). എന്റെ റബ്ബേ നിന്റെ പക്കൽ നിന്ന് എനിക്ക് പരിശുദ്ധരായ സന്തതികളെ പ്രദാനം ചെയ്താലും. തീർച്ചയായും നീ അധികമായി പ്രാർഥനകൾ കേൾക്കുന്നവനാണ്. താൻ പ്രാർഥന കേൾക്കുന്നവനായതു കൊണ്ട് നിങ്ങളും 'അല്ലാഹുവേ, നീ പ്രാർഥന കേൾക്കുന്നവനാണല്ലോ, നീ ഞങ്ങൾക്ക് പരിശുദ്ധരായ സന്താനങ്ങളെ തന്നരുളേണമേ' എന്ന് ദുആ ചെയ്യാൻ അല്ലാഹു സ്വയം പഠിപ്പിച്ചു. അതുകൊണ്ട് പരിശുദ്ധ സന്താനങ്ങളുണ്ടാകണമെന്ന് ഉത്ക്കടമായി ആഗ്രഹിക്കുന്നവർ അതിനായി ദുആ ചെയ്യുകയും വേണമെന്ന് മാത്രമല്ല മാതാപിതാക്കളിൽ ആ പാവനചിന്തകളും സത്കർമ്മങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. സദ്വൃത്തരുടെയും പ്രവാചകന്മാരുടെയും ഗുണങ്ങൾ അവലംബിക്കേണ്ടതാണ്. ചിലപ്പോൾ മതകാര്യങ്ങളിലും ആരാധനാകർമ്മങ്ങളിലും മാതാക്കൾ ശ്രദ്ധ കൊടുക്കുമ്പോൾ പുരുഷന്മാർ ശ്രദ്ധിക്കാറില്ല. ചിലയിടങ്ങളിൽ പുരുഷന്മാർ ശ്രദ്ധിക്കുമ്പോൾ സ്ത്രീകളായിരിക്കും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാതിരിക്കുന്നത്. സന്താനങ്ങൾ പരിശുദ്ധരാകുന്നതിനും കാലത്തിന്റെ ദു:സ്വാധീനങ്ങളിൽ നിന്ന് സുരക്ഷിതരാകുന്നതിനും അനിവാര്യം സന്താനങ്ങൾക്കു വേണ്ടി ആഗ്രഹിക്കുമ്പോൾ അവരുടെ ജനനത്തിനുമുൻപേതന്നെ ഭാര്യാഭർത്താക്കന്മാർ രണ്ടുപേരും നന്മകളിൽ ചരിക്കുന്നവരായിക്കുക എന്നതാണ്.

സന്താനങ്ങളുണ്ടാകാൻ വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്ത ഒരു സംഭവം സഹാബാക്കളുടെ ചരിത്രത്തിൽ നിന്ന് ലഭിക്കുന്നുണ്ട്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ ദുആക്ക് ഉപാധികൾ വെയ്ക്കുകയുണ്ടായി. ആ വ്യക്തി തന്റെയുള്ളിൽ ഒരു പരിശുദ്ധ മാറ്റം ഉണ്ടാക്കണം എന്നതായിരുന്നു നിബന്ധന. അദ്ദേഹം അന്ന് അഹ്മദിയായിരുന്നില്ല. വാഗ്ദത്ത മസീഹിന്റെ അനുസരണ പ്രതിജ്ഞയിൽ അപ്പോൾ വന്നിരുന്നുമില്ല. ഒരുപക്ഷേ, അദ്ദേഹത്തിലുണ്ടായിരുന്ന വല്ല നന്മ കൊണ്ടാകാം ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിനു വേണ്ടി ദുആ ചെയ്തു. മുൻശി അത്താ മുഹമ്മദ് സാഹിബ് പട്ട്വാരിയാണ് ആ വ്യക്തി.' ഞാൻ അനഹ്മദിയായിരുന്നു' അദ്ദേഹം പറയുന്നു ' ദീനിൽ നിന്നും വളരെ അകലെയായിരുന്നു.' ഇദ്ദേഹത്തിന്റെ ഒരു സുഹൃത്ത് ഇദ്ദേഹത്തെ തബ്ലീഗ് ചെയ്യാറുണ്ടായിരുന്നു. 'പക്ഷേ, ഞാൻ ശ്രദ്ധ കൊടുക്കാറുണ്ടായിരുന്നില്ല' അദ്ദേഹം പറയുന്നു 'ഒരു ദിവസം അദ്ദേഹം ഇതുസംബന്ധമായി എന്നോട് വളരെയധികം സംസാരിച്ചു. താൻ പറയുന്നത് കേൾക്കാനും അതിൽ ചിന്തിക്കാനും വേണ്ടി എന്റെ പിന്നാലെ കൂടി.ഞാൻ പറഞ്ഞു: ' ശരി നിങ്ങൾ ഇത്രത്തോളം പറഞ്ഞ സ്ഥിതിക്ക് ഞാൻ താങ്കളോട് ഒരു ദുആക്ക് വേണ്ടി പറയുകയാണ്. അത് സ്വീകരിക്കപ്പെട്ടാൽ ഞാൻ ആലോചിക്കാം. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ദുആ സ്വീകരിക്കപ്പെടുമെന്നാണല്ലോ താങ്കൾ പറയുന്നത്. എങ്കിൽ താങ്കൾ അദ്ദേഹത്തോട് എനിക്കു വേണ്ടി ദുആ ചെയ്യാൻ പറയൂ. എനിക്ക് മൂന്നു ഭാര്യമാരുണ്ട്. ആർക്കും കുട്ടികളില്ല. സന്താനങ്ങളുണ്ടാകുന്നതിനു വേണ്ടിയാണ് ഞാൻ മറ്റു വിവാഹങ്ങൾ കഴിച്ചത്. എന്റെ ആദ്യഭാര്യയിൽ ആൺകുട്ടി ജനിക്കാൻ വേണ്ടിയാണ് ദുആ ചെയ്യേണ്ടത്.'അദ്ദേഹം പറയുന്നു: 'അദ്ദേഹം എനിക്ക് വേണ്ടി കത്തെഴുതി. കുറച്ചു കാലം കഴിഞ്ഞപ്പോൾ ഹുസൂർ ദുആ ചെയ്തിരിക്കുന്നു എന്നു പറഞ്ഞ് അബ്ദുൽ കരീം സാഹിബിന്റെ ഭാഗത്തു മറുപടി വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്തിരിക്കുന്നു. താങ്കൾക്ക് ആൺകുഞ്ഞ് പിറക്കുമെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. എന്നാൽ ഒരു നിബന്ധനയുണ്ട്. താങ്കൾ സക്കരിയ്യാ നബിയുടെ തൗബ ചെയ്യുക.' മുൻശി സാഹിബ് പറയുന്നു: ഞാൻ അന്നാളുകളിൽ തികഞ്ഞ നിർമതനായിരുന്നു. മദ്യപാനിയും കൈക്കൂലി വാങ്ങുന്ന ആളുമായിരുന്നു. പൊതുവേ ഞാൻ കൈക്കൂലി വാങ്ങുന്ന ആളായിരുന്നു. സക്കരിയ്യ നബിയുടെ തൗബയെന്താണെന്ന് എനിക്ക് എന്തറിയാം. അങ്ങനെ സക്കരിയാ നബിയുടെ തൗബ എന്താണെന്ന് അറിയാൻ ഞാൻ പള്ളിയിൽ പോയി. മദ്യപാനിയായ എന്നെ പള്ളിയിൽ കണ്ട ഇമാം ഇയാൾ എങ്ങനെ ഇവിടെ വന്നു എന്ന് ആശ്ചര്യപ്പെട്ടു. ഏതായാലും ഞാൻ അദ്ദേഹത്തോട് കാര്യം അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന് എന്റെ ചോദ്യത്തിന് മറുപടി തരാനായില്ല. അങ്ങനെ അടുത്ത ഗ്രാമത്തിലെ ഫതഹുദ്ദീൻ സാഹിബ് അഹ്മദിയുടെ അടുക്കൽ ചെന്നു. അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: സക്കരിയാ നബിയുടെ തൗബ എന്നത് നിർമതത്വം ഉപേക്ഷിക്കലാണ്; ഹലാലായ ഭക്ഷണം കഴിക്കുകയും നമസ്കാരവും നോമ്പും നിർവഹിക്കുകയും പള്ളിയിൽ അധികമായി വരികയും ചെയ്യുകയാണ്. ഇതു കേട്ട് ഞാൻ അങ്ങനെ ചെയ്യാൻ തുടങ്ങി. മദ്യപാനം ഉപേക്ഷിച്ചു. കൈക്കൂലി വാങ്ങൽ നിർത്തി. നമസ്കാരവും നോമ്പും അനുഷ്ഠിക്കാൻ തുടങ്ങി. നാലഞ്ചു മാസം കഴിഞ്ഞപ്പോൾ എന്റെ ആദ്യഭാര്യ കരയാൻ തുടങ്ങി. പേറെടുക്കുന്ന സ്ത്രീയെക്കൊണ്ട് പരിശോധിച്ചപ്പോൾ കുട്ടിയുണ്ടാകാൻ പോകുന്നു എന്ന് അവർ സംശയം പ്രകടിപ്പിച്ചു. അവർ പറഞ്ഞതു കേട്ടപ്പോൾ ഞാൻ മിർസാ സാഹിബിനെക്കൊണ്ട് ദുആ ചെയ്യിപ്പിച്ചിരുന്നു എന്ന് പറഞ്ഞു. കുട്ടിയുണ്ടാകാൻ പോകുന്നതിന്റെ ലക്ഷണമാണ്, സംശയിക്കേണ്ടതില്ല എന്ന് പറഞ്ഞു. കുറച്ചു കാലം കഴിഞ്ഞപ്പോൾ ഗർഭത്തിന്റെ ലക്ഷണങ്ങൾ പ്രകടമായി തുടങ്ങിയപ്പോൾ എനിക്ക് ആരോഗ്യവാനും സുന്ദരനുമായ ആൺകുഞ്ഞ് ജനിക്കുമെന്ന് ഞാൻ ജനങ്ങളോടു പറയാൻ തുടങ്ങി. അങ്ങനെ ആൺകുട്ടി ജനിച്ചു. അതിനു ശേഷം ഞാൻ ബൈഅത്ത് ചെയ്തു. ആ പ്രദേശത്തെ ഒരുപാട് പേരും ബൈഅത്ത് ചെയ്തു. (അവലംബം: സീറത്തുൽ മഹ്ദി വാള്യം1. പേ.220)

അല്ലാഹു ആർക്കെങ്കിലും നല്ലപര്യവസാനം ആഗ്രഹിക്കുമ്പോൾ സന്താനലബ്ധിക്കു വേണ്ടിയുള്ള അഭിലാഷം അവരുടെ സംസ്കരണത്തിനും പരിശുദ്ധമാറ്റത്തിനും ഹേതുവാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ദുആ സ്വീകരിക്കപ്പെടുന്നതിന് ഉപാധി വെച്ചതും പരിശുദ്ധ മാറ്റം ഉണ്ടാക്കണമെന്നാണ്. അതുകൊണ്ട് സക്കരിയാ നബിയുടെ ദുആ നാം സന്താനങ്ങൾക്കു വേണ്ടി ചെയ്യുന്നതോടൊപ്പം തങ്ങളുടെ ഉള്ളിൽ പരിശുദ്ധ മാറ്റവും ഉണ്ടാക്കേണ്ടതുണ്ട്.

എന്നാൽ, ഇതുസംബന്ധമായി മറ്റൊരു കാര്യം കൂടി പറയട്ടെ. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പക്കൽ മറ്റൊരാളും ഈ കാര്യവുമായി ചെന്നു. അയാൾ പറഞ്ഞു: 'എനിക്ക് മകൻ ജനിക്കണമെന്ന് അങ്ങ് ദുആ ചെയ്യുക. ദുആ സ്വീകരിക്കപ്പെട്ടാൽ ഞാൻ അഹ്മദിയാകാം.'അപ്പോൾ മസീഹ് മൗഊദ്(അ) പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: 'മസീഹ് മൗഊദ് ആണ് എന്നതാണ് എന്റെ വാദം. ഞാൻ ജനങ്ങൾക്ക് കുട്ടികളുണ്ടാക്കാൻ വന്നിരിക്കുന്നു എന്ന വാദം എനിക്കില്ല.'(മൽഫൂസാത്ത് വാള്യം.9. പേ.115)

അയാളുടെ അവസ്ഥ വ്യത്യസ്തമായിരുന്നു. ഹദ്റത്ത മസീഹ് മൗഊദ്(അ) നബിയായിരുന്നുവല്ലോ. ഈ നിബന്ധന കാലിടറാനും കാരണമാകാം എന്ന കാര്യത്തിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ എത്തി. എന്നാൽ ഇവിടെ അല്ലാഹു ഇദ്ദേഹത്തിന്റെ വല്ല നന്മ കാരണത്താൽ പര്യവാസാനം നല്ലതാക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്തതിന്റെ ഫലമായി ദൈവകല്പനപ്രകാരം ആൺകുട്ടി ജനിക്കുമെന്ന് സുവാർത്ത് നല്കുകയും ചെയ്തു. എല്ലാ സംഗതികൾക്കും നിബന്ധന വെക്കരുതെന്ന കാര്യം ഇവിടെ ഓർക്കേണ്ടതാണ്. അഹ്മദിയാവുന്നതിനെ ദുആയുമായി ഉപാധി വെക്കാവുന്നതല്ല. ഇതുണ്ടായാൽ താൻ അഹ്മദിയാകുമെന്നു പറഞ്ഞു ചിലർ എനിക്കെഴുതാറുണ്ട്. അഹ്മദിയാകാനുള്ള നിബന്ധന വെച്ചു കൊണ്ടല്ല ദീൻ സ്വീകരിക്കേണ്ടത്. അങ്ങനെ ചെയ്യുന്നത് സ്വന്തം നിബന്ധനകളെ അല്ലാഹുവിനെക്കൊണ്ട് അംഗീകരിപ്പിക്കലാണ്. അല്ലാഹു ആരുടെയും നിബന്ധനയുടെ മേൽ ആർക്കും സന്മാർഗത്തിന്റെ ഏർപ്പാട് ചെയ്യുന്നതല്ല. സന്മാർഗത്തിൽ നടക്കേണ്ട ആവശ്യം നമുക്കാണ്. അല്ലാതെ, അല്ലാഹുവിന് നമ്മുടെ ആവശ്യമില്ല. ഏതായാലും ഞാൻ പറഞ്ഞതു പോലെ, നാം സന്താനങ്ങൾക്കു വേണ്ടി ദുആ ചെയ്യുന്നതോടൊപ്പം നമ്മുടെ ഉള്ളിൽ പരിശുദ്ധ മാറ്റം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

വിശുദ്ധ ഖുർആനിലെ സൂറ: അമ്പിയാഇൽ ഹദ്റത്ത് സക്കരിയ നബി(അ)യെ സംബന്ധിച്ച് ഈ ദുആ കാണാം. *റബ്ബി ലാ തദർനീ ഫർദൻ വ അൻത ഖൈറുൽ വാരിസീൻ.* എന്റെ റബ്ബേ എന്നെ തനിയേ വിട്ടു കളയരുതേ. അവകാശമെടുക്കുന്നവരിൽ നീ ഏറ്റവും ഉത്തമനാകുന്നു. ഈ ദുആയിൽ അല്ലാഹുവിനെ സംബന്ധിച്ച് അവകാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമനെന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് സന്താനങ്ങളും ലൗകിക കാര്യങ്ങളുടെ അവകാശികളും ഉണ്ടാകാൻ വേണ്ടി മാത്രമല്ല ഈ ദുആ എന്നത് സ്പ്ഷ്ടമാണ്. മറിച്ച് ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കുന്ന സന്താനങ്ങൾ അല്ലാഹുവിൽ നിന്ന് വരദാനമായി ലഭിക്കുന്നതിനുവേണ്ടിയാണ്. ദീനിനെ ദുനിയാവിനേക്കാൾ മുൻഗണന നല്കുന്നവർക്കേ അത്തരം ദുആ ചെയ്യാൻ കഴിയൂ. ഭൗതികതയിൽ ആണ്ടു കിടക്കുന്ന മനുഷ്യൻ എങ്ങനെ നല്ല സന്താനങ്ങളെ ചോദിക്കും? ഒരു സ്ത്രീ തന്റെ പ്രകൃതപരമായ ആഗ്രഹം കാരണത്താലോ അല്ലെങ്കിൽ തന്റെ ഭർത്താവിന്റെ ആഗ്രഹപ്രകാരം മാത്രമാണ് സന്താനലബ്ധി ആഗ്രഹിക്കുന്നതെങ്കിൽ അങ്ങനെയുള്ള സന്താനങ്ങൾ ചിലപ്പോൾ പരീക്ഷണങ്ങളായി ഭവിക്കാറുണ്ട്. സന്താനലബ്ധിക്കു വേണ്ടിയുള്ള ആഗ്രഹം തീർത്തും അനുവദനീയമായ ആഗ്രഹം തന്നെയാണ്. എന്നാൽ അതോടൊപ്പം തന്നെ സച്ചരിതരായ അവകാശികളുണ്ടാകാനും ദുആ ചെയ്യേണ്ടതാണ്. കുട്ടികളുണ്ടാകാൻ ആഗ്രഹിക്കുമ്പോൾ വെറും അവകാശികളുണ്ടാകാൻ വേണ്ടിയല്ല, മറിച്ച് സദ്വൃത്തരും പരിശുദ്ധരും ദീനീ സേവകരുമായ അവകാശികളുണ്ടാകാൻ വേണ്ടി ആഗ്രഹിക്കുക, അല്ലാത്ത പക്ഷം മക്കളും പരീക്ഷണങ്ങളായി ഭവിക്കുമെന്ന് പറഞ്ഞു

കൊണ്ട് വാഗ്ദത്ത മസീഹ്(അ) ഒരിക്കൽ പറഞ്ഞു:

'സന്താനങ്ങളെ കൊണ്ടുള്ള പരീക്ഷണവും വളരെ വലുതാണ്. സന്താനങ്ങൾ സദ്വൃത്തരാണെങ്കിൽ പിന്നെ വ്യാകുലത ഒന്നുമില്ല. അല്ലാഹു പറയുന്നു: *വ ഹുവ യതവല്ലി സ്സാലിഹീൻ.* (അൽഅഅ്റാഫ്:197) അല്ലാഹു സ്വയം തന്നെ സദ്വൃത്തരുടെ സംരക്ഷകനാണ്. മനുഷ്യൻ നികൃഷ്ടനാണെങ്കിൽ ലക്ഷക്കണക്കിനു പണം അവനു വേണ്ടി വിട്ടേച്ചുപോയാലും(സന്താനങ്ങൾ ദുർന്നടപ്പുകാരാണെങ്കിൽ ലക്ഷക്കണക്കിന് രൂപ അവനു വേണ്ടി വിട്ടേച്ചു പോയാലും) അവൻ അത് നീചകർമങ്ങൾക്കായി ചെലവഴിച്ച് നശിപ്പിച്ച് വീണ്ടും ഗതികെട്ടവനായിത്തീരുകയും ബുദ്ധിമുട്ടുകളിലും ദുരിതങ്ങളിലും അകപ്പെടുകയും അത് അവന് അനിവാര്യമായിത്തീരുകയും ചെയ്യുന്നു. ഏതൊരാൾ തന്റെ ആഗ്രഹത്തെ ദൈവേച്ഛയ്ക്കും ദൈവഹിതത്തിനും അനുസരിച്ചുള്ളതാക്കുന്നുവോ അയാൾ തന്റെ സന്താനങ്ങളെ സംബന്ധിച്ച് തൃപ്തനായിരിക്കും. (അല്ലാഹു ആഗ്രഹിക്കുന്നതെന്താണ്? ദീനിന് ദുനിയാവിനെക്കാൾ മുൻഗണന നല്കുക. ഇതുണ്ടെങ്കിൽ പിന്നെ സന്താനങ്ങളെക്കുറിച്ച് ദൈവേച്ഛയും ദൈവഹിതവും എന്നത് ദീനിന് ദുനിയാവിനെക്കാൾ മുൻഗണന നല്കലാണ്.' പറയുന്നു: അവന്റെ കഴിവിനു വേണ്ടി ശ്രമിക്കുകയും പ്രാർഥിക്കുകയുമാണ് വേണ്ടത്. അങ്ങനെ വരുമ്പോൾ ദൈവം സ്വയം അവന്റെ മേൽ നോട്ടക്കാരനാകുന്നതാണ്. ഇനി ദുർന്നടപ്പുകാരനാണെങ്കിൽ അവന്റെ സ്ഥലം നരകമാണ്. അവനെ ഗൗനിക്കേണ്ടതില്ല.'

സന്താനങ്ങളെക്കുറിച്ചു തന്നെ ഉപദേശിച്ചു കൊണ്ട് അവിടുന്ന് മറ്റൊരു സ്ഥലത്ത് പറയുന്നു: നിങ്ങൾ സ്വയം പരിശുദ്ധരാവുകയും സ്വന്തം മക്കൾക്കു വേണ്ടി നന്മയുടെയും ദൈവഭക്തിയുടെയും നല്ല മാതൃകയായിത്തീരുകയും ചെയ്യുക. മതബോധമുള്ളവനാകാൻ പ്രയത്നിക്കുകയും പ്രാർഥിക്കുകയും ചെയ്യുക. നിങ്ങൾ അവർക്കു വേണ്ടി സമ്പത്ത് സ്വരുക്കൂട്ടുന്നത്ര പ്രയത്നം ഇക്കാര്യത്തിലും ചെയ്യുക.(മൽഫൂസാത്ത് വാള്യം.8 പേ. 109)

സന്താനങ്ങളെ ദീൻ പഠിപ്പിക്കാനും ദീനുമായി ബന്ധപ്പെടുത്താനും വേണ്ടി കുറഞ്ഞപക്ഷം അവരുടെ ഭൗതിക ഉന്നമനത്തിനു വേണ്ടി ചെയ്യുന്നത്ര ശ്രമമെങ്കിലും നടത്തേണ്ടതാണ്. ഭൗതിക കാര്യങ്ങളിലാണ് കൂടുതൽ ശ്രദ്ധ. ദീനിന്റെ കാര്യത്തിൽ ശ്രദ്ധ കുറവാണ്. ഇക്കാരണത്താലാണ് ചിലർ പരീക്ഷണങ്ങളിലും പ്രയാസങ്ങളിലും അകപ്പെടുന്നത്.

വീണ്ടും പറയുന്നു: 'കുട്ടികളുണ്ടാകണമെന്ന് ജനങ്ങൾ അഭിലഷിക്കുന്നു. എന്നാൽ സംഭവിക്കുന്നതോ, സമ്പന്നനായ വ്യക്തി തന്റെ സ്വത്തുക്കൾക്ക് അവകാശിയായി കുട്ടിയുണ്ടാകണമെന്ന് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.' സ്വത്തിന്റെ കാര്യത്തിൽ, അതായത് അത് അന്യരുടെ കൈകളിൽ എത്താതിരിക്കാൻ വേണ്ടിയാണ് സന്താനങ്ങൾ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നത്. പറയുന്നു: 'എന്നാൽ, മരിച്ചു കഴിഞ്ഞാൽ പങ്കുകാർ ആരെന്നോ മക്കളാരെന്നോ ഇവർ അറിയുന്നില്ല.' എല്ലാം അന്യമായി തീരുന്നു. പറയുന്നു: 'സന്താനങ്ങൾക്കു വേണ്ടി നിങ്ങൾ ആഗ്രഹിക്കുമ്പോൾ അവർ ദീനിന്റെ സേവകരാവണമെന്ന് ഉദ്ദേശ്യത്തോടെ ആയിരിക്കണം.'(മൽഫൂസാത്ത് വാള്യം.8 പേ. 110)

അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ ദുആയും പഠിപ്പിച്ചു: *വ അസ്‌ലിഹ് ലീ ഫീ ദുർരിയത്തീ ഇന്നീ തുബ്തു ഇലൈക്ക വ ഇന്നീ മിനൽ മുസ്‌ലിമീൻ.* എനിക്കായി എന്റെ സന്താനങ്ങളെ നീ പരിഷ്ക്കരിക്കേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് തിരിയുന്നു. ഞാൻ അനുസരണം പുലർത്തുന്നവരിൽപ്പെട്ടവനാണ്.

ഇവിടെ സന്താനങ്ങളുടെ പരിഷ്കരണത്തിനു വേണ്ടിയാണ് ദുആ ചെയ്തിരിക്കുന്നത്. അതോടൊപ്പം ഞാൻ നിന്നിലേക്ക് തിരിയുന്നവരിലും അനുസരണം പുലർത്തുന്നവരിലും ആയിത്തീരുമെന്ന് ഏറ്റുപറയുന്നു.

അതുകൊണ്ട് സന്താനങ്ങൾക്കു വേണ്ടി ദുആ ചെയ്യുമ്പോൾ അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുകയും അവനെ പരിപൂർണ്ണമായി അനുസരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമേ ദുആ സ്വീകരിക്കപ്പെടുകയുള്ളു.

ആയതിനാൽ, മാതാവിന്റെയും പിതാവിന്റെയും ഉത്തരവാദിത്വം വളരെ വലുതാണ്. കുട്ടികളുടെ സംസ്കരണത്തിനും അവരുടെ ശിക്ഷണത്തിനും നന്മയ്ക്കും വേണ്ടി നിരന്തരം അല്ലാഹുവിനോട് ദുആ ചെയ്യേണ്ടതാണ്. സന്താനങ്ങൾക്കു വേണ്ടി നല്ല മാതൃക സ്ഥാപിക്കേണ്ടതാണ്. തങ്ങളുടെ മാതൃക ദൈവികധ്യാപനങ്ങൾക്ക് വിരുദ്ധമാണെങ്കിൽ, സ്വന്തം മാതൃക മാതാപിതാക്കൾ മക്കൾക്ക് നല്കുന്ന ഉപദേശങ്ങൾക്ക് എതിരാണെങ്കിൽ പരിഷ്കരണത്തിനു വേണ്ടിയുള്ള പ്രാർഥനയിൽ സദുദ്ദേശമുണ്ടാവില്ല. ഇത്തരം കർമ്മങ്ങളുടെ അഭാവത്തിൽ തങ്ങൾ മക്കൾക്കു വേണ്ടി ഒരുപാട് പ്രാർഥിച്ചിട്ടും അവർ വഴിപിഴച്ചു പോയി എന്ന് പരാതിപ്പെടുന്നതും ശരിയല്ല.

അല്ലാഹു ഖുർആനിൽ സമഗ്രമായ മറ്റൊരു ദുആയെക്കുറിച്ച് വിവരിക്കുന്നുണ്ട്. പിശാചിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷ നേടാൻ ആഗ്രഹിക്കുകയും അവനിൽ നിന്ന് വിട്ടു നില്ക്കുകയും റഹ്മാനായ ദൈവത്തിന്റെ ദാസരാകാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരുടെ ഗുണങ്ങളിൽ ഒന്ന് അവർ ഇപ്രകാരം ദുആ ചെയ്യുന്നു എന്നതാണ്: *റബ്ബനാ ഹബ്‌ലനാ മിൻ അസ്‌വാജിനാ വ ദുർരിയാത്തിനാ ഖുർറത്ത അഅ്‌യുനിൻ വജഅൽനാ ലിൽ മുത്തഖീന ഇമാമ.* 'ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ ജീവിതപങ്കാളികളിൽ നിന്നും മക്കളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ പ്രദാനം ചെയ്യുകയും ഞങ്ങളെ നീ മുത്തഖീങ്ങൾക്ക് നേതാവാക്കുകയും ചെയ്യേണമേ.' മക്കൾക്കും ജീവിതപങ്കാളികൾക്കും വേണ്ടി പുരുഷന്മാരും സ്ത്രീകളും ഒരു പോലെ ചെയ്യേണ്ട ദുആയാണിത്. സ്ത്രീയും പുരുഷനും പരിശുദ്ധ സന്താനങ്ങളെ ആഗ്രഹിച്ചു കൊണ്ട് പ്രാർഥിക്കുകയാണെങ്കിൽ കുട്ടികൾ ജനിച്ചതിനു ശേഷവും അവരുടെ പ്രവർത്തനം അവസാനിക്കുന്നില്ല. മറിച്ച്, മാതാപിതാക്കളും ഭാര്യഭർത്താക്കന്മാരും അവരവരുടെ വൃത്തത്തിൽ മേൽനോട്ടക്കാരും നേതാവും ആണ്. ഈ കടമ നിറവേറ്റപ്പെടുന്നത് നാം സ്വയം തഖ്‌വയിൽ ചരിക്കുകയും മക്കൾക്ക് വേണ്ടി ദുആ ചെയ്യുകയും സ്വന്തം കർമ്മങ്ങളെ പരിശോധിക്കുകയും ചെയ്യുമ്പോഴാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആയത്തിനെ സംബന്ധിച്ച് വളരെ വിശദമായി വിവരിച്ചിരിക്കുന്നു. ഒരിടത്ത് അവിടുന്ന് പറയുന്നു: നിക്കാഹിന് മറ്റൊരു ലക്ഷ്യം കൂടിയുണ്ട്. വിശുദ്ധ ഖുർആനിലെ സൂറ: ഫുർഖാനിൽ അത് സൂചിപ്പിച്ചിരിക്കുന്നു. *വല്ലദീൻ യഖൂലൂന റബ്ബനാ ഹബ്‌ലനാ മിൻ അസ്‌വാജിനാ വ ദുർരിയാത്തിനാ ഖുർറ അഅ്‌യുനിൻ. വജഅൽനാ ലിൽ മുത്തഖീന ഇമാമ.*(അൽഫുർഖാൻ: 75). അതായത്, വിശ്വാസികൾ ഇങ്ങനെ പ്രാർഥിക്കുന്നവരാണ്: ഞങ്ങളുടെ ഞങ്ങൾക്ക് ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്താനങ്ങളിൽ നിന്നും കൺകുളിർമ പ്രദാനം ചെയ്താലും. ഞങ്ങളുടെ ഭാര്യമാരെയും സന്താനങ്ങളെയും സുകൃതവാന്മാരാക്കുകയും ഞങ്ങളെ അവരുടെ നേതാവാക്കുകയും ചെയ്യേണമേ.

പിന്നീട് സന്താനങ്ങൾക്കു വേണ്ടിയുള്ള ആഗ്രഹം ഉണ്ടാകുന്നതെന്തുകൊണ്ട് എങ്ങനെയായിരിക്കണം ഉണ്ടാകേണ്ടത് എന്നതിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. സന്താനങ്ങൾക്കു വേണ്ടി ആഗ്രഹിക്കുമ്പോൾ മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യത്തെയും മുന്നിൽ വെയ്ക്കേണ്ടതാണ്. തങ്ങളുടെ കർമങ്ങളെക്കുറിച്ചും ശ്രദ്ധിക്കേണ്ടതാണ്. സന്താനങ്ങൾ സദ്വൃത്തരായിത്തീരുന്നതിന് സ്വന്തം സംസ്കരണത്തിലും ശ്രദ്ധ വെയ്ക്കേണ്ടതാണ്. അല്ലാതെ, വെറും സ്വത്തുക്കൾക്കും സമ്പത്തുകൾക്കും അവകാശിയായിത്തീരാൻ വേണ്ടി മാത്രം കുട്ടികളെ ജനിപ്പിക്കരുത്. ഈ ദുആ ഏതു ക്രമത്തിൽ എങ്ങനെ ചെയ്യണം എന്ന കാര്യങ്ങളെക്കുറിച്ചെല്ലാം വിശദമായി വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മനുഷ്യന് സന്താനങ്ങളുണ്ടാകണമെന്ന ആഗ്രഹം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് അവൻ ചിന്തിക്കേണ്ടതാണ്. എന്തെന്നാൽ, അതിനെ വിശപ്പും ദാഹവും പോലെ നൈസർഗിക ആവശ്യം മാത്രമായി പരിമിതപ്പെടുത്തരുത്. മറിച്ച്, അത് നിശ്ചിത പരിധികഴിഞ്ഞാൽ അതിന്റെ പരിഷ്കരണത്തെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് അവനെ ആരാധിക്കാൻ വേണ്ടിയാണ്. അല്ലാഹു പറയുന്നു: *വമാ ഖലഖ്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലി യഅ്ബുദൂൻ.*(അദ്ദാരിയാത്ത്:57). ഇനി മനുഷ്യൻ സ്വയം മുഅ്മിനും അബ്ദും ആയിത്തീരുന്നില്ലെങ്കിൽ, തന്റെ ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം പൂർത്തീകരിക്കുന്നില്ലെങ്കിൽ, ആരാധനയുടെ കടമ നിർവഹിക്കാതെ ദുർവൃത്തിയും നീചകൃത്യവുമാണ് അവലംബിക്കുന്നതെങ്കിൽ, പാപത്തിനു മേൽ പാപം ചെയ്തു കൊണ്ടിരിക്കുകയാണെങ്കിൽ അത്തരം ആളുകളുടെ സന്താനങ്ങൾക്കു വേണ്ടി ആഗ്രഹിക്കുന്നത് എന്തു ഫലം ചെയ്യാനാണ്? പാപം ചെയ്യാൻ വേണ്ടി ഒരു പിൻഗാമിയെ ഇട്ടേച്ചു പോകാൻ ആഗ്രഹിക്കുന്നുവെന്ന് മാത്രം. സന്താനങ്ങൾ ഉണ്ടാകാൻ മാത്രം എന്തു കുറവാണ് അവൻ ഉണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ട് സന്താനങ്ങൾക്കു വേണ്ടി ആഗ്രഹിക്കുമ്പോൾ അവർ മതനിഷ്ഠയുള്ളവരും മുത്തഖീങ്ങളും അല്ലാഹുവിനെ അനുസരിക്കുന്ന ദീനിന്റെ സേവകരുമാകണമെന്ന് ഉദ്ദേശിക്കുന്നില്ലെങ്കിൽ ആ ആഗ്രഹം നിഷ്പ്രയോജനവും ഒരു തരത്തിൽ പാപവുമാണ്. അതിനെ സദ്വൃത്തരായ സന്താനങ്ങൾ എന്നതിനു പകരം ദുർവൃത്തരായ സന്താനങ്ങൾ എന്ന് പേര് വെക്കുന്നതാവും ശരി.' (ഉപേക്ഷിച്ചു പോകുന്ന സന്താനങ്ങൾ സദ്വൃത്തരായിരിക്കില്ല. മറിച്ച് തിന്മ ചെയ്യുന്നവരെയായിരിക്കും ഉപേക്ഷിച്ചു പോകുന്നത്) പറയുന്നു: താൻ സദ്വൃത്തരും ദൈവഭയമുള്ളവരും ദീനീ സേവകരുമായ സന്താനങ്ങളെയാണ് ആഗ്രഹിക്കുന്നതെന്ന് ആരെങ്കിലും പറഞ്ഞാൽ തന്നെ(നല്ല ആഗ്രഹമാണത്) തന്റെ അവസ്ഥയിൽ ഒരു പരിവർത്തനം വരുത്തുന്നില്ലെങ്കിൽ അയാളുടെ വാദം വെറും വാദമായി അവശേഷിക്കുന്നതാണ്. (സദ്വൃത്തരായ സന്താനങ്ങൾ ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും എന്നാൽ സ്വന്തം കർമങ്ങൾ അതിനു വിപരീതമായിരിക്കുകയും ചെയ്യുന്ന ഒരുപാട് ആളുകളുണ്ട്. അത്തരം ആളുകൾ വന്ന് ദുആ ചെയ്യണമെന്ന് പറയാറുണ്ട്. നല്ല സന്താനങ്ങളുണ്ടാകാനും സച്ചരിതരായ സന്താനങ്ങളുണ്ടാകാൻ വേണ്ടി ദുആ ചെയ്യാൻ പറ

യാറുണ്ട്. സ്വന്തം നമസ്കാരങ്ങളെക്കുറിച്ച് അവർ മറുപടി പറയാറ് മുഴുവൻ നമസ്കാരവും അനുഷ്ഠിക്കാൻ ശ്രമിക്കാറുണ്ട് എന്നാണ്. നിർബന്ധമാക്കപ്പെട്ട നമസ്കാരം പോലും നിർവഹിക്കാത്തവരുടെ അവസ്ഥ എന്തു പറയാനാണ്?) അവിടുന്ന് പറയുന്നു: 'സ്വയം ദുർവൃത്തിയുടെയും നീചകൃത്യത്തിന്റെയും ജീവിതം നയിക്കുന്നവർ വായ കൊണ്ട് തങ്ങൾക്ക് സദ്‌വൃത്തരും മുത്തഖീങ്ങളുമായ മക്കളുണ്ടാകണെന്ന് ആഗ്രഹിക്കുന്നു എന്ന് പറയുന്നവൻ തന്റെ വാദത്തിൽ പെരും നുണയനാണ്. (വ്യജം പറയുന്നവരാണ്). സ്ദവൃത്തരും മുത്തഖീങ്ങളുമായ സന്താനങ്ങളുണ്ടാകണമെന്ന് ആഗ്രഹിക്കുന്നതിനു മുൻപ് സ്വയം ഒരു പരിഷ്‌ക്കരണം നടത്തുകയും തന്റെ ജീവിതത്തെ ഭക്തിനിർഭരമായ ജീവിതമാക്കിത്തീർക്കുകയും ചെയ്യേണ്ടതുമാണ്. അപ്പോഴാണ് ആ ആഗ്രഹം ഫലപ്രദമായ ആഗ്രഹമാകുന്നത്. അങ്ങനെയുള്ള സന്താനങ്ങളാണ് വാസ്തവത്തിൽ സദ്‌വൃത്തരായ സന്താനങ്ങളെന്നു പറയാൻ അർഹമായിത്തീരുന്നത്. എന്നാൽ ഈ ആഗ്രഹം സ്വന്തം പേരു നിലനില്ക്കാനും തങ്ങളുടെ സ്വത്തുസമ്പാദ്യങ്ങൾക്ക് അവകാശിയുണ്ടാകുന്നതിനും അവർ പ്രശസ്തരും പേരുകേട്ടവരും ആയിത്തീരണമെന്നും ആണെങ്കിൽ അത്തരം ആഗ്രഹങ്ങൾ(അവിടുന്ന് പറയുന്നു) എന്നെ സംബന്ധിച്ചിടത്തോളം ശിർക്കാണ്.'

ഈ കാര്യം കൂടുതൽ വിശദീകരിച്ചു കൊണ്ട് അവിടുന്ന് പറയുന്നു: 'മറ്റൊരു സംഗതി, സന്താനങ്ങൾ ഉണ്ടാകണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. സന്താനങ്ങൾ ജനിക്കുകയും ചെയ്യുന്നു. എന്നാൽ സന്താനങ്ങൾക്ക് നല്ല ശിക്ഷണം നല്കുകയോ അവരെ നല്ല വഴിയിൽ നടത്താനും ദൈവകല്പനകൾ അനുസരിക്കുന്നവരാക്കി മാറ്റാനുമുള്ള ചിന്തയോ ശ്രമമോ ഉള്ളതായി കണ്ടിട്ടില്ല. അവർക്കു വേണ്ടി ദുആ ചെയ്യുകയോ ശിക്ഷണ കാര്യങ്ങൾ അനുക്രമമായി പഠിപ്പിക്കുകയോ ചെയ്യുന്നില്ല.'

ദുആയിലും ശ്രദ്ധ കുറവാണ്. ശിക്ഷണ കാര്യത്തിലും വേണ്ട ശ്രദ്ധയില്ല. പറയുന്നു: 'എന്റെ സ്വന്തം അവസ്ഥ എന്താണെന്നു വെച്ചാൽ' വാഗ്ദത്ത മസീഹ്(അ) തന്നെക്കുറിച്ചു പറയുന്നു: 'ഞാൻ സുഹൃത്തുക്കൾക്കും സന്താനങ്ങൾക്കും ഭാര്യമാർക്കും ദുആ ചെയ്യാത്ത ഒരു നമസ്കാരവുമില്ല.' ഒരുപാട് മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് ദു:ശീലങ്ങൾ പഠിപ്പിക്കുന്നവരാണ്. തുടക്കത്തിൽ അവർ തിന്മ ചെയ്യാൻ പഠിക്കാൻ തുടങ്ങുമ്പോൾ അവരെ താക്കീത് ചെയ്യുകയില്ല. തത്ഫലമായി ദിവസംതോറും തിന്മയിൽ ധൃഷ്ടരാവാൻ തുടങ്ങുന്നു. കുട്ടികളെ തുടക്കത്തിൽ തന്നെ തടയുന്നില്ലെങ്കിൽ, അവർക്ക് പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്നില്ലെങ്കിൽ(തുടക്കത്തിൽ സ്നേഹത്തോടെ പറഞ്ഞു മനസ്സിലാക്കാവുന്നതാണ്) ഒടുവിൽ മെല്ലെ മെല്ലെ അവർ തിന്മയിൽ മുന്നോട്ടു ഗമിക്കുന്നതാണ്.

വാഗ്ദത്ത മസീഹ്(അ) ഒരിടത്ത് പറയുന്നു: 'ജനങ്ങൾ സന്താനങ്ങളുണ്ടാകണമെന്ന് ആഗ്രഹിക്കുന്നത് ദീനീ സേവകരാവാൻ വേണ്ടിയല്ല; മറിച്ച് ലോകത്ത് അവർക്ക് അവകാശികളുണ്ടാകാൻ വേണ്ടിയാണ്. കുട്ടികളുണ്ടായാൽ അവരുടെ ശിക്ഷണകാര്യങ്ങളിലേക്ക് ശ്രദ്ധിക്കുകയോ വിശ്വാസപരമായ കാര്യങ്ങൾ ശരിയാക്കുകയോ ചെയ്യുന്നില്ല. (ദീൻ പഠിപ്പിക്കേണ്ടതും അനിവാര്യമാണ്. അവർക്ക് സമയം ലഭിക്കാത്തതല്ല. ഭൗതികപഠനങ്ങളിലും ഭൗതികകാര്യങ്ങളിലും മുഴുകിയിരിക്കുന്നതിനാൽ മതകാര്യങ്ങൾ പഠിപ്പിക്കാൻ സ്വയം ശ്രദ്ധിക്കുകയോ കുട്ടികൾക്ക് അതിനുള്ള ഏർപ്പാട് ചെയ്യുകയോ ചെയ്തില്ല. മതം പഠിപ്പിക്കുക, വിശ്വാസങ്ങൾ പഠിപ്പിക്കുക വളരെ ആവശ്യമാണ്.)

പറയുന്നു: 'ധാർമികാവസ്ഥ ശരിയാക്കുകയും ചെയ്യുന്നില്ല. (ധാർമ്മിക ഗുണങ്ങൾക്കും ചില നിലവാരങ്ങളുണ്ട്. ഇവിടെയുള്ള നിലവാരം വേറെ സംഗതികളാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പഠിപ്പിച്ചിരിക്കുന്ന ധാർമിക ഗുണങ്ങൾ വളരെ ഉന്നത നിലവാരമുള്ളവയാണ്. ഭൗതികമായ സ്വഭാവ നിലവാരമല്ല. മറിച്ച് അല്ലാഹു പഠിപ്പിച്ചതും ഇസ്‌ലാം നമുക്ക് വിവരിച്ചു തന്നതും നബി(സ)തിരുമേനി തന്റെ കർമം കൊണ്ട് ചെയ്തു കാണിച്ചതുമായ ആ ധാർമിക നിലവാരങ്ങളെ കണ്ടെത്തേണ്ടതാണ്. ആ നിലവാരത്തെയാണ് നാം നമ്മുടെ തല മുറകളിൽ സ്ഥാപിക്കേണ്ടത്.) ഓർമ്മിച്ചു കൊള്ളുക, അടുത്ത ബന്ധങ്ങളെ മനസ്സിലാക്കാത്തവന്റെ വിശ്വാസം ശരിയാവുകയില്ല. അവനത് കഴിയുന്നില്ലെങ്കിൽ അവനിൽ നിന്ന് മറ്റു നന്മകൾ എന്ത് പ്രതീക്ഷിക്കാനാണ്? സന്താനങ്ങളെ ആഗ്രഹിക്കേണ്ടതിനെക്കുറിച്ച് അല്ലാഹു പറയുന്നത് ഇങ്ങനെയാണ്: *റബ്ബനാ ഹബ് ലനാ മിൻ അസ്‌വാജിനാ വ ദുർരിയാത്തിനാ ഖുർറത്ത അഅ് യുനിൻ വജഅൽനാ ലിൽ മുത്തഖീന ഇമാമ.* അതായത് അല്ലാഹു നമ്മുടെ ജീവിതപങ്കാളികളിൽ നിന്നും മക്കളിൽ നിന്നും ഞങ്ങൾക്ക് കൺകുളിർമ പ്രദാനം ചെയ്യുമാറാകട്ടെ. അവർ ദുർവൃത്തിയുടെയും ദുർമാർഗത്തിന്റെയും ജീവിതം നയിക്കാതിരിക്കുകയും ദൈവദാസരുടെ ജീവിതം നയിക്കുകയും ഏതൊരു കാര്യത്തെക്കാളും ദൈവത്തിനു മുൻഗണന നല്കുകയും ചെയ്യുന്നെങ്കിൽ മാത്രമേ ഇത് ലഭ്യമാകുകയുള്ളു. കൂടുതൽ വിശദീകരിച്ചു കൊണ്ട് *വജ അൽനാ ലിൽമുത്തഖീന ഇമാമ* എന്നു പറഞ്ഞു. അതായത്, സന്താനങ്ങൾ പരിശുദ്ധരും മുത്തഖീങ്ങളുമാണെങ്കിൽ ഇദ്ദേഹം തന്നെയായിരിക്കും അവരുടെ നേതാവ്.ഇതിൽ മുത്തഖിയായി തീരാനുള്ള പ്രാർഥനയുണ്ട്.' (മൽഫൂസാത്ത് വാല്യം2 പേ. 302)

ആദ്യം സ്വയം മുത്തഖീങ്ങളായിത്തീരുന്നതിനും അതിനുശേഷം സന്താനങ്ങൾ തഖ്‌വയിൽ ചരിക്കുന്നവരായിത്തീരാനുമുള്ള പ്രാർഥനയുമുണ്ട്.

അവിടുന്ന് വീണ്ടും പറയുന്നു: സന്താനങ്ങളെ വളർത്തേണ്ടത് കാരുണ്യം എന്ന നിലയിലായിരിക്കണം. അല്ലാതെ, പിൻഗാമികളാക്കാൻ വേണ്ടിയാകരുത്. മറിച്ച്, *വജ അൽനാ ലിൽ മുത്തഖീന ഇമാമ* എന്ന കാര്യം പരിഗണിക്കേണ്ടതാണ്. അതായത് ഈ സന്താനങ്ങൾ ദീനിന്റെ സേവകരായിരിക്കണം. എന്നാൽ തങ്ങളുടെ സന്താനങ്ങൾ ദീനിന്റെ ഫയൽവാൻ ആകണമെന്ന് ദുആ ചെയ്യുന്നവർ എത്ര പേരുണ്ട്? അങ്ങനെയുള്ള കുറവാണ്.

പറയുന്നു: 'അധികം പേരും സന്താനങ്ങൾക്കു വേണ്ടി ശ്രമിക്കുന്നത് എന്തിനാണെന്നതിനെക്കുറിച്ചു പോലും അജ്ഞരാണ്. പലരും പിൻഗാമികൾ ഉണ്ടാകുന്നതിനു വേണ്ടി മാത്രമാണ് ശ്രമിക്കുന്നത്. മറ്റൊരു ലക്ഷ്യവും അവർക്കില്ല. അന്യനോ മറ്റു വല്ല അവകാശിയോ സ്വത്തുക്കളുടെ ഉടമയാകരുതെന്ന് മാത്രമാണ് ആഗ്രഹിക്കുന്നത്. എന്നാൽ, ഓർക്കുക ഇങ്ങനെ പോയാൽ ദീൻ തന്നെ നശിച്ചു പോകുന്നതാണ്. ചുരുക്കത്തിൽ സന്താനങ്ങളെക്കുറിച്ച് അവർ ദീനിന്റെ സേവകരാകണമെന്ന ആഗ്രഹം മാത്രമായിരിക്കണം ഉണ്ടാകേണ്ടത്.'

പ്രത്യേകിച്ചും വഖ്ഫെ നൗ കുട്ടികളുടെ മാതാപിതാക്കൾ തങ്ങളുടെ മക്കളെ മത കാര്യങ്ങളിലേക്ക് തിരിക്കാൻ വളരെയധികം ശ്രദ്ധിക്കേണ്ടതാണ്.

അവിടുന്ന് വീണ്ടു പറയുന്നു: ജനങ്ങളുടെ പ്രവൃത്തികളെല്ലാം ദുനിയാവിനു വേണ്ടിയാണെന്നാണ് ഞാൻ കാണുന്നത്. ലൗകികതയോടുള്ള സ്നേഹമാണ് അവരെക്കൊണ്ട് ചെയ്യിക്കുന്നത്; ദൈവത്തിനു വേണ്ടിയല്ല. നിങ്ങൾ സന്താനങ്ങൾക്കു വേണ്ടി ആഗ്രഹിക്കുമ്പോൾ *വജഅൽനാ ലിൽ മുത്തഖീന ഇമാമ* എന്ന ഉദ്ദേശ്യത്തോടു കൂടി, അതിനെ മുന്നിൽ വെച്ച് കൊണ്ട് ദൈവം നാമം ഉയർത്തുന്ന കുട്ടി ജനിക്കട്ടെ എന്ന് ആഗ്രഹിക്കുക. ആഗ്രഹം ഇതുപോലെ പരിശുദ്ധമാണെങ്കിൽ ഹദ്റത്ത് സക്കരിയ നബി(അ)ക്ക് നല്കിയതു പോലെ സന്താനങ്ങൾ നല്കാൻ അല്ലാഹു കഴിവുള്ളവനാണ്. എന്നാൽ ഞാൻ കാണുന്നത്, ജനങ്ങൾ തങ്ങളുടെ സ്വത്തിനും പറമ്പിനും ഒരു അവകാശി ഉണ്ടാകണമെന്നതിനപ്പുറം നോക്കുന്നില്ല എന്നതാണ്. മറ്റ് അവകാശികൾ അതു കൊണ്ടു പോകരുതെന്ന് ആഗ്രഹിക്കുന്നു. എന്നാൽ അവൻ മരിച്ചു കഴിഞ്ഞാൽ ശത്രുവും മിത്രവും സ്വന്തക്കാരും അന്യരുമൊക്കെ സമമാണെന്ന് ആ ഹതഭാഗ്യൻ ചിന്തിക്കുന്നില്ല.

പറയുന്നു: തന്റെ സ്വത്തുക്കൾക്ക് അവകാശിയുണ്ടാകാൻ വേണ്ടി ദുആ ചെയ്യണമെന്ന് പറയുന്ന പലരേയും ഞാൻ കണ്ടിട്ടുണ്ട്. മരിച്ചു കഴിഞ്ഞാൽ മറ്റു വല്ലവരും സ്വത്തു കൊണ്ടു പോകരുതെന്ന് അവർ ആഗ്രഹിക്കുന്നു. എത്ര തന്നെ നികൃഷ്ടനായാലും സന്താനമുണ്ടായാൽ മതി അവർക്ക്. ഇസ്‌ലാമിന്റെ മഅ്രിഫത്താണ് ശേഷിച്ചിരിക്കുന്നത്.(മൽഫൂസാത്ത് വാല്യം6. പേജ്. 351)

പൊതു മുസ്‌ലിംകളിൽ ഇതു സാധാരണയാണ്. അതുകൊണ്ടാണ് ആൺകുട്ടികളുടെ ജനനത്തിൽ പ്രത്യേക ശ്രദ്ധ കൊടുക്കുന്നത്. ആൺമക്കളാണെങ്കിൽ തങ്ങളുടെ സഹോദരിമാർക്കും പിതാക്കൾ തങ്ങളുടെ പെൺമക്കൾക്കും സ്വത്ത് കൊടുക്കാതിരിക്കുന്നു. തന്റെ മകനെ എല്ലാ സ്വത്തുക്കളുടെയും അവകാശിയാക്കുന്നു. ഇത് ഇസ്‌ലാമികധ്യാപനത്തിനു വിരുദ്ധമാണ്. ആൺകുട്ടികൾ പിന്നീട് ആ സ്വത്തുക്കൾ പാഴാക്കുകയും ചെയ്യുന്നു. ഇത് നാം ലോകത്ത് കണ്ടു വരുന്നതാണ്. ഇന്നും അതിനുള്ള ഉദാഹരണങ്ങൾ കാണാം.

ഏതായിരുന്നാലും, ഞാൻ നേരത്തെ പറഞ്ഞതു പോലെ, വഖ്ഫെ നൗ കുട്ടികളുടെ മാതാപിതാക്കൾ പ്രത്യേകിച്ചും തങ്ങളുടെ മക്കളുടെ ശിക്ഷണകാര്യങ്ങളിൽ നല്ലവണ്ണം ശ്രദ്ധിക്കേണ്ടതാണ്. അവർക്കു വേണ്ടി ദുആ ചെയ്യുമ്പോഴും അവർ വളർന്നു വലുതാകുമ്പോൾ ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കുന്നവരും വഖ്ഫ് ചെയ്യുന്നവരും ആയിത്തീരണം എന്നതായിരിക്കണം ലക്ഷ്യം. അല്ലാതെ, വഖ്ഫെ നൗ ന്റെ ടൈറ്റിൽ മാത്രം വെച്ചു കൊണ്ട് വലുതായാൽ ഞങ്ങൾ സ്വന്തം ജോലി നോക്കുകയാണ് എന്നു പറയുന്നവരാകരുത്. മറിച്ച്, വഖ്ഫെ നൗ കുട്ടികൾ ആദ്യം ജമാഅത്തിന് ആവശ്യമുണ്ടോ എന്ന് ചോദിക്കുക. ജമാഅത്ത് അനുവദിക്കുകയാണെങ്കിൽ നിങ്ങൾ സ്വന്തം ജോലി ചെയ്തു കൊള്ളുക. അല്ലാത്തപക്ഷം, അവർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിക്കൊണ്ട്, തങ്ങളുടെ മാതാപിതാക്കളുടെ പ്രതിജ്ഞ പൂർത്തീകരിച്ചു കൊണ്ട് സ്വയം ജമാഅത്തിനു വേണ്ടി വഖ്ഫ് ചെയ്യേണ്ടതാണ്.

ആയതിനാൽ, ദീനിന് ദുനിയാവിനെക്കാൾ മുൻഗണന നല്കുന്ന, തങ്ങളുടെ അതായത് മാതാപിതാക്കളുടെയും കുടുംബത്തിന്റെയും അന്തസ്സ് നിലനിർത്തുന്ന, പൂർവപിതാക്കളുടെ പേരും യശസ്സും നിലനിർത്തുന്ന സന്താനങ്ങളുണ്ടാകണമെന്ന ചിന്തയോടു കൂടെയായിരിക്കണം സന്താനങ്ങൾക്കു വേണ്ടി പ്രാർഥി

ക്കുകയും ആഗ്രഹിക്കുകയും ചെയ്യേണ്ടത്. വാഗ്ദത്ത മസീഹി(അ)ന്റെ സഹാബാക്കളിൽപ്പെട്ട നിരവധി കുടുംബങ്ങളുണ്ട്. അവരുടെ സന്താനപരമ്പരയിൽ ഉൾപ്പെട്ടാൽ മാത്രം പോര. ജനങ്ങൾ വളരെ അഭിമാനത്തോടെ അതു പറയാറുണ്ട്. അതെല്ലാം നല്ലതാണ്.പക്ഷേ, ആ നന്മകളും തുടർന്നു പോകുമ്പോഴാണ് അഭിമാനിക്കേണ്ടത്. അല്ലാതെ, സന്താനങ്ങളുണ്ടായാൽ മാത്രം പോര. മാത്രമല്ല, മാതാപിതാക്കൾ തങ്ങളുടെ മക്കൾക്കു വേണ്ടി അവർ പൂർവഗാമികളുടെ നന്മ നിലനിർത്തുന്നവരാകാനും പ്രാർഥിക്കേണ്ടതാണ്. പിതാക്കൾ ഈ ദുആ ചെയ്യുമ്പോൾ അവർക്ക് തങ്ങളുടെ മേലും ഒരു നോട്ടം ഉണ്ടാകും. കാരണം അവർ സ്വന്തം കർമങ്ങളെക്കുറിച്ച് ശ്രദ്ധിക്കുമ്പോൾ മാത്രമേ തങ്ങളുടെ പൂർവഗാമികളുടെ യശസ്സ് ഉയർത്തുന്നവരാകു.

അതുകൊണ്ട് ആത്മപരിശോധന നടത്തുന്നതോടൊപ്പം ഓരോരുത്തരും തങ്ങളുടെ മക്കൾ സദ്പ്രകൃതക്കാരും സദ്വൃത്തരുമായിത്തീരുന്നതിന് അവസാന നിമിഷം വരെ പ്രാർഥിച്ചു കൊണ്ടിരിക്കേണ്ടതാണ്. നന്മയിൽ സദാ മുന്നോട്ടു തന്നെ ഗമിക്കുന്നവർക്കാണ് ദൈവ സഹായം ലഭിക്കുക എന്ന് വാഗ്ദത്ത മസീഹ്(അ) പറഞ്ഞിട്ടുണ്ട്. പറയുന്നു: അവർ ഒരിടത്തും നിന്നു പോവുകയില്ല. ഇവരുടെത് തന്നെയാണ് ശുഭപര്യവസാനവും.

ശുഭപര്യവസാനത്തിനായി ഹുസൂർ(അ) നിർദേശിച്ചത് സ്വന്തം ഭാര്യക്കും കുട്ടികൾക്കും വേണ്ടി സ്ഥിരമായി പ്രാർഥിച്ചു കൊണ്ടിരിക്കണം എന്നതാണ്.

അവിടുന്ന് വീണ്ടും പറഞ്ഞു: മക്കൾക്ക് മാതൃകയും പാഠവും ആകുന്ന വിധത്തിൽ പ്രവർത്തിക്കുക (ഇത് മാതാപിതാക്കളുടെ ചുമതലയാണ്). പറയുന്നു: ഇതിന് ഏറ്റവും അനിവാര്യം ആദ്യം സ്വയം നന്നാവുക എന്നതാണ്. നിങ്ങൾ ഉന്നത നിലവാരത്തിലുള്ള മുത്തഖീങ്ങളായിത്തീരുകയും ദൈവത്തെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നതായാൽ ദൈവം നിങ്ങളുടെ സന്താനങ്ങളോടും നല്ല രീതിയിൽ വർത്തിക്കുന്ന താണെന്ന് ഉറപ്പാക്കാം.

പറയുന്നു: വിശുദ്ധഖുർആൻ ഖിള്റി(അ)ന്റെയും മൂസാ (അ)യുടെയും സംഭവം വിവരിക്കുന്നുണ്ട്. അവർ രണ്ടു പേരും ചേർന്ന് അനാഥരായ കുട്ടികളുടെ ചുമർ ശരിയാക്കി. അവിടെ അല്ലാഹു പറയുന്നത് *വ കാന അബൂഹുമാ സ്വാലിഹൻ*(അൽകഹ്ഫ് 83) എന്നാണ്. അവരുടെ പിതാവ് സദ്വൃത്തനായിരുന്നു.

(അവർ സ്വയം എങ്ങനെയായിരുന്നു, കുട്ടികൾ എങ്ങനെയായിരുന്നു എന്നൊന്നും പരാമർശിച്ചില്ല. മറിച്ച്, മാതാപിതാക്കളെയാണ് പരാമർശിച്ചത്.)

പറയുന്നു: അതുകൊണ്ട് നിങ്ങൾ ഈ ലക്ഷ്യം കരസ്ഥമാക്കുക. സന്താനലബ്ധിയുടെ കാര്യത്തിൽ അവരുടെ പരിശുദ്ധി എപ്പോഴും ആഗ്രഹിക്കുക(മൽഫൂസാത്ത് വാല്യം 8. പേ. 110) എങ്കിൽ അവരുടെ അഭിവൃദ്ധിക്കും അന്നത്തിനുമുള്ള ഏർപ്പാട് അല്ലാഹു ചെയ്തു കൊണ്ടിരിക്കുന്നതാണ്.

ഈ മൗലികസിദ്ധാന്തത്തിലേക്കാണ് വാഗ്ദത്ത മസീഹ്(അ) നിരന്തരം നമ്മെ ഉദ്ബോധിപ്പിച്ചത്. മാതാപിതാക്കളുടെ സ്വന്തം മാതൃകയാണ് മക്കളുടെ ശിക്ഷണകാര്യങ്ങളിൽ മുഖ്യപങ്ക് വഹിക്കുന്നതെന്ന കാര്യം ഖുർആനികധ്യാപനത്തിന്റെ തന്നെ വിശദീകരണമാണ്. നമ്മളിൽ ഓരോരുത്തരും മക്കൾക്ക് നല്ല മാതൃകയായിത്തീരാനുള്ള സൗഭാഗ്യം അല്ലാഹു തന്നനുഗ്രഹിക്കുമാറാകട്ടെ. നാം ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞ പൂർത്തിയാക്കുന്നവരാകട്ടെ. മറ്റുള്ളവരിലേക്ക് നോക്കുന്നതിനു പകരം ചിലയാളുകൾ മറ്റുള്ളവർ എങ്ങനെയാണെന്ന് നോക്കുന്ന ശീലമുള്ളവരാണ് സ്വന്തം സംസ്കരണത്തിലേക്ക് ശ്രദ്ധിക്കുന്നവരാകട്ടെ. അപ്പോൾ മാത്രമേ നമുക്ക് പരിശുദ്ധ തലമുറയെ വാർത്തെടുക്കാനും തഖ്വയിൽ ചരിക്കാനും സ്വന്തം മക്കൾക്കു വേണ്ടി സ്ഥിരമായി ദുആ ചെയ്യാനും സാധിക്കുകയുള്ളു. അല്ലാഹു നമ്മുടെ മക്കളെ നമ്മുടെ കണ്ണുകൾക്ക് കുളിർമ നല്കുന്നവരാക്കിത്തീർക്കട്ടെ. ഇങ്ങനെ ഭാവിയിലും തുടർന്നു പോകുമാറാകട്ടെ. ആമീൻ

mta INTERNATIONAL
WATCH LIVE
for children's classes, friday sermons, and more

## ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

| | |
|---|---|
| *ആദ്യത്തെ ആഴ്ച* | Carcinosin CM |
| *രണ്ടാമത്തെ ആഴ്ച* | Radium Bromide CM |
| *മൂന്നാമത്തെ ആഴ്ച* | Carcinosin CM |
| *നാലാമത്തെ ആഴ്ച* | Radium Bromide CM |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M -ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

**പേജ് 6ൽ നിന്ന്**

(ത്രുക്കൾ) തങ്ങളുടെ ഗൂഢാലോചനകളാലും അടിസ്ഥാനരഹിതങ്ങളായ വ്യാജങ്ങളാലും കറ്റുകെട്ടുകളാലും പരിഹാസങ്ങളാലും ദൈവേച്ഛയെ തടയാമെന്ന് വിചാരിക്കുന്നുണ്ടോ? അല്ലെങ്കിൽ ലോകത്തെ വഞ്ചിച്ചു കൊണ്ട് ദൈവം ആകാശത്ത് നിശ്ചയിച്ച പ്രവൃത്തിയെ നീട്ടിവെക്കാമെന്ന് വിചാരിക്കുന്നുണ്ടോ? മുൻപ് എപ്പോഴെങ്കിലും സത്യവിരോധികൾക്ക് വിജയം ലഭിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ വിജയിക്കുന്നതാണ്. എന്നാൽ, അല്ലാഹുവിനെയും അവന്റെ ആകാശത്ത് നിശ്ചയിക്കപ്പെട്ട ഇച്ഛയെയും എതിർക്കുന്നവർക്ക് എല്ലായിപ്പോഴും നിന്ദ്യതയും പരാജയവുമാണ് വിധിക്കപ്പെട്ടതെന്ന് തെളിഞ്ഞാൽ പിന്നെ അവർക്ക് ഒരു ദിവസം പരാജയവും നിന്ദ്യതയും തന്നെയായിരിക്കും വന്ന് ഭവിക്കുക. അല്ലാഹുവിന്റെ അരുളപ്പാട് ഒരിക്കലും പാഴായിപ്പോയിട്ടില്ല; പാഴായിപ്പോവുകയുമില്ല. അവൻ പറയുന്നു: *കതബല്ലാഹു ല അഗ്‌ലിബന്ന അന വറുസുലീ.* അതായത്, താനും തന്റെ ദൂതന്മാരും എല്ലായ്പ്പോഴും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു. ആയതിനാൽ, പുതിയ ശരീഅത്തോ വാദമോ നാമമോ ഇല്ലാത്ത അവന്റെ ദൂതനാണ് ഞാൻ. എന്നാൽ ആ ഖാതമുന്നബിയ്യീന്റെ പേർ ലഭിച്ചു കൊണ്ട് അദ്ദേഹത്തിന്റെ പ്രതീകമായിക്കൊണ്ടാണ് ഞാൻ വന്നിരിക്കുന്നത്. അതു കൊണ്ട് ഞാൻ പറയുന്നു, സനാതന കാലം മുതൽ അതായത് ആദമി(അ)ന്റെ കാലം മുതൽ നബി(സ) തിരുമേനിയുടെ കാലം വരെ ഈ ആയത്തിന്റെ അർഥം സത്യമായി ഭവിച്ചു കൊണ്ടിരുന്നപോലെ ഇപ്പോൾ എന്റെ കാര്യത്തിലും സത്യമായി പുലരുന്നതാണ്. ഇൻശാ അല്ലാഹ്” ◆

**പേജ് 16ൽ നിന്ന്**

ദിവസം മുൻപ് അദ്ദേഹം വസിയ്യത്ത് ചന്ദ അടച്ചുതീർത്തിരുന്നു.

ബുശ്റാ ഇഫ്ഫത്ത് സാഹിബ 2017 ഏപ്രിൽ 8ന് ലാഹോറിലെ ഗ്രീൻ ടൗണിൽ 72 മത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹ്.. മർഹൂമയുടെ മകൻ ശാഹിദ് മഹ്മൂദ് പഡാർ സാഹിബ് മജ്ലിസ് അൻസാറുല്ലാഹ് ജർമ്മനിയുടെ ഖായിദ് ഉമൂമിയാണ്. മർഹൂമ മൂസിയയായിരുന്നു. മർഹൂമയ്ക്ക് മൂന്നു ആൺ മക്കളും ഒരു മകളും ഉണ്ട്.

ജനാസ നമസ്കാരത്തിനു ശേഷം ഹുസൂർ തിരുമനസ്സ് പള്ളിയിൽ വന്ന് മഗ്രിബ് ഇശാ ജംഅ് ആയി നമസ്കരിക്കുകയും അനന്തരം താമസസ്ഥലത്തേക്ക് തിരിച്ചു പോവുകയുംചെയ്തു.

### 2017 ഏപ്രിൽ 15 ശനിയാഴ്ച

ഹുസൂർ തിരുമനസ്സ് രാവിലെ 5.30ന് വന്ന് സുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. നമസ്കാരാനന്തരം ഹുസൂർ തിരുമനസ്സ് താമസസ്ഥലത്തേക്ക് പോയി. രാവിലെ ഹുസൂർ ഓഫീസ്കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചു. പിന്നീട് ഓഫീസ്കാര്യങ്ങൾ നിർവഹിക്കുന്നതിൽ വ്യാപൃതനായി.

### ഫാമിലി മുലാഖാത്ത്

11 മണിക്ക് ഹുസൂർ തിരുമനസ്സ ്ഓഫീസിൽ വന്ന് പ്രോഗ്രാമനുസരിച്ച് ഫാമിലി മുലാഖാത്ത് ആരംഭിച്ചു. പ്രഭാത സെഷനിൽ 39 ഫാമിലികളിലെ 141 ആളുകൾക്ക് ഹുസൂർ തിരുമനസ്സുമായി കൂടിക്കാഴ്ച നടത്താനായി. കൂടിക്കാഴ്ച വേളയിൽ ഹുസൂർ തിരുമനസ്സ് വിദ്യാർഥിവിദ്യാർഥിനികൾക്ക് പേനയും കൊച്ചു കുട്ടികൾക്ക് ചോക്ലേറ്റ്സും നല്കി. ഇന്ന് മുലാഖാത്ത് ചെയ്തവരിൽ ജർമ്മനിയിലെ 26 ജമാഅത്തുകളിൽ നിന്നുള്ള കുടുംബങ്ങളായിരുന്നു. ഈ മുലാഖാത്ത് ഉച്ചയ്ക്ക് 1.40 വരെ തുടർന്നു. അതിനു ശേഷം ഹുസൂർ തിരുമനസ്സ് അല്പനേരത്തേക്ക് ജർമ്മനി ജമാഅത്തിന്റെ ജനറൽ സെക്രട്ടറി ഓഫീസിലേക്ക് പോവുകയും അവിടെ അമീർ സാഹിബിനും ജർമ്മനിയുടെ നാഷണൽ ജനറൽ സെക്രട്ടറി സാഹിബിനും വരും ജുമുഅകളിൽ നല്ല ഏർപ്പാടുകൾ ചെയ്യുന്നത് സംബന്ധിച്ച് നിർദേശങ്ങൾ നല്കി. ജുമുഅയിലുണ്ടായ കുറവുകളെ സംബന്ധിച്ച് ഭാവിയിൽ അതിനു വേണ്ടി നല്ല തയ്യാറെടുപ്പുകൾ നടത്തണം. അതുകൊണ്ട് ജനങ്ങളുടെ ജുമുഅ പാഴാകാതിരിക്കാൻ നല്ല സംവിധാനം എങ്ങനെ ഏർപ്പെടുത്താം എന്നതിനെപ്പറ്റി ചിന്തിക്കുക. സ്വന്തം ഏർപ്പാടനുസരിച്ച് ഒരു നിശ്ചിത എണ്ണത്തിൽ കൂടുതൽ ആളുകൾ വരുതെന്നാണെങ്കിൽ ആദ്യമേതന്നെ സ്ഥലവും ദൂരവും നിശ്ചയിക്കേണ്ടതാണ്. അതായത്, ഇത്ര ദൂരം അകലെയുള്ള പ്രദേശങ്ങളിലെയും ജമാഅത്തുകളിലെയും ആളുകൾ വരികയെന്നും അതിൽ കൂടുതൽ അകലെ നിന്നുള്ള ആളുകൾ പ്രാദേശികമായി തന്നെ ജുമുഅ നിർവഹിക്കുക എന്നും നിർദേശം നല്കുക. ഈ അറിയിപ്പ് എല്ലാവർക്കും നല്കേണ്ടതാണ്.

(2017 മെയ് 11ലെ ഉറുദു ബദർ പത്രത്തിനോട് കടപ്പാട്)

AL ISLAM

പേജ് 2ൽ നിന്ന്

## മീഡിയ പ്രതിനിധികളോടൊപ്പം ഹുസൂർ അൻവറിന്റെ ഇന്റർവ്യൂ

**ഓഗസ് ബർഗ് ടീ വി**

**ഓഗസ് ബർഗ് അൽ ജമൈൻ സൈതൂംഗ്**

**ഡിജിറ്റൽ റേഡിയോ ഓസ് ബർഗ്**

**സൊൻടാഗ് പ്രസ്സ് ഓസ്ബർഗ്**

*ഹുസൂർ പ്രഭാഷണത്തിൽ ഇസ്ലാമിക അധ്യാപനത്തിന്റെ യഥാർഥ ചിത്രം നാം നോക്കണം എന്ന് പറഞ്ഞിരുന്നു. മാനുഷികമൂല്യങ്ങളെ സ്വീകരിക്കാൻ പറഞ്ഞിരുന്നു. ഞങ്ങൾ കൂടുതലായി ചോദിക്കാൻ ആഗ്രഹിക്കുന്നത് ക്രിസ്ത്യാനികളും യഹൂദരും മുസ്ലിംകളും അവശ്യമായും എന്താണ് ചെയ്യേണ്ടത്?*

**ഹുസൂർ തിരുമനസ്സ്:** എനിക്ക് നിങ്ങൾ പത്രക്കാരോട് പ്രത്യേകം പറയാനുള്ളത്, ഇസ്ലാമിന്റെ യഥാർഥമല്ലാത്ത ചിത്രമായ തീവ്രവാദികളുടെ വിദ്രോഹപ്രവർത്തനങ്ങൾ കാണുമ്പോൾ നിങ്ങളത് വലിയ അക്ഷരങ്ങളിൽ പ്രസിദ്ധീകരിക്കുന്നു. എന്നാൽ ഞങ്ങൾ സന്ദേശം നല്കുമ്പോഴും ലക്ഷക്കണക്കിന് വ്യക്തികൾ വർഷം തോറും ഈ ജമാഅത്തിൽ ചേരുമ്പോഴും നിങ്ങൾ വാർത്തപോലും കൊടുക്കാറില്ല. നമ്മുടെ പത്രവുമായ ബന്ധം ശരിയാണോ, അതല്ല മറ്റെന്തെങ്കിലും പ്രശ്നമുണ്ടോ അതോ ഉദ്വേഗജനകമല്ലാത്ത വാർത്തകൾ നിങ്ങൾ കൊടുക്കാത്തതുകൊണ്ടാണോ എന്നെനിക്കറിയില്ല. നിങ്ങൾ ഇസ്ലാമിന്റെ ശരിയായ മുഖം കൊടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ഞങ്ങൾ നല്കുന്ന ഈ സന്ദേശം വ്യാപിപ്പിക്കുക.

*എല്ലാ മതങ്ങളും ഒത്തൊരുമയോടെ കഴിയാൻ നമുക്കെന്താണ് ചെയ്യാൻ സാധിക്കുക?*

**ഹുസൂർ തിരുമനസ്സ്:** വിശുദ്ധ ഖുർആൻ പറയുന്നത് താങ്കൾക്ക് താങ്കളുടെ മതം, എനിക്ക് എന്റെ മതം,മതത്തിൽ യാതൊരു നിർബന്ധവും ഇല്ല എന്നാണ്.ഞാൻ നന്മയെപ്പറ്റി സംസാരിക്കുമ്പോൾ കുറച്ചു പേർ അതു സ്വീകരിക്കുന്നു.എല്ലാ വർഷവും നാലഞ്ച് ലക്ഷത്തിൽ കൂടുതൽ ആളുകൾ സ്വീകരിക്കുകയും നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നു. ഇത് നന്മയുടെ വാർത്തകൾ മാത്രമാണ്.അതുകൊണ്ട് തന്നെയാണ് അവർ ജമാഅത്തിൽ പ്രവേശിക്കുന്നതും, ക്രിസ്ത്യാനികളും യഹൂദരും മുസ്ലിംകളും ബുദ്ധമതക്കാരും സിഖ്കാരും തുടങ്ങി വിവിധ മതാനുയായികളുണ്ടെങ്കിലും ഇവരിലെല്ലാം ഒരു പൊതുവിഷയം ഉണ്ട് എന്നാണ് ഞങ്ങളെന്നും പറയുന്നത്. അത് ഉന്നതനായ ദൈവമാണ്. അതുകൊണ്ട് ഉന്നതനായ ദൈവത്തെ തൃപ്തിപ്പെടുത്താൻ വേണ്ടി പരസ്പരം നാം സഹകരിച്ച് ജീവിക്കേണ്ടതാണ്. പൊതുവായ രണ്ടാമത്തെ കാര്യം മാനവികതയാണ്. മാനവികതയെ സംരക്ഷിക്കാൻ വേണ്ടി നാം പരസ്പരൈക്യത്തോടെയും ശാന്തി സമാധാനത്തോടെയും സ്നേഹത്തോടെയും വസിക്കേണ്ടതാണ്. പരസ്പരം സഹകരിച്ച് കഴിയണമെന്നത് കൊണ്ട് പരസ്പരം അറിയണമെന്നുമാണ് ഉദ്ദേശിച്ചത്. താങ്കൾക്ക് സ്വന്തമായി ഒരു വീക്ഷണമുണ്ടാകും,എനിക്ക് എന്റേതായ വീക്ഷണമുണ്ടാകും. ഒരു കുടുംബത്തിനുള്ളിൽ തന്നെ സഹോദരന്മാർക്കും സഹോദരിമാർക്കും ഇടയിൽ വെവ്വേറെ വീക്ഷണങ്ങളുണ്ടാകാറുണ്ട്.താങ്കളുടെവീക്ഷണവുമായി അവർയോജിപ്പുണ്ടാകണമെന്നില്ല. അതു കാരണത്താൽ അവരെപ്പറ്റി മോശം വാക്കുകൾ പറയുകയുമില്ലെന്നു മാത്രമല്ല സ്നേഹത്തോടെ വർത്തിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് മതവിശ്വാസങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും ഒരു കുടുംബത്തെപ്പോലെ വർത്തിക്കേണ്ടതാണ്.

*താങ്കളുടെ അഭിപ്രായത്തിൽ ഇക്കാലഘട്ടത്തിൽ ഈ പള്ളിയുദ്ഘാടനത്തിന്റെ പ്രാധാന്യമെന്താണ്? തീവ്രവാദമാകട്ടെ ലോകത്ത് വ്യാപകമാണ്. പരസ്പരം യുദ്ധങ്ങളും നടന്നു കൊണ്ടിരിക്കുന്നു.*

**ഹുസൂർ തിരുമനസ്സ്:** അതുകൊണ്ടാണ് ഞാനിന്ന് സന്ദേശം നല്കിയത്. ഞങ്ങൾ സമർപ്പിക്കുന്നതാണ് യഥാർഥ ഇസ്ലാം. ഇതിന്റെ പ്രചാരണമാണ് ഞങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്.ഇത് തന്നെയാണ് യഥാർത്ഥ സന്ദേശവും. ലോകത്തിന്റെ അറ്റങ്ങളോളം നാം ഇതെത്തിക്കേണ്ടതാണ്. ഞങ്ങളുടെ കഴിവനുസരിച്ച് ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കാൻ ഏറ്റവും നല്ല പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കഴിഞ്ഞിട്ടുണ്ട്. ഭാരതത്തിലെ ശരിയായ റോഡ് സൗകര്യം പോലും ഇല്ലാതിരുന്ന കുഗ്രാമത്തിലുള്ള ഒരു മനുഷ്യൻ അസ്തിവാരമിട്ട ഈ ജമാഅത്ത് ഇന്ന് ലോകത്ത് 209 രാജ്യങ്ങളിൽ വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു.ലോകം മുഴുവനും അഹ്മദികൾ വസിച്ചു വരുന്നു.

ഒരു സംഘം തീവ്ര സ്വഭാവമുള്ള മുസ്ലിംകൾ ഇസ്ലാമിന്റെ യഥാർഥമല്ലാത്ത ചിത്രം ലോകത്തിൽ സമർപ്പിക്കുന്ന ഇക്കാലഘട്ടത്തിൽ ഞങ്ങൾ വർദ്ധിച്ച ആവേശത്തോടു കൂടി ശാന്തിയും സ്നേഹവും സഹവർത്തിവും കുടികൊള്ളുന്ന ഇസ്ലാമിന്റെ യഥാർഥ ചിത്രം സമർപ്പിക്കുന്നു.

ഇസ്ലാമിന്റെ അർഥം തന്നെ സമാധാനം എന്നാണ്. ഞങ്ങൾ സമാധാനം ഇഷ്ടപ്പെടുന്നവരാണ്. ഞങ്ങൾ ഈ പട്ടണത്തിന്റെ ഭാഗമാണ്. ഈ സംസ്ഥാനത്തിന്റെ ഭാഗമാണ്. ഈ രാഷ്ട്രത്തിന്റെ ഭാഗമാണ്. അതുകൊണ്ട് അഹ്മദികൾ എല്ലാ രൂപത്തിലും സമൂഹത്തിൽ ഇണങ്ങിച്ചേർന്നിരിക്കുന്നു. ഞങ്ങൾ രാഷ്ട്രത്തിന്റേയും സമുദായത്തിന്റേയും ഉന്നമനത്തിന് വേണ്ടിയാണ് പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്. സ്വന്തം രാഷ്ട്രത്തിന്റെ പേര് ലോകം മുഴുവനും പ്രകാശിപ്പിക്കാനാണ് നമ്മുടെ എല്ലാ ശ്രമവും നടന്നുകൊണ്ടിരിക്കുന്നത്. ഈ പ്രവൃത്തി ഞങ്ങൾ എന്നേ ചെയ്തു കൊണ്ടിരിക്കുന്നു. ഈ പട്ടണത്തിന്റെ ലക്ഷ്യം സമാധാനമാണെങ്കിൽ ഞങ്ങളുടെ സന്ദേശവും ഇതു തന്നെയാണ്, അതായത് ശാന്തി,സ്നേഹം,സഹവർത്തിത്വം, സാഹോദര്യം.

ഇതിന് ശേഷം എല്ലാ അതിഥികളും ഹുസൂർ അൻവറിനോടൊപ്പം ഭക്ഷണം കഴിച്ചു. ശേഷം വിവിധ അതിഥികൾ ഘട്ടംഘട്ടമായി ഹുസൂറിനെ കണ്ടു. ഹുസൂർ അൻവർ സ്നേഹത്തോടെ അവരുമായി സംഭാഷണം നടത്തിക്കൊണ്ടിരുന്നു. ശേഷം കുറച്ചു നേരത്തേക്ക് ഹുസൂർ അൻവർ ലജ്നകളുടെ ഹാളും സന്ദർശിച്ചു. സ്ത്രീകളും ഹുസൂറിനെ ദർശിച്ചു.

ഉദ്ഘാടന പരിപാടിക്ക് ശേഷം ഇവിടെ നിന്നും മ്യൂണിക്കിലേക്ക് പോകാനായിരുന്നു പരിപാടി. ഓഗസ് ബർഗിൽ നിന്നും മ്യൂണിക്കിലേക്ക് 90 കിലോ മീറ്ററാണുള്ളത്. 8.10ന് പുറപ്പെട്ട ഹുസൂർ ഒരു മണിക്കൂറും അഞ്ചു മിനിട്ടും യാത്ര ചെയ്ത് മ്യൂണിക്കിലെ മസ്ജിദുൽ മഹ്ദിയിലെത്തി. മസ്ജിദുൽ മഹ്ദിയുടെ ബാഹ്യ മേഖലയിലെത്തിയപ്പോൾ തന്നെ ജമാഅത്തംഗങ്ങളായ പുരുഷന്മാരും സ്ത്രീകളും യുവാക്കളും വൃദ്ധരും തങ്ങളുടെ പ്രിയനേതാവിനെ സ്നേഹാദരങ്ങളോടെ സ്വീകരിച്ചു. ആൺകുട്ടികളുടേയും പെൺകുട്ടിയുടേയും വിഭാഗങ്ങൾ ഗാനങ്ങളും സ്വാഗത ഗാനവും ആലപിച്ചു. ചെറുതും വലിയവരുമായ എല്ലാവരും തങ്ങളുടെ കൈകളുയർത്തി പ്രിയനേതാവിന് സ്വാഗതമോതി. സ്ത്രീകളും പ്രിയനേതാവിനെ ദർശിച്ചു കൊണ്ട് അനുഗൃഹീതരാകുന്നുണ്ടായിരുന്നു.

ലോക്കൽ ജമാഅത്ത് പ്രസിഡന്റ് മുസഫർ ഗോന്തൽ സാഹിബ്,റീജ്യനൽ അമീർ സഫർ നാഗീ സാഹിബ്,മ്യൂണിക്ക് മിഷ്യണറി, ഉസ്മാൻ നവീദ് സാഹിബ്, മ്യൂണിക്ക് ഖുദ്ദാമുൽ അഹ്മദിയ്യാ ഖായിദ് റാഹീൽ അഹ്മദ് സാഹിബ് തുടങ്ങിയവർ ഹുസൂറിന് ഹസ്തദാനം നല്കി വരവേറ്റു. ഹുസൂർ കൈയ്യുയർത്തി എല്ലാവർക്കും അസ്സലാമു അലൈക്കും പറഞ്ഞു. തുടർന്ന് പള്ളിയിൽ പ്രവേശിച്ചു.

മഗ്രിബ് ഇശാ നമസ്കാരം ജംഉം ജമാഅത്തുമായി നമസ്കരിച്ചതിന് ശേഷം പള്ളിയുടെ ബാഹ്യ ഭാഗത്തേക്ക് വരികയും പള്ളിയെ വലുതാക്കുന്നതുമായി ബന്ധപ്പെട്ട് മിഹ്റാബിന്റെ ഭാഗം വിശാലമാക്കാൻ മാർഗദർശനം നല്കിയ ഹുസൂർ ഏതെങ്കിലും ആർക്കിടെക്റ്റ് ഇതു സംബന്ധമായി ശരിയായ പ്ളാനിംഗ് നിങ്ങൾക്ക് പറഞ്ഞു തരുമെന്ന് ലോക്കൽ പ്രസിഡന്റിനോടായി പറഞ്ഞു.

ശേഷം ലജ്നാ ഹാളിലേക്ക് പോയ ഹുസൂറിനെ അവിടെയുണ്ടായിരുന്ന സ്ത്രീകളെല്ലാവരും സന്ദർശിച്ചു. തുടർന്ന് പള്ളിയിൽ നിന്നും ഇരുപത് മിനിട്ട് യാത്ര ചെയ്ത് ഹുസൂർ ഫ്രൈസിംഗ് പ്രദേശത്തുള്ള മാര്യട്ട് ഹോട്ടലിതാമസിക്കാനായി എത്തി.

### അതിഥികളുടെ പ്രതികരണങ്ങൾ

ഇന്ന് മസ്ജിദ് ബൈത്തുന്നസ്വീറിന്റെ ഉദ്ഘാടന വേളയിൽ സന്നിഹിതരായിരുന്ന ചില അതിഥികൾ തങ്ങളുടെ പ്രതികരണങ്ങളും ഹൃദയവികാരങ്ങളും പ്രകടിപ്പിക്കുകയുണ്ടായി. ചിലരുടെ പ്രതികരണങ്ങൾ ചുവടെ ചേർക്കുന്നു.

ഹുസൂർ അൻവറിന്റെ പ്രസംഗം ശ്രവിച്ചതിന് ശേഷം തന്റെ പ്രതികരണം വെളിപ്പെടുത്തിക്കൊണ്ട് ഒരു അതിഥി പറഞ്ഞു: ഇവിടെ നല്കപ്പെട്ടിരിക്കുന്ന സന്ദേശം വളരെയധികം സുന്ദരമാണ്. ഇസ്ലാമിക രാജ്യങ്ങളിലെ അധിക ജനങ്ങളിലേക്കും ഈ സന്ദേശം എന്നിച്ചേരണമെന്നാണെന്റെ ആഗ്രഹം. ഇതു മുഖേന കൂടുതൽ സമാധാനം പുലരുന്നതാണ്. ഒരു അഹ്മദി ടാക്സി ഡ്രൈവറുടെ ക്ഷണമനുസരിച്ചാണ് ഞാൻ ഈ പ്രോഗ്രാമിൽ പങ്കെടുത്തത്. ഈ ക്ഷണം സ്വീകരിച്ച ഞാൻ ഭാഗ്യവാനാണ്.ഞാൻ വളരെയധികം കാര്യങ്ങൾ പഠിച്ചിരിക്കുന്നു. താങ്കളുടെ ജമാഅത്തിന് വേണ്ടി ഞാൻ വളരെ ശുഭകാംക്ഷിയാണ്. താങ്കളെ പോലെയുള്ളവരെ നമുക്ക് വളരെ ആവശ്യമുണ്ട്.

മറ്റൊരതിഥി പറഞ്ഞു: ഖലീഫയുടെ പ്രസംഗം പൂർണ സ്വാധീനം ചെലുത്തുന്നതായിരുന്നു. പ്രത്യേകിച്ചും പരാമർശിക്കപ്പെട്ട മൂല്യങ്ങൾ എനിക്ക് സുപ്രധാമായിരുന്നു. എനിക്ക് മതമൊന്നുമില്ല. എങ്കിലും എനിക്ക് ഈ മൂല്യങ്ങൾ പിൻപറ്റാൻ സാധിക്കുന്നതാണ്. ആഫ്രിക്കയിൽ വെള്ളം എത്തിക്കുന്ന പ്രവൃത്തി വളരെ സ്വാധീനമുണ്ടാക്കുന്നതാണ്. നിങ്ങൾ ശരിയായ പാതയിലാണ് ഗമിക്കുന്നത്. കൂടുതൽ കൂടുതൽ ജനങ്ങൾ നിങ്ങളുടെ ഈ സന്ദേശം തിരിച്ചറിയണമെന്നതാണ് ആവശ്യമായിട്ടുള്ളത്.

ഒരതിഥി പറഞ്ഞു: ഖലീഫയുടെ സമാധാനനിർഭരമായ സന്ദേശം ഹൃദയാകർഷകമാണ്. ഈ സന്ദേശം മുഴുലോകത്തും നിങ്ങൾ പ്രചരിപ്പിക്കേണ്ടതുണ്ട്.

ഒരു ജർമൻ സ്കൂൾ അധ്യാപകൻ തന്റെ പ്രതികരണം പ്രകടിപ്പിച്ച്കൊണ്ട് പറഞ്ഞു: ഞാൻ എന്റെ ക്ളാസിലെ കുട്ടികൾക്ക് ഇസ്ലാമിനെ സംബന്ധിച്ചുള്ള മറുപടി നല്കാൻ ബുദ്ധിമുട്ടുകയായിരുന്നു. കാരണം പത്രത്തിൽ വരുന്ന കാര്യങ്ങൾ തികച്ചും ഇസ്ലാമിന് വിരുദ്ധമായിരുന്നു. ഇന്നത്തെ പ്രോഗ്രാമിലെ ഖലീഫയുടെ പ്രസംഗത്തിൽ നിന്നും എനിക്ക് വളരെയധികം വിവരങ്ങൾ കിട്ടിയിരിക്കുന്നു. ഇനി കുട്ടികൾക്ക് ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ നല്കാൻ എനിക്ക് സാധിക്കുന്നതാണ്. ഖലീഫയോട് എനിക്ക് വളരെ നന്ദിയുണ്ട്.

ഒരു ജർമൻ മഹിള ഈ വാക്കുകളിൽ പ്രതികരിച്ചു: ഖലീഫത്തുൽ മസീഹിന്റെ വാക്കുകൾ എന്റെ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചു. ഇസ്‌ലാമികധ്യാപനങ്ങൾ ഇത്രയും സുന്ദരമാണെന്ന് എനിക്കറിയില്ലായിരുന്നു. ഇപ്പോൾ എന്റെ മനസ്സിലുയരുന്ന ചോദ്യം ഇത്ര സുന്ദരമായ അധ്യാപനങ്ങൾ ഉണ്ടായിട്ടും ഇസ്‌ലാം ഇത്രയധികം അപമാനിക്കപ്പെടാൻ കാരണമെന്തെന്നാണ്. താങ്കളുടെ ഇസ്‌ലാം വ്യാപിക്കാനും എല്ലാവരിലേക്കും എത്തിച്ചേരാനും ഞാൻ പ്രാർഥിക്കുന്നു.

ഒരു നിരീശ്വരവാദിയായ മഹിള പറഞ്ഞു: താങ്കളുടെ ഖലീഫ ഇന്ന് പറഞ്ഞ കാര്യങ്ങൾ ഇക്കാലഘട്ടത്തിൽ ലോകത്തിന് വളരെ അനിവാര്യമായ കാര്യമാണ്. ഇസ്‌ലാമിനെ ഭയപ്പെടുന്ന ധാരാളം ജർമൻകാർ ഈ പട്ടണത്തിലുണ്ട്. എന്റെ സുഹൃദ്‌വലയത്തിലുംഎന്നെ ഈ പ്രോഗ്രാമിൽ വരുന്നതിനെ തടുത്തവരുണ്ട്. ഖലീഫയുടെ വാക്കുകൾ പത്രങ്ങളിൽ പ്രസിദ്ധീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. റേഡിയോയിലൂടെയും വ്യാപിപ്പിക്കുക. ജനങ്ങളുടെ മനസ്സിൽ നിന്നും ഭയം നീങ്ങിപ്പോകാൻ ഇതിന്റെ ലഘുലേഖകളും പ്രസിദ്ധീകരിച്ച് പട്ടണവാസികളിൽ വിതരണം ചെയ്യുക.

ഒരതിഥി പറഞ്ഞു: ഖലീഫയുടെ പ്രസംഗത്തിലെ എല്ലാ വിവരങ്ങളും എനിക്ക് പുതിയ കാര്യങ്ങളാണ്.

ഗ്രീൻ പാർട്ടിയുടെ പ്രാദേശിക കൂട്ടായ്മയുടെ തലവനായ മരിയാനേ വൈബ് സാഹിബ എന്ന അതിഥി പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ഖിലാഫത്തെ അഹ്മദിയ്യാക്ക് ഐ.എസിന്റെ നാമമാത്ര ഖിലാഫത്തുമായി ഒരു ബന്ധവുമില്ലെന്ന ഖലീഫത്തുൽ മസീഹിന്റെ വിശദീകരണം വളരെ ഇഷ്ടപ്പെട്ടു. വിദൂരബന്ധം പോലുമില്ല. ഇസ്‌ലാമിന്റെ അടിസ്ഥാനപരവും യഥാർഥവുമായ അധ്യാപനങ്ങളെപ്പറ്റി എനിക്കിന്നാണ് മനസ്സിലായത്. അഹ്മദിയ്യത്തിന്റെ ശാന്തിയുടേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സന്ദേശം അടിസ്ഥാന ഇസ്‌ലാമികാധ്യാപനങ്ങളാണ്.

ഹുസൂറിന്റെ വ്യക്തിത്വത്തിൽ പ്രഭാവിതനായ ഒരു ജർമൻ യുവാവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: എന്റെ വികാരം ഒരു പക്ഷേ നിങ്ങൾക്ക് മനസ്സിലായി എന്നു വരില്ല. എന്റെ പിതാമഹൻ കുറച്ചു നാളുകൾക്ക് മുമ്പ് മരിച്ചു പോയിരുന്നു. അദ്ദേഹം എനിക്ക് ഏറ്റവും പ്രിയ്യങ്കരനായ നല്ല സ്നേഹിതനായിരുന്നു. എനിക്ക് ഉപദേശങ്ങൾ നല്കാറുണ്ടായിരുന്നു. ഞാനിന്ന് ഹുസൂറിനെ കണ്ടപ്പോൾ ഉന്നതനായ അല്ലാഹു എനിക്ക് എന്റെ പിതാമഹനെ നല്കിയിരിക്കുന്നുവെന്ന് തോന്നി.

ഒരു ജർമൻ അതിഥിയായ മിസ്റ്റർ സ്വെൻ തന്റെ ഭയത്തെവെളിപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ഞാൻ ചെറുപ്പകാലത്ത് എന്റെ മാതാപിതാക്കളോടൊപ്പം പോപ്പിനെ കാണാൻ റോമിൽ പോയിരുന്നു. അവിടെ എനിക്ക് ആത്മീയത തോന്നിയിരുന്നു. ക്രിസ്തുമതം സത്യമാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. എന്നാൽ ഇന്നിവിടെ ഖലീഫത്തുൽ മസീഹിനെ ദർശിക്കുക യും അദ്ദേഹത്തിന്റെ പ്രസംഗം ശ്രവിക്കുകയും ചെയ്തപ്പോൾ സവിശേഷമായ ആത്മീയത അനുഭവിക്കുകയുണ്ടായി. അത് എന്നിൽ ആഴത്തിൽ സ്വാധീനമുണ്ടാക്കി. എന്റെ മനസ്സിലുണ്ടായിരുന്ന എല്ലാ ഭയവും നീങ്ങിപ്പോയിരിക്കുന്നു.

ഓഗസ്ബർഗ് യൂണിവേഴ്സിറ്റി പ്രഫസർ ഡോക്ടർ ക്ളോസ് വോൾഫ് പറയുന്നു: ഖലീഫ പറഞ്ഞ കാര്യങ്ങൾ യാഥാർത്ഥ്യം ഉൾക്കൊള്ളുന്ന സന്ദേശമാണെങ്കിൽ നിങ്ങൾക്ക് വളരെ വലിയ വിജയം പ്രാപ്തമാകുന്നതാണ്. പ്രൊഫസർ സാഹിബിനുണ്ടായ സ്വാധീനഫലമായി യൂണിവേഴ്സിറ്റിയിൽ ഇതിന്റെ എക്സിബിഷൻ ഇടുന്നതിനെ സംബന്ധിച്ച് നിർദ്ദേശം വെക്കുകയുണ്ടായി. പൊതുജനങ്ങളുടെ ഇടയിൽ ജമാഅത്ത് കൂടുതൽ പ്രസിദ്ധി തേടണമെന്നും ഈ സന്ദേശം എല്ലാവരിലേക്കും എത്തണമെന്ന ആഗ്രഹവും അദ്ദേഹം പ്രകടിപ്പിച്ചു.

മറ്റൊരതിഥി ഈ വാക്കുകളിൽ പ്രതികരിച്ചു: ഖലീഫയുടെ പ്രസംഗത്തിൽ നിന്നും നമുക്ക് അദ്ദേഹത്തിന്റെ വിശ്വാസങ്ങൾ, ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ, ജമാഅത്തിന്റെ സേവനങ്ങൾ തുടങ്ങിയ കാര്യങ്ങൾ മനസ്സിലായി. തീവ്രവാദികളായ മുസ്‌ലിംകൾ സൃഷ്ടിച്ചിരിക്കുന്ന സ്വാധീനത്തിൽ നിന്നും തികച്ചും വിരുദ്ധമാണ് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം. നമുക്കിന്നാണ് ഈ യാഥാർഥ്യം മനസ്സിലായത്.

ഒരു മഹിള മിസിസ് സ്റ്റ്രോക്ക് തന്റെ വികാരം പ്രകടിപ്പിച്ചു കൊണ്ട് പറയുന്നു: താങ്കളെപ്പോലെയുള്ള സമാധാനകാംക്ഷികൾ നമ്മുടെ പട്ടണത്തിന്റെ ഭാഗമായിരിക്കുന്നത് നമ്മുടെ ഭാഗ്യമാണ്.

മറ്റൊരു അതിഥി പറയുന്നു: ഇന്നത്തെ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചതിൽ എനിക്ക് നിങ്ങളോട് നന്ദിയുണ്ട്. ഖലീഫത്തുൽ മസീഹിന്റെ പ്രസംഗം വളരെ സ്വാധീനം ഉളവാക്കുന്നതും ആവേശം ജനിപ്പിക്കുന്നതുമാണ്. ഇവിടെ ജനങ്ങൾ ഒരു മേശക്ക് ചുറ്റുമിരിക്കുകയെന്നത് ഐക്യത്തിനും ആത്മാർഥതക്കും ആദരവിനും പ്രേരണ നല്കുന്ന പ്രതീകങ്ങളാണ്.

ഒരു മുസ്‌ലിം അതിഥി തന്റെ വികാരം ഈ വാക്കുകളിൽ വെളിപ്പെടുത്തി: തന്റെ ഉന്നത പദവിയെ നിങ്ങളുടെ ഖലീഫ ശാന്തിയും സമാധാനവും സ്നേഹവും പുലർന്നു കാണുന്നതിന് വേണ്ടി മാത്രം അതിനെ ഉപയോഗിക്കുന്നുവെന്നത് എന്നെ അദ്ഭുതപ്പെടുത്തുന്നതാണ്. അദ്ദേഹത്തിന്റെ അസ്തിത്വത്തിൽ ഭൗതികതയുമില്ല, രാഷ്ട്രീയ ലക്ഷ്യങ്ങളുമില്ല തന്നെ.

ഒരു ജർമൻ മഹിള ഹുസൂർ അൻവറിന്റെ പ്രസംഗം ശ്രവിച്ചതിന് ശേഷം പറഞ്ഞു: എല്ലാ മുസ്‌ലിംകളും ഇങ്ങനെയായിരുന്നുവെങ്കിൽ! കാലത്തിന്റെ ഖലീഫയുടെ തിരുമുഖത്ത് പ്രകാശവും ക്ഷമയും സമാധാനവും പ്രകടമാണ്.

മറ്റൊരതിഥി പറഞ്ഞു: ഇക്കാലഘട്ടത്തിന് അത്യാവശ്യമായ വിഷയങ്ങളാണ് ഖലീഫത്തുൽ മസീഹ് നമ്മളോട് പറഞ്ഞിട്ടുള്ളത്. ഖലീഫ കേവലം മതപരമായ വീക്ഷണത്തിൽ മാത്രമല്ല ഭൗതികമായ വീക്ഷണത്തിലും പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയുണ്ടായി.

ഒരതിഥി പറയുന്നു: ഇന്നാണ് നമുക്ക് ഇസ്‌ലാമിന്റെ അടിസ്ഥാനം മനസ്സിലായത്. കാരണം ഏതുപോലെ നിങ്ങൾക്ക് ഇസ്‌ലാമിനെകുറിച്ചുള്ള അറിവുണ്ടോ ഏതു രൂപേണ നിങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങൾ വിശദീകരിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നുവോ അതുപോലെ മറ്റ് മുസ്‌ലിംകൾക്കറിയില്ല.

ഒരതിഥി ഹുസൂറിന്റെ പ്രസംഗ ശേഷം പറഞ്ഞു: നിങ്ങളുടെ ഖലീഫ ലോകത്തിന്റെ നേതാവാകേണ്ടിയിരുന്നു.

ഒരതിഥി പറയുന്നു: നിങ്ങളുടെ ഖലീഫയുടെ പ്രസംഗം അതീവ സ്വാധീനമുണ്ടാക്കുന്നതും തെളിവുകൾ കൊണ്ട് സമ്പന്നവുമായിരുന്നു. ഖലീഫയുടെ സന്ദേശം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ സന്ദേശം മുമ്പോട്ട് പ്രചരിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ഒരതിഥി പറയുന്നു: തുർക്ക് ജനത 1960 മുതൽ ഈ നാട്ടിലുണ്ട്.എന്നാൽ ഇന്നു വരെ അവർക്ക് പള്ളിയുണ്ടാക്കാൻ സാധിച്ചില്ല എന്നതിൽ നിന്നും ഗണിക്കാൻ കഴിയും നിങ്ങളുടെ ജമാഅത്തിന്റെ വിജയം എത്രയാണെന്ന്.എന്നാൽ അഹ്മദിയ്യാ ജമാഅത്ത് ഇത്രയധികം തടസ്സങ്ങളുണ്ടായിട്ടും പള്ളിയുണ്ടാക്കി. നിങ്ങളുടെ ജമാഅത്ത് എല്ലാ കാര്യത്തിലും കാര്യത്തിലും ഊർജ്ജസ്വലരാണെന്ന് മനസ്സിലാകുന്നു.

ഒരതിഥിയായ മഹിള പറഞ്ഞു: ഖലീഫത്തുൽ മസീഹിന്റെ ശാന്തഗംഭീരമായ അനുഗൃഹീത മുഖം ഹൃത്തടത്തിൽ ഗഹനീയ സ്വാധീനമിടുകയുണ്ടായി. അദ്ദേഹത്തിന്റെ വ്യക്തിത്വം സ്വാധീന നിർഭരമാണ്. പ്രത്യേകിച്ചും അദ്ദേഹത്തിന്റെ സമ്പൂർണ തന്മയ പ്രസംഗവും ഇതര പ്രസംഗകരുടെ വാക്കുകളെ കുറിച്ച് നല്കിയ അവലോകനവും വളരെ ഇഷ്ടപ്പെട്ടു.

ഓഗസ് ബർഗ് ടീ വി പ്രതിനിധി പറയുന്നു: മുമ്പൊരിക്കലും ഇത്തരമൊരു പരിപാടി ഞാൻ കണ്ടിട്ടില്ല. ഒരു മതനേതാവും സ്വാധീനത നിറഞ്ഞ മുഖങ്ങളോടെയുള്ള ജനങ്ങളും വളരെ ഇഷ്ടപ്പെട്ടു.

ഒരു യുവാവിന്റെ പ്രതികരണം: ഞാനൊരു നിരീശ്വരവാദിയാണെങ്കിലും ഏതെങ്കിലും മതത്തിൽ താത്പര്യമുണ്ടെങ്കിൽ അത് അഹ്മദികളുടെ മതത്തിലാണ്.

ഒരു ജർമൻ യുവാവ് പറയുന്നു: പാക്കിസ്താനിൽ നമുക്കെതിർപ്പുണ്ട് എന്ന് കേട്ടപ്പോൾ അത്ഭുതം തോന്നി. എന്നിട്ടും നാമവിടെ മാനുഷികമായ സേവനങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. ഇത് വ്യക്തമാക്കുന്നത് നിങ്ങളുടെ കാര്യങ്ങൾ അവിടെ കേൾക്കപ്പെടുന്നില്ല എന്നാണ്. കാരണം, മാധ്യമങ്ങൾ കേവലം മോശമായ വാർത്തകൾ മാത്രമാണ് കൊടുക്കുന്നത്.

ഒരു ജർമൻ യുവാവ് തന്റെ തന്റെ വികാരം ഇങ്ങനെ പ്രകടിപ്പിച്ചു: എനിക്ക് ഒരു അഭിപ്രായം ഉണ്ട്. ഇത്തരം പ്രോഗ്രാം സംഘടിപ്പിക്കുമ്പോൾ നമ്മുടെ പ്രാദേശിക രാഷ്ട്രീയക്കാർക്ക് പകരം മുഴുസമയവും ഖലീഫത്തുൽ മസീഹിന് കൊടുക്കുക. ഖലീഫത്തുൽ മസീഹിൽ നിന്ന് കൂടുതൽ കാര്യങ്ങൾ കേൾക്കാൻ സാധിക്കും.

ഒരു അതിഥി പറഞ്ഞു: ഇസ്‌ലാമിക ലോകത്ത് സമാധാനരൂപത്തിൽ ഇസ്‌ലാമികാധ്യാപനം നല്കിക്കൊണ്ടിരിക്കുന്നവരിൽപ്പെട്ടവരാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. ഞാനിവിടെ വന്നതും ഇവരുടെ ആദരണീയ ഖലീഫത്തുൽ മസീഹിന്റെ പ്രസംഗം നേരിട്ട് ശ്രവിക്കാനാണ്. ഇന്നത്തെ ഈ വേദി വളരെ സുന്ദരമായിരുന്നു. ഏതവസരത്തിലും ഇസ്‌ലാമിന്റെ യഥാർഥവും സമാധാനപൂരിതവുമായ ചിത്രം സമർപ്പിക്കുന്നതിൽ നിന്നും ആദരണീയ ഖലീഫത്തുൽ മസീഹ് പിൻവാങ്ങുന്നില്ലായെന്ന കാര്യം എന്നെ വളരെ സ്വാധീനിച്ചു. അഹ്മദിയ്യാ ജമാഅത്ത് സൃഷ്ടിക്കുന്ന അന്തരീക്ഷത്തിൽ ജീവിക്കുന്നത് വളരെ നല്ലതാണ് എന്നാണ് മനസ്സിലാകുന്നത്. ഇത്തരം വ്യക്തികളാണ് പിൽക്കാലത്ത് സമൂഹത്തിൽ വളരെ സ്വീകരിക്കപ്പെടുന്നതും. നമ്മുടെ പട്ടണത്തിൽ ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളി ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നുഎന്നതിൽ നാം ഭാഗ്യവാന്മാരാണ്.

മറ്റൊരതിഥി പറഞ്ഞു: ആദരണീയ ഖലീഫത്തുൽ മസീഹിന്റെ പ്രസംഗത്തിൽ നിന്ന് എന്റെ ഹൃദയത്തെ വശീകരിച്ചത് ഇസ്‌ലാം സാഹോദര്യത്തിന് എത്ര മാത്രം ശക്തി ചെലുത്തുന്നു എന്ന കാര്യമാണ്. ഈ ജമാഅത്തുമായി എനിക്ക് മുമ്പേ ബന്ധമുണ്ടായിരുന്നു. വളരെ ഉത്തമവും സുഖദായകവുമായിരുന്നു ഈ സദസ്സ്. അതുകൊണ്ട് ഇപ്പോൾ താത്പര്യം അധികരിച്ചിരിക്കുന്നു. ഇനി നിങ്ങളുടെ പള്ളിയിൽ വരുവാനും ഇന്റർനെറ്റിൽ നിന്ന് നിങ്ങളെ കുറിച്ച് കൂടുതൽ പരിചയപ്പെടുവാനും ശ്രമിക്കുന്നതാണ്.

ഒരു മഹിളാ അതിഥി പറയുന്നു: ആദരണീയ ഖലീഫത്തുൽ മസീഹ് സാഹോദര്യത്തിന്റേയും സഹവർത്തിത്വത്തിന്റേയും ആവശ്യകതയെപ്പ

റ്റി ഊന്നൽ നല്കുന്നുവെന്നത് എന്നെ വളരെ ആകർഷിച്ചു. ഇതുതന്നെയാണ് ഇസ്ലാമിന്റെ അടിസ്ഥാന അധ്യാപനവും.

മറ്റൊരതിഥി പറയുന്നു: ആദരണീയ ഖലീഫത്തുൽ മസീഹിനെ രണ്ടാമതൊരു പ്രാവശ്യം കാണാൻ കഴിഞ്ഞുവെന്നത് എനിക്ക് ലഭിച്ച ആദരവാണ്. വളരെ വലിയ യുക്തിചിന്തകനാണ് അദ്ദേഹമെന്ന് മനസ്സിലാകുന്നു.അദ്ദേഹത്തിൽ നിന്നും വളരെയധികം കാര്യങ്ങൾ പഠിക്കാൻ കിട്ടുന്നുണ്ട്.

ഒരു മഹിളാ അതിഥി പറയുന്നു: ആദരണീയ ഖലീഫത്തുൽ മസീഹിൽ നിന്നും ശാന്തിയുടെ കിരണങ്ങൾ പുറപ്പെടുന്നു. അദ്ദേഹം വളരെ ആദരണീയനായ വ്യക്തിയാണെന്ന് മനസ്സിലാകുന്നു.

മറ്റൊരതിഥി പറയുന്നു: ഞാൻ വളരെ വികാരാധീനനാണ്. നാം തുറന്ന മനസ്സോടെ സഹകരിച്ചുകൊണ്ടും സ്നേഹത്തോടെയും സാഹോദര്യത്തോടെയും ജീവിക്കുകയാണെങ്കിൽ ഖലീഫത്തുൽ മസീഹ് പറയുന്നതുപോലെ ഭയങ്ങൾ അവസാനിക്കുന്നതാണ്. വളരെ വലിയ യുക്തി ചിന്തകനാണ് അദ്ദേഹം. അദ്ദേഹം തന്റെ ജമാഅത്തംഗങ്ങളെ വളരെയധികം സ്നേഹിക്കുന്നുവെന്ന് എനിക്ക് മനസ്സിലാകുന്നു.

മറ്റൊരതിഥി പറയുന്നു: ഇന്നത്തെ സമാധാന സമ്പൂർണമായ അന്തരീക്ഷം എന്നെ വളരെ പ്രഭാവിതനാക്കി. ആദരണീയ ഖലീഫത്തുൽ മസീഹ് വളരെ ശാന്തസമ്പൂർണനും സമാധാന സ്നേഹിയുമാണ്. ഇസ്ലാമിനെ സംബന്ധിച്ച് ലോകം മുഴുവനും വെറുപ്പിന്റെ അധ്യാപനങ്ങൾ നല്കപ്പെടുമ്പോൾ ഇവിടെ മുസ്ലിംകൾ ഇതിനു നേർവിപരീതമായി സമാധാനത്തെ സംബന്ധിച്ചാണ് സംസാരിക്കുന്നത്.

ഒരു മഹിളാ അതിഥി പറയുന്നു: സഹവർത്തിത്വത്തിന്റേയും സാഹോദര്യത്തിന്റേയും ഇന്നത്തെ ഈ അന്തരീക്ഷം എന്നെ വളരെ ആകർഷിച്ചു. ഇവിടെ ജർമൻകാരും കൂടുതലായി വന്നിട്ടുണ്ടെന്നതിൽ വ്യക്തിപരമായി എനിക്ക് സന്തോഷമുണ്ട്.ആദരണീയ ഖലീഫത്തുൽ മസീഹ് ശാന്തപൂർണനായ വ്യക്തിയാണ്. വളരെ വ്യക്തമായി കാര്യങ്ങൾ വിശദീകരിക്കുന്നു. ശാന്തിയുടെ കിരണങ്ങൾ അദ്ദേഹത്തിൽ നിന്നും പുറപ്പെടുന്നുണ്ട്.ആദരണീയ ഖലീഫത്തുൽ മസീഹിൽ ഞാൻ വളരെ പ്രഭാവിതനാണ്.

## പള്ളികളുടെ ഉദ്ഘാടനം മീഡിയ കവറേജ്.

വാൾഡ്ഷട്ടിലെ മസ്ജിദ് ബൈത്തുൽ ആഫിയയുടേയും ഓഗസ്ബർഗിലെ മസ്ജിദ് ബൈത്തുന്നസീറിന്റേയും ഉദ്ഘാടനം ഇലക്ട്രോണിക്ക് മീഡിയയുംപ്രിന്റ് മീഡിയയും വളരെ പ്രാധാന്യത്തോടെ കവറേജ് നല്കുകയുണ്ടായി. വാൾഡ്ഷട്ടിലെ മസ്ജിദ് ബൈത്തുൽ ആഫിയയുടെ ഉദ്ഘാടനം താഴെ ചേർക്കുന്ന ടീ വി പത്ര പ്രതിനിധികൾ പങ്കെടുത്തു.

1.എസ്,ഡബ്ല്യൂ.ആർ ടീ വി ചാനൽ
2. ബഡീഷേ സൈതൂംഗ് ദേ പത്രം.
3. സുദ്കുരിയർ പത്രം.

ബഡീഷേ സൈതൂംഗ് പത്രം അതിന്റെ ഓൺലൈൻവെബ് സൈറ്റിൽ ഉദ്ഘാടന വാർത്ത ഇങ്ങനെ നല്കി:

***അഹ്മദിയ്യാ ജമാഅത്ത് പ്രോഗ്രാം; മസ്ജിദ് ആഫിയയുടെ ഉദ്ഘാടനം***

ടൈഗൺ വാൾഡ്ഷട്ടിലെ മസ്ജിദ് ബൈത്തുൽ ആഫിയയുടെ ഉദ്ഘാടനാവസരത്തിൽ അഹമദിയ്യാ ജമാഅത്തിന്റെ ആഗോള ഖലീഫ മിർസാ മസ്റൂർ അഹ്മദ് സാഹിബ് നേരിട്ട് പങ്കെടുത്തു. ആദ്യമായി ഖലീഫത്തുൽ മസീഹ് ഫലകം ഉദ്ഘാടനം ചെയ്ത് ദുആ ചെയ്തു. ശേഷം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രകടനം എന്ന നിലയിൽ ഖലീഫ മസ്ജിദിന്റെ മുമ്പിൽ വൃക്ഷം നട്ടു. പ്രസംഗം ജർമൻ ഭാഷയിലും തർജ്ജമ ചെയ്യപ്പെട്ടിരുന്നു. നാം ഇസ്ലാമിന്റെ യഥാർഥ സന്ദേശമാണ് പ്രചരിപ്പിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. അഹ്മദിയ്യാ മുസലിം ജമാഅത്ത് ശാന്തിയും സ്നേഹവും സഹവർത്തിത്വവും വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്നു.കൂടാതെ ഉൽഘാടന വേളയിൽ പ്രസംഗിച്ച ഇതര പ്രസംഗകരെ കുറിച്ചും ഖലീഫ സ്മരിച്ചു.

മറ്റൊരു പത്രമായ സുദ്കുരിയർ അതിന്റെ ഓൺലൈൻ വെബ് സൈറ്റിൽ 3 ചിത്രങ്ങൾ നല്കി.ഒന്ന്,ഹുസൂർഎല്ലാഅതിഥികളോടൊപ്പംനില്ക്കുന്നത്. രണ്ട്, വേദിയിൽ ഹുസൂർ നല്കുന്ന പ്രസംഗത്തിന്റെ ചിത്രം. മൂന്ന്, ഹുസൂർ വൃക്ഷം നടുന്ന ചിത്രം. ***“ടൈൻഗൻ വാൾഡ് ഷട്ടിലെ മസ്ജിദ് ബൈത്തുൽ ആഫിയയുടെ ഉദ്ഘാടനം”*** എന്നതായിരുന്നു തലക്കെട്ട്. മസ്ജിദ് ബൈത്തുൽ ആഫിയയുടെ ഉൽഘാടനത്തിന് ആഗോള അഹ്മദിയ്യാ ഖലീഫ മിർസാ മസ്റൂർ അഹ്മദ് നേരിട്ട് പങ്കെടുത്തു. ഇത് ലോകം മുഴുവനും ടെലകാസ്റ്റ് ചെയ്യപ്പെട്ടു.

ഈ പരിപാടിയിൽ പ്രദേശവാസികളും ഇതര ആദരണീയരും പങ്കെടുത്തു. നാം ഇസ്ലാമിന്റെ യഥാർഥ സന്ദേശമാണ് പ്രചരിപ്പിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. അഹ്മദിയ്യാ ജമാഅത്ത് ശാന്തിയുടേയും സഹവർത്തിത്വത്തിന്റേയും സന്ദേശമാണ് പ്രചരിപ്പിക്കുന്നത്. ഒരു യഥാർഥ മുസ്ലിം തന്റെ പള്ളിയും തന്റെ അയൽവാസികളുടെ ഗിരിജകളും യഹൂദ ആരാധനാകേന്ദ്രങ്ങളും സംരക്ഷിക്കേണ്ടത് നിർബന്ധമാണ്. കൂടാതെ ഉദ്ഘാടന വേളയിൽ പ്രസംഗിച്ച ഇതര പ്രസംഗകരെ കുറിച്ചും ഖലീഫ സ്മരിച്ചു. ഇപ്രകാരം ഒരു ടീവി ചാനലും 2 പത്രങ്ങളും കൂടി നൽകിയ മസ്ജിദിന്റെ ഉദ്ഘാടന വാർത്ത 2273789പേരിലേക്ക് എത്തുകയുണ്ടായി.

ഓഗസ്ബർഗിലെ മസ്ജിദ് ബൈത്തുന്നസീറിന്റേയും ഉദ്ഘാടനം ഇലക്ട്രോണിക്ക് മീഡിയയും പ്രിന്റ് മീഡിയയും വളരെ പ്രാധാന്യത്തോടെ കവറേജ് നല്കുകയുണ്ടായി.

| ടീ വി ചാനൽ റണ്ട്ഫൻക് | ശ്രോതാക്കളടേയും കാഴ്ചക്കാരുടേയും എണ്ണം |
|---|---|
| ബൈറിഷർ റണ്ട് ഫൻക് | 1766462 |
| ബി ആർ മീഡിയ തെക് വീഡിയോ | 1766462 |
| റേഡിയോ | ശ്രോതാക്കളടേയും കാഴ്ചക്കാരുടേയും എണ്ണം |
| ആന്റനേ ബായേൻ | 448141 |
| ബാംബർഗ | 23113 |
| പ്ളാസൻ ബർഗ | 375 |
| പത്രങ്ങൾ | ശ്രോതാക്കളടേയും കാഴ്ചക്കാരുടേയും എണ്ണം |
| ഐഷെർ സൈതൂംഗ് | 6268 |
| അർകോർ | 1274500 |
| ഓഗെസ് ബർഗ് | |
| അൽജേമൈൻ | 862519 |
| ബൈറേഷേ സ്റ്റാറ്റ്സ് സെതൂംഗ് | 5216 |
| ബിൽഡ് ഡേ | 9132186 |
| ഡൈ വെൽറ്റ് | 6357477 |
| ഫോക്കസ് ഓൺ ലൈൻ | 3956478 |
| ഫ്രാങ്കൻപോസ്റ്റ് | 111096 |
| ഹൈമാറ്റ്സ് സാതൂംഗ് | 32299 |
| ഇദോവ മെഡിയൻ ഡൈൻസ്റ്റെ | 100129 |
| മിറ്റൽ ബൈരിഷേ ഡേ | 359942 |
| ന്യൂപ്രെസ്സെ കോബർഗ | 43396 |
| ഓൻട്സ | 97990 |
| പാഷൌർ ന്യൂ പ്രെസ്സെ | 452414 |
| ഷാറ്റൻബ്ളിക്ക് | 54692 |
| ഷ്വാബിഷെ ഡേ | 440220 |
| സ്റ്റാഡ്സൈതൂംഗ | 8263 |
| സഡ്യൂഷെ സൈതൂംഗ് | 3722674 |
| ആകെ എണ്ണം | **31022312** |

ആഗ്സ് ബർഗർ അൽജമൈൻ അതിന്റെ ഇന്റർനെറ്റ് എഡിഷനിൽ ഈ തലക്കെട്ടിൽ വാർത്ത നല്കി: ***“സംസ്ഥാന തലത്തിൽ മൂന്നാമത്തെ പള്ളി ഓഗസ് ബർഗിൽ അഹ്മദിയ്യാ ജമാഅത്ത് ഉദ്ഘാടനം ചെയ്തു.***

മറ്റൊരു തലക്കെട്ട് ഇപ്രകാരമായിരുന്നു: ***“പള്ളിയുൽഘാടത്തിനായി ഖലീഫ ലണ്ടനിൽ നിന്നും നേരിട്ട് ഓഗസ്ബർഗിലെത്തി. ജമാഅത്ത് അദ്ദേഹത്തെ സമാധാനം കാംക്ഷിക്കുന്ന ഇസ്ലാമിന്റെ ദൂതൻ എന്നംഗീകരിക്കുന്നു.”***

ജമാഅത്തിന്റെ ചരിത്രം പരിചയപ്പെടുത്തിയതിന് ശേഷം ലേഖകൻ എഴുതുന്നു: 67 വയസ്സുള്ള ഖലീഫ ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ തലവനാണ്. ഓഗസ് ബർഗ് ഖലീഫയുടെ ജർമനിയിലെ ഏക ലക്ഷ്യമല്ല. വളരെ തിരക്കു പിടിച്ച ഒരു സന്ദർശനമാണിത്. മുൻ ഖലീഫ ജർമൻ ജമാഅത്തിന്റെ നൂറാം വാർഷികാവസരത്തിൽ നൂറ് പള്ളികൾ നിർമിക്കാനുള്ള പദ്ധതി നല്കിയിരുന്നു. അതനുസരിച്ച് ഓഗസ് ബർഗ് ബൈത്തുന്നസീർ പള്ളി 51-മത്തെത് ആണ്. പള്ളിയുടെ മൊത്തം ചെലവ് 6 ലക്ഷം യൂറോയാണ്. ജമാഅത്തംഗങ്ങളുടെ ത്യാഗത്തിന്റെ ഫലമാണ് ഈപള്ളി.

ഓഗസ് ബർഗർ അൽജമൈൻ എന്ന പത്രം അതിന്റെ മറ്റൊരു എഡിഷനിൽ ബൈത്തുന്നസീർ പള്ളിയുടെ ഉദ്ഘാടന വാർത്ത നൽകിക്കൊണ്ട് തലക്കെട്ട് ഇങ്ങനെ നൽകി: ***“അഹ്മദിയ്യാ ജമാഅത്ത് അതിന്റെ പള്ളി എങ്ങനെ ഉദ്ഘാടനം ചെയ്തു”*** മറ്റൊരു തലക്കെട്ട് ***“ഒരു ചടങ്ങ്”*** എന്നായിരുന്നു. തുടർന്ന് എഴുതി: ‘‘ഈ മുസ്ലിം ജമാഅത്ത് അതിന്റെ ആരാധനാലയത്തിന്റെ ഉദ്ഘാടനം ഒബർഹോസനിൽ ആഘോഷിച്ചു. ഖലീഫ ഇസ്ലാമിക് സ്റ്റേറ്റിന്റെ പ്രവർത്തനത്തെ അപലപിച്ചു. സ്ത്രീകളും പുരുഷന്മാരും വെവ്വേറെ ഈ ദിനം ആഘോഷിച്ചു.’’

ഓഗസ് ബർഗ് മേയറോടൊപ്പമുള്ള ഹുസൂറിന്റെ ചിത്രവും പ്രസിദ്ധീകരിച്ചു. ജമാഅത്തിനോടുള്ള എതിർപ്പിനെ കുറിച്ചും പള്ളിയെകുറിച്ചും സൂചിപ്പിച്ച പത്രം എഴുതുന്നു: ‘‘ഓഗസ് ബർഗ് ജമാഅത്ത് സംഘടിപ്പിച്ച ചടങ്ങിൽ ബൈത്തുന്നസീർ പള്ളി ഉദ്ഘാടനം ചെയ്തു. വിവിധ തുറയിലുള്ള അതിഥികൾ പങ്കെടുത്തു. സിറ്റി കൗൺസിൽ, സംസ്ഥാന എം പി, രാജ്യത്താകമാനമുള്ള എം പി.യെ പോലുള്ളവർ. അഹ്മദിയ്യാ ജമാഅത്തിന്റെ രീതിയനുസരിച്ച് ഖലീഫത്തുൽ മസീഹ് തന്റെ പത്നി, പ്രൈവറ്റ് സെക്രട്ടറി, ഇതര ഉദ്യോഗസ്ഥരോടൊപ്പമാണ് വന്നത്. ഖലീഫ പള്ളിയുടെ പുരുഷഹാളിൽ നമസ്കാരം നിർവ്വഹിച്ചു. പള്ളി ചുറ്റിക്കണ്ടു. 80 ശതമാനം വരുന്ന പ്രാദേശിക അഹ്മദികളും ഖലീഫയുടെ സമീപത്ത് നില്ക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. സുരക്ഷാസംവിധാനത്തോടൊപ്പം 280 വിശിഷ്ടാതിഥികൾ സമ്മേളനഹാളിലുണ്ടായിരുന്നു. സ്ത്രീകൾക്കായി വേറേ ഹാ

ളിൽ സൗകര്യം ഒരുക്കിയിരുന്നു. അനുസരണ പ്രതിജ്ഞ ചെയ്ത ഒരു പ്രാദേശിക അഹ്മദി മഹിള തനിക്ക് ജെൻഡർ സെഗ്രഗേഷൻ യാതൊരു ഒരു പ്രശ്നവുമില്ല എന്ന് പറഞ്ഞു.

സ്റ്റെഡ് സേതൂംഗ് പത്രം അതിന്റെ രണ്ടാമത്തെ ഓൺ ലൈൻ എഡിഷനിൽ ഈ തലക്കെട്ടിൽ വർത്ത കൊടുത്തു. ***"ഓഗസ് ബർഗ് പട്ടണത്തിലെ ആദ്യ പള്ളി ബൈത്തുന്നസീറിന്റെ ഉദ്ഘാടനം."***

മറ്റൊരു തലക്കെട്ട് ഇങ്ങനെ നല്കി: ***"ഓഗസ് ബർഗ് അഹ്മദിയ്യാ ജമാഅത്തിന് ഇത് സുപ്രധാന അവസരം".*** തുടർന്ന് എഴുതി: പള്ളിയുടെ ഉദ്ഘാടനം നിർവ്വഹിക്കാൻ ആദരണീയ ഖലീഫത്തുൽ മസീഹ് ലണ്ടനിൽ നിന്നും വന്നിരിക്കുന്നു. ഓഗസ് ബർഗ് പട്ടണത്തിലെ ആദ്യ പള്ളിയാണിത്.

ജമാഅത്തിനെ കുറിച്ചും നൂറ് പള്ളിയുടെ സ്കീമിനെ കുറിച്ചും പരിചയപ്പെടുത്തിയത് കൂടാതെ ലേഖകൻ ഉച്ചവെയിലിലും ഗാനങ്ങൾ ആലപിച്ച് കൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള ഖലീഫയെ സ്വീകരിക്കാൻ നില്ക്കുന്ന കുട്ടികളെ കുറിച്ചും സൂചിപ്പിക്കുന്നു. പള്ളിയുടെ ഉദ്ഘാടനം മാത്രമല്ല ഇന്ന് നടക്കുന്നതെന്നും ഇവരുടെ മതത്തിന്റെ ഏറ്റവും വലിയ ആത്മീയ നേതാവും പങ്കെടുക്കുന്നു എന്നും അദ്ദേഹം എഴുതി.

പോപ്പിനെ പോലെയുള്ള വ്യക്തിത്വമായിട്ടാണ് അദ്ദേഹം ആദരിക്കപ്പെടുന്നത്. ജനങ്ങളുടെ മുഖത്ത് നിന്ന് ഈ പരിപാടിയുടെ പ്രത്യേകത മനസ്സിലാകുന്നുണ്ട്. വളരെ ഉദ്വേഗത്തോടെ അവർ ഈ പരിപാടി പ്രതീക്ഷിച്ചിരിക്കുകയാണ്. പോലീസും ഒരുക്കത്തോടെ നിൽക്കുകയാണ്. പള്ളിയുൽഘാടനത്തിന് ശേഷം പരമ്പരാഗത രീതിയനുസരിച്ച് പ്രാർത്ഥിച്ചു. പ്രാർത്ഥനാവേളയിൽ ഒരു വ്യക്തിയുടെ കണ്ണിൽ നിന്നും കണ്ണീരൊഴുകുന്നുണ്ടായിരുന്നു. ക്യാമറാ ഫ്ളാഷ് ലൈറ്റുകൾക്കിടയിൽ കണ്ണീർ തുടക്കുന്നുണ്ടായിരുന്നു. പ്രാർത്ഥനയുടെ നിശ്ശബ്ദത ജനങ്ങളുടെ രോദനം ഭേദിക്കുന്നുണ്ടായിരുന്നു. ഖലീഫ കേവലം ഒഗസ്ബർഗിൽ മാത്രമല്ല താമസിക്കുക,തന്റെ മൂന്നാഴ്ച നീണ്ടു നിൽക്കുന്ന സന്ദർശനവേളയിൽ അദ്ദേഹത്തിന് തിരക്ക് പിടിച്ച പരിപാടികളാണുള്ളത്.

നാല് ചാനലുകളും 4റേഡിയോകളും 25 പത്രങ്ങളും ബൈത്തുന്നസീർ പള്ളിയുടെ ഉൽഘാടന വാർത്തകൾ മൂന്ന് കോടി പത്ത് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി മുന്നൂറ്റി പന്ത്രണ്ട് പേരിലേക്ക് എത്തിക്കുകയുണ്ടായി.

## ഏപ്രിൽ 12, 2017 ബുധനാഴ്ച

മാരിയട്ട് ഹോട്ടലിലെ ഒരു ഹാൾ ഫജ്ർ നമസ്കാരം നിർവ്വഹിക്കാൻ വേണ്ടി തയ്യാറാക്കപ്പെട്ടിരുന്നു. പ്രാദേശിക ജമാഅത്തിലെ അംഗങ്ങൾ സ്ത്രീ പുരുഷന്മാരുൾപ്പെടെ എല്ലാവരും നമസ്കാരത്തിനായി ഹാളിലെത്തിയിരുന്നു.അഞ്ചര മണിക്ക് ഹുസൂർ പ്രഭാത നമസ്കാരത്തിന് നേതൃത്വം നൽകി. ശേഷം ഹുസൂർ താമസസ്ഥലത്തേക്ക് മടങ്ങിപ്പോയി.

## കുടുംബ മുലാഖാത്ത്

പ്രോഗ്രാമനുസരിച്ച് പത്തര മണിക്ക് ഹുസൂർ ഹോട്ടലിൽ നിന്നും പുറത്തു വരികയും അൽ മഹ്ദി പള്ളിയിലേക്ക് പോയി. പതിനൊന്നരയോടെ പള്ളിയിലെത്തിയ ഹുസൂറിനെ വീണ്ടും ജമാഅത്ത് സഹോദരങ്ങൾ പൂർണ്ണ ആദരവോടെ സ്വീകരിച്ചു.ആൺകുട്ടികളും പെൺകുട്ടികളും പ്രാർത്ഥനാ ഗീതങ്ങൾ ആലപിച്ചു.ഹുസൂർ കൈയ്യുയർത്തി എല്ലാവർക്കും അസ്സലാമു അലൈക്കും പറഞ്ഞു. തുടർന്ന് പള്ളി ഹാളിൽ കുടുംബസംഗമം ആരംഭിച്ചു. 41 കുടുംബങ്ങളിൽ നിന്നായി 162 പേർ തങ്ങളുടെ പ്രിയ ഇമാമുമായി കൂടിക്കാഴ്ച നടത്തി. ഇവർ മ്യൂണിച്ചിൽ നിന്നും താഴെ പറയുന്ന പരിസരപ്രദേശങ്ങളിൽ നിന്നുമുള്ള ജമാഅത്തംഗങ്ങളായിരുന്നു.

1-ആലെൻ 2-വെയിൻ ഗാർട്ടൻ
3-ഓഗസ് ബർഗ് 3-ഗോപ്പിംഗെൻ
4-ഉൽമ് ദോനാവു 5-ന്യൂംബെർഗ്
6-ന്യൂഫാർൻ 7-കെംപറ്റൻ
8-റീഗൻസ് ബർഗ് 9-സംബാച്ച് ആം ഇൻ
10-വെയ്ബ്ളിൻജെൻ 11-ബോബ്ളിൻജെൻ

ഇവരെല്ലാവരും തങ്ങളുടെ പ്രിയ നേതാവുമായി ഫോട്ടോ എടുത്ത് ധന്യരായി. വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് അനുകമ്പയോടെ പേന നൽകിയ ഹുസൂർ കുട്ടികൾക്ക് ചോക്ളേറ്റും നൽകുകയുണ്ടായി. ഒന്നേ കാൽ വരെ ഈ കൂടിക്കാഴ്ചാ പരിപാടികൾ നീണ്ടു നിന്നു.ശേഷം പ്രസ്സ് ആൻഡ് മീഡിയാ വിഭാഗം ഇൻചാർജ് ആദരണീയ ആബിദ് വഹീദ് ഖാൻ സാഹിബ് ഹുസൂറുമായി ഓഫീസ് സംബന്ധമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് പ്രാദേശിക ജമാഅത്തിന്റെ പ്രവർത്തക സമിതിയംഗങ്ങളും ഇതര ജമാഅത്തീ ഉദ്യോഗസ്ഥരും ഹുസൂറിനോടൊപ്പം ഫോട്ടോയെടുത്ത് ധന്യരായി. ശേഷം ഹുസൂർ അയ്യദഹുല്ലാഹ് ളുഹർ അസർ നമസ്കാരം ജംആക്കി നമസ്കരിക്കാൻ നേതൃത്വം നൽകി.നമസ്കാര ശേഷം ഹുസൂർ ഹോട്ടലിലേക്ക് മടങ്ങി.

അൽ മഹ്ദി പള്ളി മ്യൂണിക്ക് പട്ടണത്തോട് ചേർന്ന് കിടക്കുന്ന ന്യൂഫാറൻ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. 2014 ജൂൺ9-ന് ജർമൻ സന്ദർശനവേളയിലാണ് ഈ പള്ളിയുടെ ഉദ്ഘാടനം ഹുസൂർ നിർവ്വഹിച്ചത്. പള്ളിയുടെ ഈ സ്ഥലം ആയിരം ചതുരശ്ര മീറ്ററാണ്. 1986 ജൂൺ 11-നാണ് ഇത് വാങ്ങിയത്. ഇവിടെ മുമ്പേ തന്നെ ഒരു കെട്ടിടം ഉണ്ടായിരുന്നു. ഇത് ജമാഅത്തീ സെന്ററായും ഉപയോഗിച്ചിട്ടുണ്ട്. 2013-ലാണ് ഈ കെട്ടിടം പള്ളിയുടെ രൂപത്തിൽ മാറ്റുന്ന പ്രവൃത്തി ആരംഭിച്ചത്. കെട്ടിടത്തെ കൂടുതൽ വ്യാപ്തിയുള്ളതാക്കി. സ്ത്രീകൾക്ക് വേറേ ഹാളും പണിതു. 8.50 മീറ്റർ ഉയരമുള്ള ഒരു മിനാരവും പണിതു. ഒരു ജമാഅത്തീ ഓഫീസും താമസിക്കുന്നതിനുള്ള ഒരു കെട്ടിടവും ഒരു വലിയ കേന്ദ്രീയ പാചകശാലയും ഇതിൽ സ്ഥിതി ചെയ്യുന്നു.

ഹുസൂർ മ്യൂണിക്ക് പട്ടണത്തിനും പ്രദേശത്തിനും മറ്റൊരു പ്രത്യേകതയും കൂടിയുണ്ട്.ഈ പട്ടത്തിലെ പാസിംഗ് ഗ്രാമവാസിയായ കരോള മാൻ എന്ന ഒരു ജർമൻ മഹിള ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന് ഒരു കത്തെഴുതുകയുണ്ടായി. അവരുടെ പ്രസ്തുത കത്ത് 1907 മാർച്ച് 14-ലെ അൽ ബദ്ർ പത്രത്തിൽ 'ജർമനിയിൽ നിന്നും നിഷ്കളങ്കത നിറഞ്ഞ ഒരു കത്ത്' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ ഒരു ഭാഗം ചുവടെ ചേർക്കുകയാണ്.

> താങ്കൾക്ക് കത്തെഴുതുന്നതിന് വേണ്ടി താങ്കളുടെ വിലാസം കുറേ മാസങ്ങളായി ഞാൻ തിരയുകയായിരുന്നു. അവസാനം ഞാനൊരു വ്യക്തിയെ കണ്ടുമുട്ടി. അദ്ദേഹമാണ് ഈ വിലാസം നൽകിയത്.കത്തെഴുതുന്നത് താങ്കളോട് ക്ഷമാപണം നടത്താനാണ്. എന്നാൽ താങ്കൾ ദൈവത്തിന്റെ പവിത്രനായ ദൂതനും വാഗ്ദത്ത മസീഹിന്റെ ശക്തിയിൽ വന്നിരിക്കുന്നുവെന്നും വിശദീകരിക്കപ്പെടുന്നു. ഞാൻ ഹൃദയാത്മനാ മസീഹിനെ സ്നേഹിക്കുന്നു. പ്രിയങ്കരനായ മിർസാ! ഞാൻ താങ്കളുടെ ആത്മാർത്ഥ സ്നേഹിതയാണെന്ന് ദൃഢമായും ഉറപ്പിച്ച് കൊള്ളുക.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മ്യൂണിക്കിലും പരിസര പ്രദേശങ്ങളിലും കുറേ ജമാഅത്തുകൾ സ്ഥാപിതമായിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളി അൽ-മഹ്ദിയും നിർമ്മിതമായിരിക്കുന്നു. തുടർച്ചയായി ജമാഅത്ത് മുന്നോട്ട് ഗമിച്ചു കൊണ്ടിരിക്കുന്നു.

പരിപാടിയനുസരിച്ച് ഇവിടെ നിന്നും തിരിച്ച് ഫ്രാങ്ഫർട്ടിലെ ബൈത്തുസ്സുബ്ബൂഹിലേക്കുള്ള ഹുസൂറിന്റെ യാത്രയാണ്. ഹുസൂറിന് യാത്ര പറയാൻ പ്രാദേശിക ജമാഅത്തിലെ ആബാല വൃദ്ധം ഹോട്ടലിന്റെ പുറത്തെ നാലുചുറ്റിൽ എത്തിയിരുന്നു. കുട്ടികളുടെ സംഘം പ്രാർത്ഥനാ ഗീതങ്ങൾ ആലപിക്കുന്നുണ്ടായിരുന്നു. 3.50-ന് ഹുസൂർ ഹോട്ടലിൽ നിന്നും പുറത്ത് വന്നു. കൈയുയർത്തി ഹുസൂർ എല്ലാവരോടും അസ്സലാമു അലൈക്കും പറഞ്ഞു. തുടർന്ന് സമൂഹ ദുആക്ക് നേതൃത്വം നൽകുകയും ഫ്രാങ് ഫർട്ടിലേക്ക് യാത്ര പുറപ്പെടുകയും ചെയ്തു. ഏകദേശം നാലേ മുക്കാൽ മണിക്കൂർ യാത്രക്ക് ശേഷം 7.35-ന് ഫ്രാങ്ഫർട്ട് ബൈത്തുസ്സുബ്ബൂഹിലെത്തി.

യാത്രക്ക് സ്ത്രീകളും പുരുഷന്മാരും തങ്ങളുടെ പ്രിയ നേതാവിന്റെ വരവ് ഉദ്വേഗത്തോടെ പ്രതീക്ഷിച്ച് കൊണ്ടിരുന്നു. ഹുസൂർ കൈയ്യുയർത്തി അസ്സലാമു അലൈക്കും പറയുകയും കുറച്ച് നേരത്തേക്ക് താമസ സ്ഥലത്തേക്ക് പോകുകയും ചെയ്തു.

8.30-ന് മടങ്ങി വന്ന് മഗ്‌രിബ് ഇശ്അ് നമസ്കാരം ചേർത്ത് നമസ്കരിക്കാൻ നേതൃത്വം നൽകി. തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങി.

## 2017 ഏപ്രിൽ 13 വ്യാഴാഴ്ച

5.30-ന് പള്ളിയിലെത്തി ഹുസൂർ ഫജ്ർ നമസ്കാരത്തിന് നേതൃത്വം നൽകി. തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങി. രാവിലെ ഹുസൂർ ഓഫീസ് കത്തുകളും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും പരിശോധിച്ചു. ഹുസൂർ ജർമനിയിലെത്തിയതിന് ശേഷം വിവിധ രാജ്യങ്ങളിലെ ജമാഅത്തുകളിൽ നിന്നും ദിനേന ഫാക്സുകളിലൂടെയും ഇമെയ്ലിലൂടെയും കത്തുകളും റിപ്പോർട്ടുകളും വന്നുകൊണ്ടിരുന്നു. ജർമനിയുടെ വിവിധ ഭാഗങ്ങളിൽ നിന്നും നൂറു കണക്കിന് കത്തുകൾ വന്നു കൊണ്ടിരുന്നു. ഹുസൂർ ദിനവും കൂടെ തന്നെ ഈ കത്തുകളെല്ലാം പരിശോധിക്കുകയും തന്റെ അനുഗൃഹീത കൈകളാൽ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു.കത്തുകൾ കൂടാതെ വിവിധ ഓഫീസ് സംബന്ധമായ കാര്യങ്ങളും നിർവ്വഹിച്ചു കൊണ്ടിരുന്നു. 2 മണിക്ക് പള്ളിയിലെത്തി ഹുസൂർ ളുഹർ അസർ നമസ്കാരത്തിന് നേതൃത്വം നൽകി. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി. ഉച്ചക്ക് മുമ്പും ഹുസൂർ ഓഫീസ് കാര്യനിർവ്വഹണത്തിൽ തന്നെ ചെലവഴിച്ചു.

## കുടുംബ കൂടിക്കാഴ്ച

പരിപാടിയനുസരിച്ച് 6.10-ന് ഹുസൂർ കുടുംബക്കൂടിക്കാഴ്ചക്കായി എത്തി. ഇന്നത്തെ ഈ സായാഹ്ന പരിപാടിയിൽ 37 കുടുംബത്തിൽ നിന്നും 130 പേർ പ്രിയനേതാവുമായി കൂടിക്കാഴ്ച നടത്തി. ഇവർക്കെല്ലാവർക്കും ഹുസൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യം കിട്ടി. വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് പേനയും കുട്ടികൾക്ക് ചോക്ളേറ്റും സ്നേഹപുരസ്സരം ഹുസൂർ നൽകി. ഫ്രാങ് ഫർട്ടിലെ ചെറു പ്രദേശങ്ങളെ കൂടാതെ ഏപ്പിൾ ഹൈം, കോബ്ൾസ്, ഗ്രോസ് ഗെറോ, ബോയ്ബ് ലൻജൻ,വിസ്ബാദൻ, വെഗ് ഗാർട്ടൻ, റേവട്ട് ലൻജൻ, ന്യൂസ്, മായിൻസ്, വർസ്ലർ, റൗൻഹൈം, മ്യോൻസ്റ്റർ,ഹനാള, പീഡർ ബോറൻ, ഡീൽ മെൻ ഹാർസ്ട്ട്, ആഖൻ ബാഗ്, കാസിൽ, ഗോമർസ്ബാഖ്, ഡ്രാമണ്ട്, മഹ്ദിയാബാദ്, എപ്പൈർട് ഷോസൻ, റെഡ് സ്റ്റാഡറ്റ്, സെൻറ്റ് ഗാർട്ട്, ഹംബർഗ്, വ്യൂർസ് ബർഗ്, തുടങ്ങിയ ജമാഅത്തുകളിൽ നിന്നും വന്ന കുടുംബങ്ങളും വ്യക്തികളും ഇതിലുൾപ്പെടുന്നു. കൂടാതെ സ്വിറ്റ്സർലണ്ട്, മൗറീഷ്യസ്, ലിത്വാനിയ തുടങ്ങിയ രാജ്യങ്ങളിൽ നി

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 10-17 August 2017 Issue-32-33

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

ന്നും വന്നവരും ഹുസൂറിനെ കണ്ട് അനുഗൃഹീതരായി. ജർമനിയിൽ നിന്നും വന്ന ചില വ്യക്തികളും കുടുംബങ്ങളും നീണ്ട യാത്ര ചെയ്താണ് എത്തിയത്. കാസിലിൽ നിന്നും 200ഉം സ്റ്റട്ട്ഗാർട്ടിൽ നിന്നും 210 ഉം ബോബ് ലൻജനിൽ നിന്നും 230 ഉം ന്യൂസ്, റോട്ട് ലൻജനിൽ നിന്നും 250ഉം മ്യൂൺസ്റ്റർ,ബോറനിൽ നിന്നും 260ഉം വെൻ ഗാർട്ടനിൽ നിന്നും 410ഉം ഹംബർഗിൽ നിന്നും 500ഉം മഹ്ദി ബാദിൽ നിന്നും 520 ഉം കിലോ മീറ്റർ ദൂരം യാത്ര ചെയ്താണ് എത്തിയത്. അവർ ഹുസൂറിന്റെ സാമീപ്യത്തിൽ ചെലവഴിച്ച ഏതാനും മണിക്കൂറുകൾ അവർക്കും അവരുടെ കുടുംബത്തിനും ലഭിച്ച സമ്പാദ്യവും എന്നും സ്മരിക്കുന്ന ഓർമ്മകളും ആയിരുന്നു. അവരിൽ ഓരോരുത്തരും അനുഗ്രങ്ങൾ വാരിക്കൂട്ടിയാണ് പുറത്ത് വന്ന് കൊണ്ടിരുന്നത്. കഷ്ടപ്പാടിലും പ്രശ്നങ്ങളിലും ചുറ്റപ്പെട്ടിരുന്നവർ അവ നീങ്ങിക്കിട്ടാൻ പ്രാർത്ഥനക്കായി അപേക്ഷിച്ചു. രോഗികൾ സുഖം പ്രാപിക്കാൻ ദുആകൾ നേടിക്കൊണ്ടിരുന്നു. എല്ലാ ഓരോരുത്തരും ശാന്ത നിർഭരമായ ഹൃദയത്തോടെ മന്ദസ്മിതമാർന്ന മുഖത്തോടു കൂടി പുറത്ത് വന്നു കൊണ്ടിരുന്നു. വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പരീക്ഷകളിൽ വിജയപ്രാപ്തിക്കായി പ്രിയ നേതാവിൽ നിന്നും പ്രാർത്ഥന നേടിക്കൊണ്ടിരുന്നു. ചുരുക്കത്തിൽ എല്ലാ ഓരോരുത്തരും പ്രിയ നേതാവിന്റെ ദുആയുടെ ഭാഗമായി കൊണ്ടിരുന്നു.ഈ അനുഗൃഹീതനേരങ്ങൾ അവർക്കെന്നത്തേക്കുമായി ദാഹശമനം വരുത്തി. കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.10 വരെ നീണ്ടു നിന്നു.

തുടർന്ന് പ്രസ് ആൻഡ് മീഡിയ ഇൻ ചാർജ് ആദരണീയ ആബിദ് ഖാൻ സാഹിബ് ഹുസൂറുമായി ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ കൂടിക്കാഴ്ച നടത്തി അനുഗ്രഹം നേടി. തുടർന്ന് മഗ്രിബ് ഇശാഅ് നമസ്കാരം ചേർത്ത് നിർവ്വഹിച്ചു.തുടർന്ന് ഹുസൂർ താമസസ്ഥലത്തേക്ക് മടങ്ങി.

ഉന്നതനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ദിവസം വളരെ അനുഗൃഹീതവും അനുഗ്രഹിക്കപ്പെട്ട ദിനവുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രീകൃത സെന്റർ സ്ഥിതി ചെയ്യുന്ന ബൈത്തുസ്സബ്ബൂഹിൽ ഒരു ഈദിന്റെ അന്തരീക്ഷമായിരുന്നു. ഹുസൂർ താമസിച്ചിരുന്നതും ഇവിടെ തന്നെയായിരുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ പറവകളെ പോലെ ജമാഅത്ത് സഹോദരങ്ങളായ പുരുഷന്മാരും മഹിളകളും യുവാക്കളും വയോധികരും ആൺ പെൺബാലരും വന്ന് കൊണ്ടിരുന്നു. പ്രത്യേകിച്ചും നമസ്കാരസമയങ്ങളിൽ പാദങ്ങൾ വെക്കാൻ ഇടം കിട്ടില്ലായിരുന്നു. പുരുഷന്മാരുടെ ഹാളും മഹിളകളുടെ ഹാളും സ്പോർട്സ് ഹാളും ജനബാഹുല്യമായിരുന്നു. ഭക്ഷണപാചക ഹാളിലും ഡൈനിംഗ് ഹാളിലും സ്വഫുകളുണ്ടായിരുന്നു. മറ്റ് വഴികളും ഒഴിഞ്ഞ സ്ഥലങ്ങളും നിറഞ്ഞിരുന്നു. കെട്ടിടത്തിന് പുറത്തും ഒഴിഞ്ഞ സ്ഥലങ്ങൾ സ്വഫുകളായിക്കൊണ്ടിരുന്നു. ബൈത്തുസ്സുബ്ബൂഹിന്റെ നാലുകെട്ടിനുള്ളിൽ തികച്ചും ഒഴിഞ്ഞ സ്ഥലമില്ലാത്ത വിധം നമസ്കാരങ്ങളിൽ ആളുകൾ വന്നു കൊണ്ടിരുന്നു. പ്രത്യേകിച്ചും ഫജ്ർ നമസ്കാരങ്ങളിൽ തഹജ്ജുദ് നമസ്കാര സമയത്ത് തന്നെ ഹാൾ നിറയാൻ തുടങ്ങിയിരുന്നു. ചില കുടുംബങ്ങൾ ദീർഘ ദൂരം താണ്ടിയും നമസ്കാരത്തിനായി എത്തിയിരുന്നു. ഓരോ വ്യക്തിയും തങ്ങളുടെ പ്രിയ നേതാവിനെ ഒരു നോക്കു കാണാൻ തുടിക്കുന്നുണ്ടായിരുന്നു. അനുഗ്രഹങ്ങൾ ശേഖരിക്കാനുള്ള ഒരവസരവും പാഴാക്കിയിരുന്നില്ല. അല്ലാഹു ഈ സൗഭാഗ്യങ്ങളും അനുഗ്രഹങ്ങളും നാമേവർക്കും ശുഭമാക്കിത്തീർക്കട്ടെ. ഈ സൗഭാഗ്യങ്ങളും അനുഗ്രഹങ്ങളും സ്വരുക്കൂട്ടുന്നതിനോടൊപ്പം അവയെ സംരക്ഷിക്കാനുമുള്ള അവസരം അല്ലാഹു നമുക്ക് പ്രദാനം ചെയ്യട്ടെ. ആമിൻ

### 2017 ഏപ്രിൽ 14 വെള്ളിയാഴ്ച്ച

ഹുസൂർ തിരുമനസ്സ്(അയ്യദഹു) 5.30 മണിക്ക് പ്രഭാതനമസ്കാരത്തിനു നേതൃത്വം നല്കിയതിനു ശേഷം തന്റെ താമസസ്ഥലത്തേക്ക് തിരിച്ചു പോവുകയും രാവിലത്തെ ഓഫീസ് കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചതിനു ശേഷം വേണ്ട നിർദേശങ്ങൾ നല്കുകയുംചെയ്തു. ശേഷം ഹുസൂർ തിരുമനസ്സ് ഓഫീസ് കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ മുഴുകി.

ഇന്ന്വെള്ളിയാഴ്ച്ചയായിരുന്നു.ബൈത്തുസ്സുബ്ബൂഹിൽ നിന്ന് 34 കി.മീ.അകലെയുള്ള റൗൻ ഹായിം പ്രദേശത്ത് വിശാലമായ പന്തൽ സ്ഥാപിച്ചുകൊണ്ടാണ് ജുമുഅ നമസ്കാരം നിർവ്വഹിക്കാനുള്ള ഏർപ്പാട് ചെയ്തിരിക്കുന്നത്. റൗൻ ഹായിമിൽ പള്ളി നിർമ്മിക്കാൻ ജമാഅത്ത് 2750 ച.മീ ഭൂമി വാങ്ങിയിട്ടുണ്ട്. ആ ഭൂമിയിലും അതിനു ചുറ്റുമുള്ള തുറന്ന സ്ഥലത്തുമായി മൂന്നു പന്തൽ ഇട്ടുകൊണ്ട് 6000 ജമാഅത്തംഗങ്ങൾക്ക് ജുമുഅ നിർവഹിക്കാനുള്ള ഏർപ്പാടു ചെയ്തിരുന്നു. ഏതാണ്ട് അത്ര ജനങ്ങൾ മാത്രമേ പങ്കെടുക്കുകയുള്ളൂ എന്നാണ് കണക്കാക്കിയിരുന്നത്. പക്ഷേ, തങ്ങളുടെ പ്രിയനേതാവിന്റെ പിന്നിൽ നിന്ന് നമസ്കരിക്കാൻ സ്ത്രീകളും പുരുഷന്മാരും അടക്കം പതിനയ്യായിരം ജമാഅത്തംഗങ്ങളാണ് ജർമ്മനിയിലെ ജമാഅത്തുകളിൽ നിന്നും ദൂരദേശങ്ങളിൽ നിന്നും എത്തിച്ചേർന്നത്. ഈ സ്ഥലത്തേക്ക് പോകുന്ന പാതയോരങ്ങളിലും റോഡുകളിലും കണ്ണെത്താ ദൂരം വരെ ജനക്കൂട്ടമായിരുന്നു. മൂന്നു പന്തലുകളെ കൂടാതെ പുറത്തു തുറന്ന മൈതാനത്തും പാർക്കിംഗ് സ്ഥലത്തും മറ്റു വഴികളിലും റോഡുകളിലുമായി തങ്ങളുടെ പ്രിയപ്പെട്ട നേതാവിന്റെ കീഴിൽ നമസ്കരിക്കാൻ പന്ത്രണ്ടായിരത്തോളം അംഗങ്ങൾക്ക് ഭാഗ്യം ലഭിച്ചു. മൂവായിരത്തോളം ആളുകൾക്ക് എവിടെയും നമസ്കരിക്കാൻ സ്ഥലം ലഭിച്ചില്ല. കാലു കുത്താൻ പോലും സ്ഥലമില്ലായിരുന്നു. ഇവർക്ക് ജുമുഅ നമസ്കാരത്തിൽ പങ്കു കൊള്ളാൻ കഴിഞ്ഞില്ല. അവരിൽ ചിലർ നാസിർ ബാഗ് സെന്ററിലും ബൈത്തുസ്സുബ്ബൂഹിലും ജുമുഅയ്ക്കായി വന്നു. വളരെ വിദൂര പ്രദേശങ്ങളിൽ നിന്ന് ദീർഘദൂരം യാത്ര ചെയ്താണ് ജമാഅത്തംഗങ്ങൾ ജുമുഅയ്ക്കായി എത്തിയത്. ബെർലിനിൽ നിന്നും ഹംബർഗിൽ നിന്നും അഞ്ഞൂറ്, അഞ്ഞൂറ്റമ്പതിലധികം കിലോമീറ്റർ അഞ്ചോ ആറോ മണിക്കൂർ യാത്ര ചെയ്താണ് എത്തിയത്. ഹുസൂർ തിരുമനസ്സിന്റെ ജുമുഅ ഖുതുബ എം.ടി.എയിലൂടെ തത്സമയം സംപ്രേഷണം നടക്കുകയായിരുന്നു. അതിന്റെ തർജമയും ലൈവായി നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഹുസൂർ തിരുമനസ്സ് ഒന്നരമണിക്ക് ബൈത്തുസ്സുബ്ബൂഹിൽ നിന്ന് പുറപ്പെട്ട് അരമണിക്കൂർ യാത്ര ചെയ്തതിനു ശേഷം രണ്ടു മണിക്ക് ഇവിടെ പുരുഷന്മാരുടെ പന്തലിൽ എത്തിച്ചേരുകയും ഖുതുബ നിർവഹിക്കുകയും ചെയ്തു. 3.05 വരെ ഹുസ്സൂർ തിരുമനസ്സ് ഖുതുബ നിർവ്വഹിച്ചു. ശേഷം ഹുസൂർ ജുമുഅ നമസ്കാരവും അസർ നമസ്കാരവും ജംഅ് ആയി നമസ്കരിക്കുകയും അതിനു ശേഷം അവിടുന്ന് പുറപ്പെട്ട് 4 മണിക്ക് ബൈത്തുസ്സുബ്ബൂഹിൽ എത്തിച്ചേരുകയും ചെയ്തു. അവിടുന്ന് ഹുസൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

### ഫാമിലീ കൂടിക്കാഴ്ച

പ്രോഗ്രാമനുസരിച്ച് ഹുസൂർതിരുമനസ്സ് 6.30 ന് ഓഫീസിലെത്തി ഫാമിലി കൂടിക്കാഴ്ച ആരംഭിച്ചു. ഇന്നു വൈകുന്നേരത്തെ ആ സെഷനിൽ 38 കുടുംബങ്ങളിലെ 152 ആളുകൾക്ക് തങ്ങളുടെ പ്രിയ നേതാവുമായി കൂടിക്കാഴ്ച നടത്താൻ സൗഭാഗ്യം ലഭിച്ചു. ഓരോ കുടുംബത്തിനും ഹുസൂർ തിരുമനസ്സുമായി ഫോട്ടോ എടുക്കാനും സാധിച്ചു. കൂടിക്കാഴ്ചവേളയിൽ ഹുസൂർ തിരുമനസ്സ് വിദ്യാർഥിവിദ്യാർഥിനികൾക്ക് പേനയും കുട്ടികൾക്ക് ചോക്ലേറ്റുകളും നല്കി. ഇന്ന് കൂടിക്കാഴ്ച നടത്തിയ കുടുംബങ്ങളും സുഹൃത്തുക്കളും ജർമ്മനിയിലെ 34 ജമാഅത്തുകളിൽ നിന്ന് ദീർഘയാത്ര ചെയ്തു വന്നവരാണ്. ഈ മുലാഖാത്ത് 8.40 വരെ തുടർന്നു.

അതിനു ശേഷം ഹുസൂർ തിരുമനസ്സ് മഗ്രിബ് ഇശാ നമസ്കാരങ്ങൾക്കായി വന്നു. നമസ്കാരത്തിനു മുൻപ് ഓഗ്സ്ബെർഗിലെ മുഹമ്മദ് അശ്റഫ് ശാഹിദ് സാഹിബ് റാന്താവയുടെ ജനാസ നമസ്കാരം ഹാളിർ ഉം ജർമ്മനി സ്റ്റേഡിലെ മുഹമ്മദ് മുഅ്മിൻ ശഹ്സാദ് സാഹിബിന്റെയും ലാഹോറിലെ ഗ്രീൻ ടൗണിലെ ബുശ്റാ ഇഫ്ഫത്ത് സഹിബയുടെയും ജനാസ നമസ്കാരം ഗായിബും നിർവ്വഹിച്ചു.

മുഹമ്മദ് അശ്റഫ് സാഹിബ് ഏപ്രിൽ 11 ന് ചൊവ്വാഴ്ച ജർമ്മനിയിലെ ഓഗ്സ്ബെർഗിൽ നാല്പത്തി അഞ്ചാമത്തെ വയസ്സിലാണ് വഫാത്തായത്. ഇന്നാലില്ലാഹി... മർഹൂം കഴിഞ്ഞ 10 മാസമായി ഈ ജമാഅത്തിലാണ് താമസിച്ചുവരുന്നത്. ഇവിടെ പള്ളി നിർമ്മാണ സമയത്ത് കൃത്യമായി വഖാറെ അമലിന് വരാറുണ്ടായിരുന്നു. അദ്ദേഹം മുസ്വി ആയിരുന്നു. ഭാര്യയും രണ്ടു മകളും ഒരു മകനുമാണ് അദ്ദേഹത്തിനുള്ളത്.

മുഹമ്മദ് മുഅ്മിൻ ശഹസാദ് സാഹിബ് 2017മാർച്ച് 22ന് ദീർഘകാലം രോഗിയായതിനെ തുടർന്നാണ് വഫാത്ത് ആയത്ത്. ഇന്നാലില്ലാഹി... മർഹൂം കഴിഞ്ഞ അഞ്ചു വർഷമായി ജർമ്മനിയിലാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ വീട് പള്ളിയിൽ നിന്നും അഞ്ചു കിലോമീറ്റർ അകലെയാണ് സ്ഥിതിചെയ്യുന്നത്. എന്നിട്ടും അദ്ദേഹം ശൈത്യകാലത്തു പോലും സൈക്കിളിൽ സുബ്ഹി നമസ്കരിക്കാൻ എത്താറുണ്ടായിരുന്നു. ചന്ദ കൃത്യമായി കൊടുക്കാറുണ്ടായിരുന്നു. വഫാത്തിനു ഏതാനും

ശേഷം പേജ് 11ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin